2011

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം


# മലങ്കരസഭ

മെയ്

M A L A N K A R A S A B H A

Rs. 15





# FATHER MATHEWS COLLEGE OF NURSING

5/1, HMT Main Road, Near HMT Stadum, Jalahalli, Bangalore- 560 013






Rev. V.I. Mathews - Cor-Episcopa
Chairman - Mob: 09342489889

## Admission Started

For 2011-2012 Batch

# B.Sc. Nursing

(Girls Only)

**Approved by INC & KNC, Govt. of Karnataka & Rajiv Gandhi University of Health Sciences**

**Dr. Renji Isaac Mathews**
**Secretary Mobile: 09341229030**


### Features:

- Excellent coaching by well trained teachers
- Best result in the University
  - 2005-09 Batch (4th year) 100% Pass
  - 2006-10 Batch (3rd year) 100% Pass
  - 2007 -11 Batch (2nd year) 97% Pass
- Hostel in the same campus
- Kerala Food
- Safety and security guarantied
- Multi speciality parent hospital - Father Mathews Shiridi Sai Hospital -150 bedded with ICU, dialysis etc.,
- Campus interview & placement service available

**No Donation**
**Bank Loan Facility Available**

www.fathermathewscollegeofnursing.com

ലക്കം 5,
പുസ്തകം 68
മെയ് 2011



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

## അകത്താളുകൾ

CONTENTS

Nuclear 8 ആണവ ഊർജ്ജം...
-ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

Nuclear 10 ആണവ നിലയങ്ങൾ
ഡോ. ജോർജ് വർഗീസ് കൊപ്പാറ

From Our Church 24 വെല്ലുവിളികളെ വെല്ലുന്ന വ്യക്തിത്വം
ഡോ. പി. എം. മാത്യു, വെല്ലൂർ

6 എഡിറ്റോറിയൽ
ആകാശങ്ങൾ ദൈവത്തിന്റെ....
- ഡോ. സഖറിയാസ് മാർ അപ്രേം

5 മഹാപുരോഹിത സന്ദേശം

12 Nuclear
ആണവത്തിൽ നിന്നും അനുരഞ്ജന...
- ഫാ. വിൽസൺ മാത്യു, ബേസിൽ ദയറ

14 In the Church
ആരാധനയിൽ വീണ്ടെടുക്കപ്പെടേണ്ടവ
- ജോസ് കുര്യൻ, പുളിയേരിൽ

16 Bible translation
പരിഭാഷകൻ ഫീലിപ്പോസ് റമ്പാൻ തന്നെ
- ഡോ. എം. കുര്യൻ തോമസ്

20 Grace
തേജസ്സ് എന്ന വസ്ത്രം
- പി. കെ. മാത്യു, അയ്മനം

30 Ecumenical
സമന്വയ പാതയിൽ പുതിയ ചുവടു...
- ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

18 Auto Biography
മാർ ഒസ്താത്തിയോസ്

**സ്ഥിരം പംക്തികൾ**
ധ്യാനപംക്തി, വനിതാസഭ, ബുദ്ധിമാൻ, യുവജനം, കൈക്കുടന്ന
സമ്യഗ് ദർശനം, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

*പ്രസിഡന്റ്*
സഖറിയ മാർ അന്തോനിയോസ്
Phone: 0474 - 2743535

*ചീഫ് എഡിറ്റർ*
ഡോ. സഖറിയ മാർ അപ്രേം
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*ഓഫീസ് മാനേജർ*
ഫാ. അലക്സി മാത്യൂസ്
Mob:- 9946668911

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

EDITORIAL BOARD

*Cover Design & Layout:-*
Jinto Kurichy at
**Malankara Sabha, Devalokam.**

**വരിസംഖ്യ**

| | |
|---|---|
| **ഇന്ത്യയിൽ** | |
| ഒറ്റപ്രതി | : 15 രൂപ |
| ഒരുവർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| **വിദേശത്തേക്ക്** | |
| ഒരു വർഷം | : 1500 രൂപ |

## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
**(പ്രസിഡന്റ്, മലങ്കരസഭ)**



# എത്ര ഭൂമി വേണം?

**സാ**ർ ചക്രവർത്തിമാരുടെ ഭരണകാലം.

ലോകത്തിലെ ഏറ്റവും വിസ്തൃതമായ രാജ്യങ്ങളിലൊന്നാണ് റഷ്യ എന്നോർക്കുക. ലോക കരയുടെ മൂന്നിലൊരുഭാഗം. ഒരറ്റം മുതൽ മറ്റേയറ്റം വരെ സഞ്ചരിക്കാൻ 11 മണിക്കൂർ ഏകദേശം. സൈബീരിയപോലെ ജനസാന്ദ്രത കുറഞ്ഞ സ്ഥലങ്ങളും...

ഒരാൾക്ക് ഭൂമി ദാനമായി വാഗ്ദാനം ചെയ്യപ്പെട്ടു. എത്രയെന്നോ, അയാൾക്ക് ഓടി എത്താവുന്നതിനത്രയും.

രാവിലെ മുതൽ സന്ധ്യവരെ ഓടി മടങ്ങിയെത്തണം. അത്രയും ചുറ്റളവു ഭൂമി അയാൾക്കു സ്വന്തം.

അയാൾ രാവിലെ ഒരേ ദിശയിൽ വേഗത്തിൽ നടന്നു. പിന്നെ ഓട്ടമായി ഉച്ചവരെ... തൃപ്തി വരാതെ അതേ ദിശയിൽ വീണ്ടും ഓടി. പിന്നീട് ഒരു വിസ്തൃതി മനസ്സിൽ സങ്കല്പിച്ചുകൊണ്ട് തിരികെ ഓടാൻ തുടങ്ങി.

തുടങ്ങിയ സ്ഥലം വളരെ ദൂരെയാണ്. വളരെ ഉത്സാഹിച്ച് ഓടിയെങ്കിൽ മാത്രമേ നിർദ്ദിഷ്ട സ്ഥാനത്ത് എത്തിച്ചേരുവാൻ സാധിക്കുകയുള്ളു.

സൂര്യൻ ചാഞ്ഞു തുടങ്ങി. അയാൾ ഓട്ടത്തിന്റെ വേഗത വർദ്ധിപ്പിച്ചു. ഒന്നുമില്ലാതിരിക്കുന്ന തനിക്ക് ലഭിക്കുവാൻ പോകുന്ന വിശാലമായ ഭൂമിയുടെ ചിന്ത അയാളെ ഉലച്ചു.

വൈകുന്നേരം സൂര്യൻ രശ്മികളെ പിൻവലിച്ചു തുടങ്ങി. അയാൾക്ക് ഒരല്പം പരിഭ്രാന്തി തോന്നി. തുടങ്ങിയയിടം വളരെ ദൂരെയാണ്. വളരെപ്പെട്ടെന്ന് ഓടിയെങ്കിൽ മാത്രമേ ഭൂമി സ്വന്തമാക്കാൻ കഴിയൂ. അയാൾ സർവ്വശക്തിയും സംഭരിച്ചു ഓടിത്തുടങ്ങി...

സൂര്യൻ ചക്രവാള സീമയിൽ എത്താറായി. അതിനർത്ഥം സന്ധ്യയായി എന്ന്.

സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് തുടങ്ങിയ സ്ഥലത്ത് എത്തിചേർന്നെങ്കിൽ മാത്രമേ തനിക്ക് ഭൂമി ലഭിക്കൂ. അയാൾ പരിഭ്രാന്തിയോടെ ചുറ്റും നോക്കി. വിയർപ്പ് കണങ്ങൾ ചാലുകളായി രൂപപ്പെട്ടു. അയാളുടെ വസ്ത്രം മുഴുവൻ വിയർപ്പിൽ കുളിച്ചു.

സൂര്യൻ പകുതി ചക്രവാളത്തിലിറങ്ങി ഇനിയൊരല്പ നിമിഷത്തിനുള്ളിൽ ഇരവിന്റെ നിറം ഭൂമിയെ മൂടും. അതിനു മുമ്പ് തുടങ്ങിയ സ്ഥലത്ത് എത്തിയില്ലെങ്കിൽ തന്റെ ഭൂമി നഷ്ടമാകും. അയാൾ അതിശീഘ്രം സർവ്വ പ്രാണനും വഹിച്ചുകൊണ്ട് ഓടി. രാവിലെ മുതൽ തുടങ്ങിയ ഓട്ടത്തിൽ അയാളുടെ കാലുകൾ വിറയ്ക്കുന്നുണ്ട്. ശരീരം തളരുന്നുണ്ട്. പക്ഷേ... തന്റെ ഭൂമി.

ഒടുവിൻ അയാൾ കൃത്യസ്ഥാനത്തെത്തി തളർന്നു വീണു പരലോകം പൂകി. ദേശവാസികൾ അയാളുടെ ശരീരം ആറടി മണ്ണിൽ കുഴിച്ചിട്ടു.

ഒരാൾക്ക് എത്ര ഭൂമിവേണം.

വെറും ആറടി പോരെ?

*അവലംബം ടോൾ സ്റ്റോയി*

# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളെ,

പ. സഭയെ സംബന്ധിച്ചിടത്തോളം നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപുമുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ദിനങ്ങൾ സവിശേഷ ശ്രദ്ധ നൽകി ആത്മീയ പുതുക്കത്തിനുവേണ്ടി അധ്വാനം തുടരേണ്ട കാലഘട്ടമാണല്ലോ. രക്ഷകന്റെ ഉയിർത്തെഴുന്നേൽപ് പ. ശിഷ്യന്മാർക്ക് വിശ്വാസ സ്ഥിരത പകർന്ന അനുഭവമായിരുന്നു. തങ്ങളുടെ ഗുരുവും നേതാവും ഉപദേഷ്ടാവും രക്ഷകനും കർത്താവും ഒക്കെയായി മാംസ ശരീരത്തോടെ എല്ലായ്പോഴും തങ്ങളോടുകൂടി ജീവിച്ചവനായ യേശുതമ്പുരാന്റെ ഉയിർത്തെഴുന്നേൽപിനുശേഷം തന്റെ ദൈവത്വം ശിഷ്യന്മാർക്ക് പൂർണ്ണമായി ബോധ്യപ്പെട്ടു. യേശുതമ്പുരാൻ മാനുഷികമായ മതിലുകൾക്ക് അതീതനാണെന്ന് ശിഷ്യന്മാർ അനുഭവിച്ചറിഞ്ഞു. ഉയിർപ്പുമുതൽ സ്വർഗ്ഗാരോഹണം വരെയുള്ള നാളുകളിൽ പല തവണ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടവനായ യേശുതമ്പുരാൻ തന്റെ പരസ്യശുശ്രൂഷയുടെ പൂർത്തീകരണമെന്നോണം ദൈവരാജ്യത്തിന്റെ ദൗത്യനിർവ്വഹണത്തിന് മർമ്മപ്രധാനമായ ചുമതലകൾ അവരെ ഏൽപിക്കുന്നതായി തിരുവചനത്തിൽ നാം കാണുന്നു.

ഉയിർത്തെഴുന്നേറ്റ കർത്താവിനെ പലതവണ ദർശിച്ച ശിഷ്യന്മാർക്ക് അവരുടെ ഉള്ളിലെ സംശയങ്ങളെല്ലാം ദൂരീകൃതമായി. ''അവൻ കഷ്ടമനുഭവിച്ചശേഷം നാൽപത് നാളോളം അവർക്ക് പ്രത്യക്ഷനായി ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് താൻ ജീവിച്ചിരിക്കുന്നു എന്ന് അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്ക് കാണിച്ചുകൊടുത്തു''. (അ. പ്ര. 1:2-3) കർത്താവിന്റെ ഉയിർപ്പ് നമ്മുടെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമായി തീർന്നിട്ടില്ലെങ്കിൽ നമ്മുടെ ജീവിതം വ്യർത്ഥമാണ്. രക്ഷകന്റെ ഉയിർപ്പ് ഒരു ചരിത്രസത്യമാണ്. ഉയിർത്തെഴുന്നറ്റ കർത്താവ് നമ്മുടെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമായിത്തീരണം. ശിഷ്യന്മാരെപ്പോലെ നാമും പലപ്പോഴും ഭയസംഭ്രമങ്ങൾക്കധീനരാകാറില്ലേ?. സ്വന്തകാര്യങ്ങൾക്കായി ഏത് ത്യാഗവും സഹിക്കുവാൻ തയ്യാറാകുന്ന നാം കർത്താവിനുവേണ്ടി അൽപം പോലും ത്യാഗം അനുഷ്ഠിക്കാൻ പലപ്പോഴും തയ്യാറാകുന്നില്ല. യേശുതമ്പുരാനുവേണ്ടി സ്വന്തം ജീവനെ ബലിയർപ്പിച്ച ശിഷ്യന്മാരെ മാതൃകയാക്കുവാൻ നമുക്ക് സാധിക്കണം.

പ. സഭയിലെ ഓരോ വ്യക്തിയും ക്രിസ്തുവിനാൽ അയക്കപ്പെട്ട ഓരോ അപ്പോസ്തലൻ ആണ്. അതായത് നാമെല്ലാവരും മശിഹാ തമ്പുരാനുവേണ്ടി പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടവരാണ്. സ്വന്തം കാര്യങ്ങൾക്ക് വേണ്ടി സമയവും സമ്പത്തും വിഭവശേഷിയും എത്രവേണമെങ്കിലും വിനിയോഗിക്കുവാൻ തയ്യാറാകുന്ന നാം നമ്മുടെ രക്ഷകനുവേണ്ടി എന്തുചെയ്യുവാൻ സാധിച്ചു എന്ന് സ്വയം ചിന്തിക്കാം. ക്രിസ്തുവിന്റെ ഉത്തമസാക്ഷികളായി ജീവിക്കുവാൻ നമുക്ക് സാധിക്കണം. അതായത് യേശു ക്രിസ്തുവിനെ പ്രതിബിംബിപ്പിക്കുന്ന കണ്ണാടിയായി ഓരോ ക്രിസ്ത്യാനിയും തീരണം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനുവേണ്ടി ജീവനെ നൽകുവാനും, പ്രവർത്തിയിലൂടെ ക്രിസ്തുവിനെ സാക്ഷിക്കുവാനും കഴിയുന്ന ഉത്തമ ക്രിസ്ത്യാനികളായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം.

ലോകമെങ്ങും വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആചരിക്കുന്ന സമയമാണല്ലോ ഇത്. സഹദാ എന്നാൽ സാക്ഷ്യം നൽകുന്നവൻ എന്നാണർത്ഥം. നമ്മുടെ കർത്താവിനാൽ ദൈവത്തിന്റെ പരിശുദ്ധാത്മ നിറവ് പ്രാപിച്ച് സ്വന്തം ജീവിതംകൊണ്ട് കർത്താവിനെ സാക്ഷിച്ച മാർ ഗീവർഗീസ് സഹദാ നമ്മുടെ ക്രിസ്തീയ ജീവിതത്തിന് എന്നും പ്രചോദനമാവട്ടെ.

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

from the DESK

എഡിറ്റോറിയൽ



# ആകാശങ്ങൾ
# ദൈവത്തിന്റെ മഹത്വത്തെ...

**എ**ബ്രായ കാവ്യ പാരമ്പര്യം പ്രപഞ്ചമനോഹാരിതയെ വർണ്ണിക്കുന്ന അതിശ്രേഷ്ഠമായ വരികളാണ്

*ആകാശങ്ങൾ ദൈവത്വത്തിന്റെ മഹത്വത്തെ അറിയിക്കുന്നു,*
*ആകാശത്തട്ട് അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു*

(സങ്കീർത്തന വാക്യങ്ങൾ 19:1). പ്രപഞ്ചം അഥവാ സൃഷ്ടി സർവ്വേശ്വരനായ സൃഷ്ടാവിന്റെ സൗന്ദര്യത്തിന്റെ പ്രതിഫലനമാണ്. ശ്രേഷ്ഠനായ ആ വലിയ കലാകാരന്റെ സൗന്ദര്യബോധത്തിന്റെ ദൃശ്യാവിഷ്കാരമാണ് ജീവൻ തുളുമ്പി നിൽക്കുന്ന ഈ ദിവ്യപ്രപഞ്ചം. പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യം 'പ്രപഞ്ചം', 'പ്രകൃതി' എന്നീ സംജ്ഞകളേക്കാൾ ഏറെ ദൈവശാസ്ത്ര പിൻബലത്തോടെ ഇഷ്ടപ്പെടുന്ന പദം ' സൃഷ്ടി' എന്നതാണ്. അനാദിയായി നിലനിന്നുവരുന്ന ഒരു പ്രാഗ് രൂപത്തിൽ നിന്നും ഉരുത്തിരിഞ്ഞതല്ല ഈ കാണുന്ന പ്രപഞ്ചം; മോഹനീയമായ ഈ സൃഷ്ടി പൂർണ്ണമായും സർവ്വശക്തനായ ദൈവത്തിന്റെ കരവിരുതാണ്; സ്നേഹ കേന്ദ്രീകൃതമായ ദൈവ സൗന്ദര്യത്തിന്റെ പ്രതിഫലനമാണ് സൃഷ്ടി എന്നു സാരം.

പ്രപഞ്ചമെന്ന ഈ മഹാത്ഭുതത്തിന്റെ സൗന്ദര്യം സർവ്വശക്തൻ അതിൽ നിക്ഷേപിച്ചിരിക്കുന്ന സമൃദ്ധിയായ ജീവനാണ്. അനന്തമായ സാധ്യതകളാണ് ജീവന്റെ നിക്ഷേപത്തോടുകൂടി സൃഷ്ടിക്ക് നൽകിയത്. ഈ നിക്ഷേപം വർദ്ധിപ്പിച്ച് സൃഷ്ടിയുടെ സമസ്ത തലങ്ങളിലും ജീവന്റെ സമൃദ്ധി അനുഭവവേദ്യമാക്കാനുള്ള ചുമതല സൃഷ്ടിയിലെ 'ദൈവസാദൃശ്യവും സ്വരൂപവുമായ' മനുഷ്യനിൽ നിഷിപ്തമാണ് 'തോട്ടം കാക്കുകയും വേലചെയ്യുകയ്യുമെന്ന' പദ്ധതിയുടെ പിറകിലെ ഉദ്ദേശ്യവും ഇതുതന്നെയാണ്. മനോഹരമായ ഈ പ്രപഞ്ചത്തിന്റെ ആരോഗ്യകരമായ സംരക്ഷണം എന്നതാണ് ഓരോ മനുഷ്യന്റെയും അനിഷേധ്യമായ ധർമ്മം.

എബ്രായ - ക്രൈസ്തവ ആദ്ധ്യാത്മിക പാരമ്പര്യത്തിൽ അതിശക്തമായി ചർച്ചചെയ്യപ്പെട്ടിട്ടുള്ള വിഷയമാണ് പ്രപഞ്ച പരിപാലനവും അദ്ധ്യത്മിക ജീവിതവും. സൃഷ്ടിക്ക് ( പ്രപഞ്ചത്തിന്) ഏൽക്കുന്ന ഓരോ മുറിവും ' സമൃദ്ധിയ ജീവന്' എതിരെയുള്ള വെല്ലുവിളിയാണ്. സൃഷ്ടിയുടെ സമഗ്രതയ്ക്കും,

അഭ്യുന്നതിക്കും എതിരെയുള്ള ഏതു പ്രവർത്തനവും തിന്മയാണ്, പാപമാണ്. അധർമ്മം പെരുകുമ്പോൾ ഒരുപക്ഷേ അധികം വേദനിക്കുന്നത് പ്രപഞ്ചമായിരിക്കും. അതിനാൽ "ദൈവപുത്രന്മാരുടെ വെളിപാടിനായി സൃഷ്ടി ആകാംഷയോടെ കാത്തിരിക്കുകയാണ്" (റോമ. 8:19)

ഭാരതിയ ചിന്തയിലെ ഓരോ പാരമ്പര്യവും, പ്രപഞ്ചവും ദൈവവും തമ്മിലുള്ള ബന്ധം വിവിധ അർത്ഥതലങ്ങളിലാണ് ചിത്രീകരിക്കുന്നത്. വേദപാരമ്പര്യത്തിൽ ഭൂമി ആരാധ്യയാണ്. അഥർവ്വവേദത്തിലെ 'ഭൂമിസൂക്തം' ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ള വർണ്ണനയാണ്. ദർശനപാരമ്പര്യത്തിലും വിവിധ രീതികളിൽ പ്രപഞ്ചം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്. വേദാന്തപാരമ്പര്യത്തിലെ 'അദ്വൈത ചിന്ത' ബ്രഹ്മശക്തിയുടെ പ്രതിഫലനമായി പ്രപഞ്ചത്തെ കാണുമ്പോൾ ( 'ജഗത് മിഥ്യ' എന്ന പ്രയോഗം ഏറെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു) വിശിഷ്ഠാദ്വൈതം പ്രപഞ്ചത്തെ ബ്രഹ്മ ശരീരമായി ചിത്രീകരിക്കുന്നു. ഭക്തി പാരമ്പര്യത്തിൽ ഭൂമി ദേവി രൂപമാണ്. ജീവന്റെ തുടിപ്പും നിലനിൽപ്പും പ്രപഞ്ചത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന ചിന്ത സനാതന സത്യമായാണ് ഭാരതീയ പൈതൃകം വിലയിരുത്തുന്നത്. ഭൂമിക്ക് അഥവാ പ്രപഞ്ചത്തിന് നേരിടുന്ന ഓരോ ഭീഷണിയും ജീവന്റെ നിലനിൽപ്പിന് ഭീഷണിയാണെന്നു എല്ലാ പാരമ്പര്യങ്ങളും സമ്മതിക്കുന്നു.


'ജീവനും','വികസനവും' ഒരു പരിധി വരെ ഇന്ന് പരസ്പര വിരുദ്ധമായ സംജ്ഞകളായാണോ ചിത്രീകരിക്കപ്പെടുന്നതെന്ന് ഉൾക്കിടിലത്തോടെ ചിന്തിച്ചുപോകാറുണ്ട്? ശാസ്ത്രീയമായ നിരീക്ഷണപരീക്ഷണവും, സാങ്കേതികമേഖലയിലെ അനിതരസാധാരണമായ മികവും ജീവനെ താങ്ങിനിർത്തുന്നതിനും, സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണെങ്കിലും പ്രായോഗികതലത്തിൽ ഇടയ്ക്കിടയ്ക്ക് ഈ ധാരണയ്ക്ക് ഭംഗം വരുന്നുവെന്ന് പറയാതെ വയ്യ. കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലും, ഈ നൂറ്റാണ്ടിന്റെ ആദ്യ ഭാഗത്തിൽ തന്നെയും സംഭവിച്ച ആണവോർജ്ജ ദുരന്തങ്ങൾ അതിഭയാനകമായ സൂചനകളാണ് നൽകുന്നത്. ഊർജ്ജത്തിന്റെ ശ്രദ്ധയോടുകൂടിയതും ഫലപ്രദവുമായ വിനിയോഗം സംബന്ധിച്ച് ലോകസമൂഹം ശക്തമായ തീരുമാനങ്ങളും രൂപരേഖകളും കൈക്കൊള്ളേണ്ടിയിരിക്കുന്നു. ഊർജ്ജത്തെ നിർമ്മിക്കാനോ, നശിപ്പിക്കാനോ സാധ്യമല്ല എന്ന ഐൻസ്റ്റീനിയൻ സിദ്ധാന്തം മുറുകെ പിടിക്കുമ്പോൾ തന്നെ ഊർജ്ജത്തിന് സൃഷ്ടിയേയും, ജീവനേയും നശിപ്പിക്കാനും ഉന്മൂലനം ചെയ്യാനും കഴിയും എന്ന സത്യം വിസ്മരിച്ചുകൂടാ. ഊർജ്ജ പ്രവാഹത്തിന്റെ പരിണാമവും, നിയന്ത്രണവും, വിനിയോഗവും, സമൃദ്ധിയായ ജീവന്റെ നിലനില്പിന് ഭീഷണിയാകുന്നില്ലന്ന് ഉറപ്പുവരുത്തുവാൻ മതവും ശാസ്ത്രവും ഭരണതന്ത്രജ്ഞരും ഏറെ പ്രതിജ്ഞാബദ്ധരാണെന്ന് സമ്മതിക്കുവാൻ ഇനിയും അമാന്തിച്ചുകൂടാ!

**ഡോ. സഖറിയാസ് അപ്രേം മെത്രാപ്പോലീത്താ**

■

EDITORIAL

ഗുരുമൊഴി



**നമ്മെ സൃഷ്ടിച്ചവൻ തനിക്കിഷ്ടമുള്ളതുപോലെ നമ്മോട് പ്രവർത്തിക്കും. അതിനെ ചോദ്യം ചെയ്യാൻ നമുക്കവകാശമില്ല. അവൻ ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യും. ഒപ്പം നാമറിയാതെ നമ്മെ അവന്റെ കരങ്ങളിൽ വഹിച്ചു കൊണ്ടിരിക്കുന്നു. ഈ വിശ്വാസമാണ് ക്രിസ്ത്യാനിയെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്നത്**

***– അബ്ബാ അന്തോണിയോസ്***







**ആധുനിക ലോകം അഭിമുഖീകരിക്കുന്ന ആണവ പ്രശ്നങ്ങളെ പതിറ്റാണ്ടുകൾക്ക് മുമ്പ് വിശകലനം ചെയ്ത ശാസ്ത്രീയ ലേഖനം വിശ്വമാനവികനായ കാലം ചെയ്ത ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ തൂലികയിൽ നിന്ന്**

# ആണവ ഊർജ്ജം ഭൂമിയുടെ അന്തകനാകുന്നു

## പുതിയ ഊർജ്ജ സ്രോതസുകൾ

ന്യൂക്ലിയർ ടെക്നോളജികൊണ്ട് പുതിയതരം ഊർജ്ജം സൃഷ്ടിക്കുവാൻ ധനവും സമയവും വ്യയം ചെയ്യാതെ, മേല്പറഞ്ഞ മേഖലകളെ കാര്യമായ ഗവേഷണത്തിനു വിധേയമാക്കണം. പ്രശസ്തഗവേഷണമേഖലകളിൽ നാം ഒരുപാടു പരാജയങ്ങൾ ഏറ്റുവാങ്ങിയെന്നത് നേര്. തരംഗോർജം സംഭരിക്കാനുള്ള വലിയൊരു ഉപകരണം പാതിരാമണലിൽ സ്ഥാപിക്കാൻ കൊണ്ടുപോയിയെന്നും പ്രസ്തുത ഉപകരണം ഇപ്പോഴും പ്രവർത്തനരഹിതമായി അവിടെ കിടപ്പുണ്ടെന്നും നമുക്കറിയാം. കാറ്റിൽ നിന്ന് ഊർജ്ജമുണ്ടാക്കാനുള്ള മാർഗ്ഗവും പരീക്ഷിച്ചു നോക്കാതിരുന്നില്ല. അതിന്റെയും കലാശം പരാജയത്തിൽ തന്നെയായിരുന്നു. നമ്മുടെ പരീക്ഷണ പദ്ധതികളെല്ലാം ഇവ്വിധം അനാഥമായിപ്പോവുകയാണു പതിവ്. അപ്പോൾ ഈ മേഖലയിൽ പൂർവോപരി ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഇവ സർക്കാരിനെ ഏല്പിച്ചിട്ടു കാര്യമില്ല. ഈ രംഗത്ത് ഇതര കോർപറേഷനുകളെയും മറ്റും പ്രോത്സാഹിപ്പിക്കുകയും ഇമ്മാതിരി ബദൽ സംവിധാനങ്ങൾക്കായി കൂടുതൽ മൂലധനം മുടക്കുകയും പരീക്ഷണ പരിപാടികൾ സർക്കാർ നിയന്ത്രണത്തിലുള്ള മറ്റു മാർഗങ്ങളിലൂടെ നടത്തുകയും വേണം. വിഭവങ്ങൾ പാഴായിപ്പോകാതെ സൂക്ഷിക്കേണ്ടതു തികച്ചും പ്രാധാന്യമർഹിക്കുന്ന സംഗതിയാണ്.

1942 മുതൽ തുടർന്നു പോരുന്ന അണുവിസ്ഫോടനങ്ങൾ ഭൂമിയിലുളവാക്കിയ അണുപ്രസരണത്തിനു കൈയും കണക്കുമില്ല. ആണവ പരീക്ഷണങ്ങളെ നിരോധിക്കുന്ന നിയമമുണ്ടാക്കാതെ നിർവ്വാഹമില്ല. ആണവ ഗവേഷണത്തിന്റെ പേരിൽ വായുവിലും ഭൂഗർഭത്തിലുമൊക്കെ പരീക്ഷണം നടത്തി കണ്ടമാനം അണുപ്രസരണം വരുത്തി വയ്ക്കയാണു മനുഷ്യൻ. അർബുദം ദിനംപ്രതി വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് അണുപ്രസരണമാണ്.

## ആണവ ശൈത്യം

അതുപോലെ പഠനാർഹമായ മറ്റൊരു പ്രശ്നമാണ് 'ആണവ ശൈത്യം' ഇതും ആണവ പരീക്ഷണങ്ങളുണ്ടാക്കുന്ന അനർത്ഥങ്ങളിലൊന്നാണ്. 'ആണവ ശൈത്യം' കേവലമൊരു കെട്ടുകഥയല്ലെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ. അണുവായുധങ്ങൾ കുന്നുകൂടിക്കിടക്കുന്നിടത്തോളം കാലം നമ്മുടെ പരിസരം സുരക്ഷിതമാവാൻ പോകുന്നില്ല. കാരണം അവയുടെ സംഹാരശേഷി അത്രകണ്ട് ഭീകരമാണ്. സമാധാനപ്രശ്നങ്ങളും പരിസ്ഥിതി പ്രശ്നങ്ങളും അന്യോന്യ ബന്ധിതങ്ങളാണെന്നു ഞാൻ നേരത്തേ സൂചിപ്പിച്ചതിന്റെ പൊരുൾ ഇപ്പോൾ വ്യക്തമായെന്നു വിശ്വസിക്കുന്നു. അപ്പോൾ പരിസ്ഥിതി പ്രവർത്തകർ അണുവായുധങ്ങളെ പാടേ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കണം.

ആണവോർജത്തെ സമാധാനപരമായ മേഖലകളിൽ വിനിയോഗിക്കണമെന്നു പറഞ്ഞു കേൾക്കാറുണ്ട്. നമ്മുടെ നാട്ടിൽ അമ്മാതിരി ഒന്നുരണ്ടു പ്രോജക്ടുകൾക്കു തുടക്കം കുറിച്ചു കഴിഞ്ഞു. ഞാൻ ആ പ്രോജക്ടുകൾ സന്ദർശിക്കയും അവയുടെ ഭവിഷ്യത്തുകൾ ഒട്ടൊക്കെ കണ്ടറിയുകയും ചെയ്തിട്ടുണ്ട്. അവയൊന്നും നമുക്കു പറ്റിയതല്ല എന്നു തന്നെയാണ് എന്റെ പക്ഷം. റഷ്യയിലെ ചെർണോ



Nuclear

**ഒരു ന്യൂക്ലിയർ പ്ലാന്റ് പരമാവധി 25 കൊല്ലം ഉപയോഗ്യമായെങ്കിലായി. പിന്നെ അതിനെ കുഴിച്ചുമൂടാതെ നിർവാഹമില്ല. എത്രമാത്രം ചെലവേറിയ പ്രക്രിയയാണെന്നോ അത്?**

ബിലും അമേരിക്കയിലെ ത്രീമൈൽ ഐലന്റിലുമുണ്ടായ ആണവ വിപത്തുകളുടെ വെളിച്ചത്തിൽ, ആണവോർജ്ജം കൂടാതെ കഴിക്കാമെങ്കിൽ അതാണു അത്യുത്തമമെന്ന നിലപാടാണു ലോകരാഷ്ട്രങ്ങൾ പൊതുവേ കൈക്കൊണ്ടിരിക്കുന്നത്.

ന്യൂക്ലിയർ ടെക്നോളജി വഴി ഊർജം സംഭരിക്കുമ്പോഴുണ്ടാവുന്ന ഭവിഷ്യത്തുകൾ വളരെയേറെയാണ്. കാരണം അതിന്റെ ഇന്ധനചക്രം തന്നെ ആദ്യന്തം വിനാശകരമാണ്. യുറേനിയമോ തോറിയമോ ഖനനം ചെയ്തെടുത്തശേഷം അവശേഷിക്കുന്ന മൺത്തരികൾ പോലും അണുപ്രസരണമുള്ളതായിരിക്കും. അതു കഴുകിയെടുക്കുന്ന ജലത്തിൽ അണുപ്രസരണമേൽക്കുന്നു. അങ്ങനെ സർവ്വത്ര റേഡിയേഷനാണിതിന്റെ ഫലം. അവസാനം കുഴിച്ചുമൂടുന്ന അവശിഷ്ടങ്ങൾ വരെ അണുപ്രസരണ കാരണമാകുന്നു. ഇതിനു മതിയായ പ്രതിവിധി കണ്ടെത്താൻ ശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതു പരമാർത്ഥമാണ്. തത്സംബന്ധമായി ശാസ്ത്രജ്ഞന്മാർ പൊതുജനങ്ങളോടു പറയുന്ന കാര്യങ്ങൾ പച്ചക്കള്ളമാണെന്നും തീർച്ച. അതിനാൽ ഭാവിയിലെങ്കിലും ആണവോർജ്ജത്തെ കൈയ്യൊഴിക്കാൻ നോക്കുക. അതാണ് നമുക്കു കൈക്കൊള്ളാവുന്ന ബുദ്ധിപൂർവ്വമായ നിലപാട്.

## നഷ്ടപദ്ധതി

അമേരിക്കയിൽ 1980-നുശേഷം പുതിയ ന്യൂക്ലിയർ പ്ലാന്റുകളൊന്നും കമ്മീഷൻ ചെയ്തിട്ടില്ല. നേരേമറിച്ച് ബ്രിട്ടൺ, ഫ്രാൻസ് തുടങ്ങിയ വികസ്വരരാഷ്ട്രങ്ങളിൽ ഇതിനു നല്ല മാർക്കറ്റാണ്. ചെലവു കുറഞ്ഞ രീതിയിൽ നിർമ്മിച്ച് ഇതു വിറ്റഴിക്കാമെന്നാണ് അവരുടെ മനസ്സിലിരിപ്പ്. ഏതായാലും, തികച്ചും അപകടപൂർണ്ണമായ ഈ ടെക്നോളജി കൈകാര്യം ചെയ്യാനുള്ള ശേഷിയോ പരിപക്വമോ നമുക്കു കൈവന്നിട്ടില്ല. ഒരു ന്യൂക്ലിയർ പ്ലാന്റ് പരമാവധി 25 കൊല്ലം ഉപയോഗ്യമായെങ്കിലായി. പിന്നെ അതിനെ കുഴിച്ചുമൂടാതെ നിർവാഹമില്ല. എത്രമാത്രം ചെലവേറിയ പ്രക്രിയയാണെന്നോ അത്? അപ്പോൾ മൊത്തം ചെലവു കണക്കിലെടുത്താൽ ഈ പദ്ധതി തീർത്തും നഷ്ടത്തിൽ കലാശിക്കുകയേ ഉള്ളൂ.

ജൈവമാരകായുധങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണങ്ങളിൽ മുഴുകിയിരിക്കുകയാണു വൻകിട രാഷ്ട്രങ്ങൾ. മനുഷ്യനു രോഗമുണ്ടാക്കാൻ പോന്ന പലതരം ബാക്ടീരിയകളെ കൃത്രിമമായി സൃഷ്ടിക്കയും അവയുടെ യുദ്ധോപകരണങ്ങളായി ഉപയോഗിക്കുകയും ചെയ്യുകയാണ് ഈ യുദ്ധതന്ത്രത്തിന്റെ രീതി. ഇന്നു പടർന്നു പിടിച്ചിരിക്കുന്ന 'എയ്ഡ്സ്' എന്ന മാരകരോഗം മേല്പറഞ്ഞ ഗവേഷണത്തിന്റെ വിപൽ ഫലങ്ങളിലൊന്നാണ്. മനുഷ്യന്റെ പ്രതിരോധശേഷിയെ തരിപ്പണമാക്കാൻ പോന്ന ഒരുതരം ബാക്ടീരിയകളെ സൃഷ്ടിക്കുവാൻ ഗവേഷണങ്ങൾ നടക്കുന്നുണ്ടെന്നു മുപ്പതുവർഷം മുമ്പു തന്നെ ഒരു ശ്രുതി പരന്നിരുന്നു. ആ കേട്ടറിവു ശരിയായിരുന്നു താനും. പ്രസ്തുത ഗവേഷണം തകൃതിയായി നടക്കുന്നുണ്ടായിരുന്നു. അത്തരം ഗവേഷണശാലകളിൽ ഏതെങ്കിലുമൊന്നിൽനിന്ന് ഒരൊറ്റ ബാക്ടീരിയ പുറത്തു ചാടുകയേ വേണ്ടൂ എയ്ഡ്സ് പോലൊരു രോഗം ലോകമെമ്പാടും പടർന്നു പിടിക്കാൻ. പുതിയ ഇനം ബാക്ടീരിയായെ സൃഷ്ടിക്കുന്നത് ഏറ്റവും വിപത്കരമായ കൃത്യമാണ്.

കുറെ വർഷം മുമ്പ് അമേരിക്കയിൽ, ഭാരതീയനായ ശാസ്ത്രജ്ഞൻ, ആനന്ദവർമ്മ, ഓയിൽ ചിതറിയാൽ അതിനെ തിന്നുതീർക്കാൻ ശേഷിയുള്ള ഒരിനം ബാക്ടീരിയയെ കൃത്രിമമായി നിർമ്മിച്ചെടുത്തു. ഈ ബാക്ടീരിയ വല്ല ഓയിൽ റിസർവോയറിലും ചെന്നു പെട്ടാൽ എന്താവും ഗതി എന്നു ഞങ്ങളിൽ ചിലർ അന്ന് ആശങ്ക പ്രകടിപ്പിച്ചു.

അടിയിൽ ജലമുണ്ടെങ്കിലേ പ്രസ്തുത ബാക്ടീരിയ പ്രവർത്തനക്ഷമമാകൂ എന്നായിരുന്നു ഗവേഷകരുടെ മറുപടി. ഏതായാലും ആ മറുപടി അത്രകണ്ടു തൃപ്തികരമായി തോന്നിയില്ല. കാരണം, ബാക്ടീരിയയ്ക്ക് ഏത് അപരിചിത സാഹചര്യത്തിലും വളർന്നുവരുവാൻ കഴിയും. അപ്പോൾ കൃത്രിമ ബാക്ടീരിയകളും ജൈവ മാരകായുധങ്ങളും പരിസ്ഥിതിയെ തകിടം മറിക്കാൻ പോന്നവയാണ്. ഇവയ്ക്കെതിരെ നാം അതീവ ജാഗ്രത കൈക്കൊണ്ടേ പറ്റൂ.

മനുഷ്യരിൽ വിഷബാധയേൽപ്പിക്കുന്ന പാഴ്വസ്തുക്കൾ എവ്വിധം സംസ്കരിക്കണമെന്നതിനെപ്പറ്റി ആർക്കും ഒരെത്തും പിടിയുമില്ല. പല രാജ്യങ്ങളിൽ നിന്നുള്ള പാഴ്വസ്തുക്കൾ കയറ്റിയ കപ്പലുകൾ ഒരു തുറമുഖത്തും അടുപ്പിക്കാനാവാതെ ഒഴുകി നടക്കുന്നുണ്ട്. റേഡിയേഷൻ സൃഷ്ടിക്കുന്ന ഇമ്മാതിരി പാഴ്വസ്തുക്കൾ വാങ്ങിക്കാൻ ആരെങ്കിലും തയ്യാറാകുമോ? ഇത്തരം വിഷമയമായ പാഴ്വസ്തുക്കൾ സംസ്ക്കരിക്കാൻ മതിയായ സജ്ജീകരണങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

സമുദ്രത്തിന്റെ അടിത്തട്ട് വിഭവങ്ങളുടെ അക്ഷയ ഖനിയാണ്. വേണമെങ്കിൽ ന്യൂക്ലിയർ ആയുധങ്ങൾ പോലും അവിടെ നിക്ഷേപിക്കാമെത്രെ. അതിനെ ആയുധപ്പുരയായി മാറ്റാതെയും രാഷ്ട്രാന്തരീയ കുത്തകകളുടെ ചൂഷണോപാധിയാക്കാതെയും ഒരു പൊതുസ്വത്തായി സംരക്ഷിക്കണം.

(ദിവ്യബോധനം പഠന പദ്ധതിയായ DOCE ഗ്രന്ഥത്തിൽ നിന്നും)



Nuclear

ഡോ. ജോർജ് വർഗീസ്, കൊപ്പാറ

# ആണവ നിലയങ്ങൾ അനുപേക്ഷണീയമോ?

> *ബാഹ്യ ശക്തികളെ കൂടുതൽ ആശ്രയിക്കാതിരിക്കാൻ നാം മനസ്സിരുത്തേണ്ടത് അത്യാവശ്യമാണ്. അണുവിഘടന സാധ്യതയുള്ള വസ്തുക്കൾക്കായി മറ്റുള്ളവരെ കൂടുതലായി ആശ്രയിക്കുന്നത് വിദേശ നയത്തേയോ മറ്റ് നയ പരിപാടികളെയോ പുറമേ നിന്നുള്ളവർ സ്വാധീനിക്കുമെന്ന തിനാൽ നമുക്ക് ഹാനികരവുമാണ്.*
> *– ജവഹർലാൽ നെഹ്റു*

ആണവ ദുരന്തത്തിന്റെ ദുരിത നാളുകളെക്കുറിച്ച് ലോകമനസ്സാക്ഷിക്കു മുന്നിൽ പ്രതീകമായി നിന്ന ഹിരോഷിമയും, നാഗസാക്കിയും യുദ്ധവിരുദ്ധതയുടെ പ്രതീകങ്ങളായി മാത്രം ചുരുങ്ങുകയും ശാസ്ത്ര-സാമൂഹ്യ വികസനത്തിന് ആണവ നിലയങ്ങൾ അനിവാര്യമാണ് എന്ന ചിന്തയിലേക്ക് ലോകം മാറ്റപ്പെടുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് നാം. 'ബുദ്ധൻ ചിരിക്കുന്നത്' ആണവ വികസനത്തിനാണെന്ന പുതിയ ഭാഷ്യം ചമച്ച വർത്തമാനകാലം വികസന സ്വപ്നങ്ങൾക്കു മുമ്പിൽ വിനാശത്തിന്റെ ദുരിത പർവ്വതങ്ങളെ തിരിച്ചറിയാതെ പോകുന്നു. ഈ സാഹചര്യത്തിലാണ് ജപ്പാനിലെ ഫുകുഷിമ ആണവ ദുരന്തം ഒരു ചോദ്യ ചിഹ്നമായി അവതരിച്ചത്.

1886-ൽ ഏപ്രിൽ മാസത്തിൽ ഉക്രൈനിലെ ചെർനോബിൽ ഉണ്ടായ ആണവദുരന്തം മനുഷ്യ ജന്മങ്ങൾ ആടിയുലഞ്ഞ സന്ദർഭമായിരുന്നു. ഫുകുഷിമ ആണവ സമുച്ചയത്തിലുണ്ടായ ചോർച്ച പസഫിക്ക് കടന്ന് കാലിഫോർണിയയിൽ എത്തിയതായി റിപ്പോർട്ടുകൾ ഉണ്ട് ആയതിനാൽ ജപ്പാനിൽ നിന്നുള്ള, പച്ചക്കറികൾക്കും, പാലിനും, പാലുൽപ്പന്നങ്ങൾക്കും, ആട്, മാട് എന്നിവയുടെ മാംസത്തിനും അമേരിക്കയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്.

ആണവ റിയാക്ടറുകൾ നിയന്ത്രിത വിസ്ഫോടനം മൂലവും (Nuclear Fission) അണുവിഘടനം മൂലവും (Nuclear Fusion) ആണ് പ്രവർത്തിക്കുന്നത്. ഇപ്രകാരമുള്ള ഊർജ്ജം മൂലം ജലം തിളപ്പിച്ച് നീരാവിയാക്കുകയും, തന്മൂലം ടർബൈനെ കറക്കി വൈദ്യുതി ഉല്പാദിപ്പിക്കാൻ പ്രാപ്തമാക്കുകയും ചെയ്യും. താപ വൈദ്യുതി നിലയങ്ങളെയും, ഡീസൽ പ്ലാന്റുകളെയും അപേക്ഷിച്ച് കാർബൺ ബഹിർഗമനം കുറവുള്ള വൈദ്യുതി ഉല്പാദക പ്രക്രിയയാണ് ആണവ വൈദ്യുത നിലയങ്ങളുടേത്. ആയതുകൊണ്ടുതന്നെ ആഗോള താപനം നിയന്ത്രിക്കുന്നതോടൊപ്പം ഊർജ്ജോല്പാദനം കൂടുകയും ചെയ്യുന്നതിന് ലോകമെമ്പാടും ആണവ നിലയങ്ങൾ വ്യാപിപ്പിക്കണമെന്ന് പരക്കെ അഭിപ്രായപ്പെടുന്ന സാഹചര്യത്തിലാണ് ഫുകുഷിമ





യിലെ ദുരന്തം. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ വാട് അലിസൺന്റെ അഭിപ്രായത്തിൽ ആണവചോർച്ചയെ അത്രയധികം പർവ്വതീകരിക്കേണ്ടതില്ല എന്നാണ്. ഹിരോഷിമയിലും നാഗസാക്കിയിലും ഉണ്ടായതുപോലെ ഒരു വിസ്ഫോടനം ആണവനിലയങ്ങളിൽ നിന്ന് ഉണ്ടാകുവാനുള്ള സാദ്ധ്യത തീരെയില്ല എന്നാണ്. ആണവനിലയങ്ങൾക്ക് ആണവ ചോർച്ചയുണ്ടാകാതിരിക്കാനും, ഉണ്ടായാൽ ഫലപ്രദമായി തടയാനുമുള്ള മാർഗ്ഗങ്ങൾ ഇന്നു നിലവിലുണ്ട് എന്നദ്ദേഹം വാദിക്കുന്നു. വൈദ്യുതി ഉല്പാദനത്തിന് ആണവ നിലയങ്ങളെ ഒഴിച്ചു നിർത്തിയാലുണ്ടാകാവുന്ന ഭവിഷ്യത്ത് ചിന്തവ്യമല്ല എന്നദ്ദേഹം സമർത്ഥിക്കുന്നു. പെട്രോളിയം ഗ്യാസ് നിലയങ്ങളും ജലവൈദ്യുതി നിലയങ്ങളും ഇനിയും അധികം ആശ്രയിക്കാനാവും എന്നു തോന്നുന്നില്ല. കാരണം അവയുടെ സ്രോതസ്സുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. തിരമാലയിൽ നിന്നും, കാറ്റിൽ നിന്നും സൂര്യപ്രകാശത്തിൽ നിന്നുമുള്ള വൈദ്യുതോൽപാദനത്തിന് പരിമിതികൾ ഉണ്ട്. ആണവോർജ്ജംമൂലം ലോകത്ത് 14 ശതമാനം വൈദ്യുതി ഉല്പാദിക്കുന്നത്. 31 രാഷ്ട്രങ്ങളിലായി ഇന്ന് 221 റിയാക്ടറുകൾ പ്രവർത്തിക്കുന്നു. ഫ്രാൻസിൽ 80 ശതമാനം ഊർജ്ജവും ആണവ നിലയങ്ങളിൽ നിന്നാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. വികസിത രാജ്യങ്ങളിൽ ഇലക്ട്രിക് കാറുകളും മറ്റുവാഹനങ്ങളും ഓടുന്നത് ഈ വൈദ്യുതി ഉപയോഗിച്ചാണ്. ആർട്ടിക് പര്യവേഷണത്തിനും മറ്റും ആണവോർജ്ജം മൂലമോടിക്കുന്ന കപ്പലുകൾ റഷ്യയ്ക്കും അമേരിക്കയ്ക്കും ഉണ്ട്. ആണവ നിലയങ്ങളെപ്പറ്റിയുള്ള ആശങ്കയകറ്റുന്നതിനുവേണ്ട മുൻകരുതലുകൾ അമേരിക്കയെപ്പോലെയും മറ്റു വികസിത രാജ്യങ്ങളെപ്പോലെയും ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങൾക്കു നടപ്പാക്കാൻ കഴിയുമോ എന്നുള്ളതാണ് ചോദ്യം. യുദ്ധക്കൊതിപൂണ്ട് പാക്കിസ്ഥാനും ഉഗ്രവാദികളും ഒരു ഭാഗത്ത് നിലയുറപ്പിക്കുമ്പോൾ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ആണവ നിലയങ്ങൾ അനുപേക്ഷണീയമാണോ? ആണവ അവശിഷ്ടങ്ങൾ വേണ്ടവണ്ണം സംസ്ക്കരിക്കാതെ തള്ളുന്നുണ്ട്. ഉപയോഗം കഴിഞ്ഞ ഇന്ധനമാണ് ഏറ്റവും പ്രധാനപ്പെട്ട അവശിഷ്ടം പരിവർത്തനം സംഭവിക്കാതെ യുറേനിയവും, ട്രാൻസ് യുറാനിക് ആക്ടിനൈഡുകളുമാണ് അതിലുള്ളത്. 2000 മെഗാവാട്ട് ആണവനിലയം 57 ടൺ അവശിഷ്ടമാണ് പുറം തള്ളുന്നത്. സാധാരണ ഈ അവശിഷ്ടങ്ങൾ കോൺക്രീറ്റ്, സ്റ്റീൽ കണ്ടയ്നറുകളിലാണ് സൂക്ഷിക്കുന്നത്. അമേരിക്കയിൽ 500 മീറ്റർ ആഴത്തിൽ പാറ തുരന്ന് സൂക്ഷിക്കുവാൻ ശ്രമം നടത്തുന്നുണ്ട്. ഈ അവശിഷ്ടങ്ങൾ വീണ്ടും ഉപയോഗിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഫുകുഷിമയിൽ സിർക്കോണിയം ഉപയോഗിച്ചുള്ള കവചമാണ് ഉപയോഗിച്ചത്. അത് 1000 $^{o}C$ ആകുമ്പോൾ ഉരുകുകയും ഹൈഡ്രജൻ ഉല്പാദിപ്പിക്കുകയും ചെയ്യും. സമുദ്രജലം ഒഴുക്കിയാണ് റിയാക്ടറിലെ ഹൈഡ്രജന്റെ ഉല്പാദനം തടഞ്ഞത്. ഇങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ വൻ ദുരന്തത്തിന് മനുഷ്യരാശി സാക്ഷിയായേനെ.

ആണവ വികിരണം മനുഷ്യ ശരീരത്തിന്റെ ഘടന തന്നെ മാറ്റി മറിക്കുന്നതാണ്.

200 REM ആണവ വികരണമേറ്റാൽ, കുറഞ്ഞ സമ്മർദ്ദവും, രക്തം ഛർദ്ദിക്കുകയും, കണ്ണിനു കാഴ്ചക്കുറവ്, മുടികൊഴിച്ചിൽ എന്നിവ അനുഭവപ്പെടുകയും ചെയ്യും. 500 REM ൽ വികിരണമേറ്റാൽ ബ്രയിൻസെല്ലുകൽ, നാഡീകോശത്തിൽ എന്നിവയെ ബാധിച്ച് മരണം സംഭവിക്കുകയും കൂടുതൽ സമയം അധിക യൂണിറ്റ് വികിരണമേറ്റാൽ ക്യാൻസർ, അകാലവാർദ്ധക്യം, പ്രത്യുല്പാദന ശേഷിക്കുറവ്, നാഡീവ്യൂഹത്തകർച്ച എന്നിവ സംഭവിക്കാം. റേഡിയോ ആക്ടീവതയുള്ള അയഡിൻ (I) 131 മൂലം തൈറോയിഡ് ഗ്രന്ഥി നശിക്കും, സീനോൻ ($Xe^{133}$, $Xe^{135}$) ഐസോടോപ്പുകൾ, ക്രിപ്റ്റോൺ (Kr) 85 എന്നിവ രക്താർബ്ബുദത്തിനും കാരണമാകും. റഡോൺ (Rn) ശ്വാസകോശ ക്യാൻസർ ത്വരിതപ്പെടുത്തുന്നതാണ്. സ്ട്രോൺഷ്യം-90 (Sr) സ്തനാർബുദ ക്യാൻസർ, രക്താർബുദം, ബോൺ ക്യാൻസർ തുടങ്ങിയവയ്ക്ക് കാരണമാകും.

റേഡിയോ ആക്ടീവായ ധാതുക്കൾ കടലിനെയും കടൽ വിഭവങ്ങളെയും മലിനീകരിക്കും. 100 REM ൽ കൂടുതൽ വികിരണമേറ്റാൽ രക്തത്തിലെ ലിംഫോസൈറ്റുകൾ നശിക്കുകയും, ശരീരത്തിന്റെ പ്രതിരോധ ശക്തി കുറയുകയും ചെയ്യും. ഇതു 10 വർഷം തുടർന്നാൽ ലുക്കിമിയ, ലിംഫോമ എന്നീ രോഗങ്ങൾക്ക് കാരണമാകും. റേഡിയോ ആക്ടീവതയുള്ള സീഷ്യം (Cs) 137 നെ ഫലവർഗ്ഗങ്ങളും ചെടികളും ആഗിരണം ചെയ്യും. $Cs^{137}$ ക്യാൻസറിനു കാരണമാവുകയാണ്.

ഭക്ഷ്യവസ്തുക്കൾ കഴുകിയാലോ, പാകം ചെയ്താലോ വികിരണ ശേഷി നശിക്കുകയില്ല. ആണവ നിലയങ്ങളുടെ പൂർണ്ണമായ സുരക്ഷിതത്വത്തിന് ആണവ അവശിഷ്ടങ്ങളുടെ സമ്പൂർണ്ണ സംസ്കരണവും കൈവരിക്കാൻ പ്രയാസമുള്ളവയാണ്. എന്നാൽ ഇതുമൂലമുള്ള ഊർജ്ജം ലോകത്തിന് പൂർണ്ണമായും ഉപേക്ഷിക്കുവാനും സാദ്ധ്യമല്ല. അത് രാജ്യത്തിന്റെ വികസനത്തെ സാരമായി ബാധിക്കും.

സയൻസിന്റെ എല്ലാ കണ്ടുപിടിത്തങ്ങളിലും നന്മ-തിന്മയുടെ സങ്കലനം കാണാറുണ്ട്. തിന്മയെ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് നന്മയെ സ്വായത്തമാക്കുന്നതാണുത്തമം. പാരമ്പര്യേതര ഊർജ്ജം കൂടുതൽ ഉൽപാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യകൾ ഫലപ്രദമാക്കണം. ഭൂമിയുടെ മാഗ്നറ്റിക് എനർജിയെ കൂടെ വൈദ്യുതി ഉല്പാദനത്തിന് എങ്ങനെ ഉപയോഗിക്കുവാൻ കഴിയും എന്നതിന് കൂടുതൽ ഫലപ്രദമായ ഗവേഷണങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ആയതുകൊണ്ട് ആണവ നിലയങ്ങളുടെ നന്മ -തിന്മ കളുടെ ഒരു സന്തുലിതാവസ്ഥയാണ് ഇന്നിന്റെ ആവശ്യം. ഇന്ത്യയെപ്പോലെ ജനസാന്ദ്രതയുള്ള രാജ്യങ്ങളിൽ ആണവനിലയങ്ങളുടെ വ്യാപനം കരുതലോടെ വേണം പ്രാവർത്തികമാക്കാൻ. മനുഷ്യ ജീവനാണ് പ്രധാനമെന്നുള്ള തിരിച്ചറിവ് അധികാരികൾക്കുണ്ടാവണം.

*(പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പാളാണ് ലേഖകൻ)* ■

**സയൻസിന്റെ എല്ലാം കണ്ടുപിടിത്തങ്ങളിലും നന്മ–തിന്മയുടെ സങ്കലനം കാണാറുണ്ട്. തിന്മയെ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് നന്മയെ സ്വായത്തമാക്കുന്നതാണുത്തമം**

# ആണവത്തിൽ നിന്നും
## അനുരഞ്ജനത്തിലേക്ക്



**ഫാ. വിത്സൻ മാത്യു, ബേസിൽ ദയറ**

'ഭൂമി പൊടുപൊടെ പൊട്ടുന്നു, കിറുകിറെ കീറുന്നു' (യെശയ്യാ: 24:19), മൂലപദാർത്ഥങ്ങൾ വെന്തുരുകുന്ന അനുഭവം (2 പത്രോസ് 3:11) ആദിയായ വിശകലനങ്ങളിലൊക്കെ മനുഷ്യന്റെ പ്രവർത്തനങ്ങളോടുള്ള പ്രകൃതിയുടെ പ്രതിപ്രവർത്തനങ്ങളാണ് പ്രകടമാകുന്നത്. ദൈവം ഉറച്ച അടിസ്ഥാനത്തിന്മേലിട്ട ഭൂമിയെ കിടുക്കുവാൻ വെമ്പൽ കൊള്ളുന്ന തലമുറയാണ് ഇന്നിന്റെ ശാപം. 'മരുഭൂമിയെ ഉദ്യാനവും, ഉദ്യാനത്തെ വനവുമാക്കുന്ന' (യെശ. 32:15) ദൈവഹിതത്തോടുള്ള വിപരീതാത്മക പ്രവർത്തനമാണ്, ഉദ്യാനത്തെ മരുഭൂമിയും, വനത്തെ ചതുപ്പുമാക്കി മാറ്റുന്നത്. നിശ്ചിത അളവിലുള്ള ഊർജ്ജനിരകളോടു മാത്രമെ പരിതസ്ഥിതി ക്രീയാത്മകമായി പ്രതികരിയ്ക്കു. പരിസ്ഥിതിയ്ക്കിണങ്ങിയതും, സംരക്ഷണം നല്കുന്നവയ്ക്കും മാത്രമെ ദീർഘകാലാടിസ്ഥാനത്തിൽ പരിസ്ഥിതിയും സംരക്ഷണം നല്കൂ. അല്ലാത്തവയെ, അന്യപദാർത്ഥങ്ങളായി പുറന്തള്ളും. **'ഇരിപ്പിടം നല്കുന്നവന്റെ ഇരിപ്പിടം തകർക്കുന്ന തലത്തിലേക്ക്'** ആധുനീക സമൂഹം മാറ്റപ്പെട്ടു എന്നത് വ്യസനകരമാണ്.

**7 ക്രോധകലശം കൈകളിലേന്തിയ ദൂതന്മാർ: ആധുനികമനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധികളോ?**

ഭൂമിയിലും, സമുദ്രത്തിലും, നദികളിലും, നീരുറവകളിലും, സൂര്യനിലും, ആകാശത്തിലും ഒഴിയ്ക്കപ്പെട്ട ക്രോധകലശത്തെയും, ഒഴിച്ച ദൂതന്മാരെയും പറ്റി വെളിപാട് 16-ാം അദ്ധ്യായത്തിൽ കാണുന്നു. ദുർവ്രണങ്ങൾ, ജിവജാലങ്ങളുടെ നാശം, അന്ധകാരം, ആദിയായവ ഈ ക്രോധകലശങ്ങളുടെ തുടർചിത്രങ്ങളായിരുന്നു. **ആ ദൂതന്മാർ ബാക്കി വെച്ച 'ക്രോധകലശങ്ങളിലെ' അംശങ്ങൾ കൈകളിലേന്തിയവർ ആധുനിക കാലഘട്ടത്തിൽ അനേകരാണ്. അന്നൊഴിച്ച 'ക്രോധകലശ'ങ്ങളെക്കാൾ ഇന്നുള്ളവയ്ക്ക് വിര്യമേറെയാണ്. ഈ ക്രോധകലശങ്ങൾ കൈകളിലേന്തിയവരാണ് വിനാശകരങ്ങളായ ആയുധങ്ങളും, ആണവോർജ്ജവും നിലനില്പിന്റെ ഭാഗങ്ങളായി കരുതുന്നവർ.**

**ആകാശത്തു നിന്നിറങ്ങിയ തീയും, ഗന്ധകവും:**

ഉല്പത്തി 19:24ൽ, ദൈവം തീയും, ഗന്ധകവുമിറക്കി സോദോം, ഗൊമോറ എന്നീ പട്ടണങ്ങളെ നശിപ്പിച്ചതായി കാണുന്നു. ഇന്നും ആ പ്രദേശത്ത് പുല്ലുമുളയ്ക്കാതവണ്ണം, 'ചാവുകടലായി' ആ സ്ഥലങ്ങൾ മാറ്റപ്പെട്ടു. അന്ന്, തീയും, ഗന്ധകവും വിനാശകാരികളായി മനുഷ്യവർഗ്ഗത്തിന്റെ കൈവശം ഇല്ലായിരുന്നു. എന്നാൽ ഇന്ന് ആഗോളനാശം വരുത്തത്തക്ക രീതിയിലുള്ള ആണവശക്തി മനുഷ്യരിലുണ്ട്. ഇറക്കി നശിപ്പിയ്ക്കുന്നതിനുപകരം, മുകളിലേക്ക് കയറ്റി നശിപ്പിയ്ക്കുന്ന തലത്തിലേക്ക് ആധുനിക സമൂഹം മാറ്റപ്പെട്ടു. (വർഷിയ്ക്കപ്പെട്ട അണുബോംബുകൾ, രാസായുധങ്ങൾ ഉദാഹരണങ്ങൾ) തീയും ഗന്ധകവും പ്രയോജനപ്രദമെങ്കിലും, നിത്യനാശത്തിനും അത് വഴിതെളിച്ചു. **"ഉപയോഗമറിയാത്തവന്റെ കൈവശമുള്ള ഔഷധവും വിഷമായി പരിണമിയ്ക്കും'** എന്നചൊല്ല് അന്വർത്ഥമായിക്കൊണ്ടിരിയ്ക്കുന്നു.

**'കെടാത്തതീയും', 'ചാകാത്ത പുഴുവും': ആണവസംസ്കാരത്തിന്റെ പിന്തുടർച്ച**

ആണവോർജ്ജത്തിൽ നിന്നും സ്വാതന്ത്ര്യമാക്കപ്പെടുന്ന ഊർജ്ജനിരകളുടെ ചൂടും, കാഠിന്യവും, അണുവികിരണങ്ങളും തലമുറകളുടെ നാശത്തിന് വഴിതെളിയ്ക്കും. കൃത്രിമമായി സൃഷ്ടിയ്ക്കപ്പെടുന്നവയും, ആണവസ്രോതസ്സിൽ നിന്നും രൂപപ്പെടുന്നവയുമായ ചില ബാക്ടീരിയകൾ, വൈറസുകൾ ആദിയായവ സൃഷ്ടിയ്ക്കുന്ന പ്രതിപ്രവർത്തനങ്ങൾ ഭയാനകമാണ്. മാരകരോഗങ്ങൾ സൃഷ്ടിയ്ക്കുന്നവയും, പ്രതിരോധശേഷി തകർക്കുന്നവയുമായ 'ചാകാത്ത പുഴുക്കൾ'ക്കു പിന്നിൽ ഇത്തരത്തിലുള്ള 'ആണവസംസ്കാരത്തിന്റെ സ്വാധീനവുമുണ്ട് എന്നത് നാം വിസ്മരിയ്ക്കരുത്.

**ആണവശക്തി: 'മെരുങ്ങാത്ത വൻശക്തി'**

ഇയ്യോബ്: 39:10, 11 വാക്യങ്ങളിൽ, **"കാട്ടുപോത്തിനെ നിനക്ക് കയറിട്ട് ഉഴവിനു കൊണ്ടുപോകാമോ? അതു നിന്റെ പിന്നാലെ നിലം നിരത്തുമോ? അതിന്റെ ശക്തി വലുതാകയാൽ നീ അതിനെ വിശ്വസിയ്ക്കുമോ? നിന്റെ വേല നീ അതിന് ഭരമേല്പിച്ചു കൊടുക്കുമോ?"** എന്നു പറഞ്ഞിരിക്കുന്നു. മെരുങ്ങാത്ത കാട്ടുപോത്തിനെ, ഉഴവിനു കൊണ്ടുപോകുന്ന തലത്തിലേക്ക് സമൂഹം എത്തപ്പെട്ടിരിയ്ക്കുന്നു. കാട്ടുപോത്തിന്റെ ശക്തികണ്ട് മനക്കോട്ടകെട്ടുന്ന കർഷകനെ പോലെ നമ്മുടെ സമൂഹം ആയിരിയ്ക്കുന്നു. പലതിന്റെയും ശക്തികണ്ട്, കണ്ണഞ്ചുന്ന മനുഷ്യവർഗ്ഗം, ആണവോർജ്ജത്തിന്റെ പിന്നാലെയും കൂടിയിരിക്കുന്നു. എന്നാൽ **"അതിന്റെ ശക്തിവലുതാകയാൽ നീ അതിനെ വിശ്വസിയ്ക്കുമോ?"** എന്നചോദ്യം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും നമ്മെ സ്വാധീനിയ്ക്കണം.

"ആകാശത്തിൽ വെളിച്ചം ശോഭിയ്ക്കുന്നതു കാണുന്നില്ലെങ്കിലും, കാറ്റുകടന്ന് അതിനെ വെളിവാക്കുന്നു" (ഇയ്യോബ് 37:21) എന്നസ്വരം നമ്മുടെ ബുദ്ധിയിലും, ബോധമണ്ഡലത്തിലും വിശേണ്ട ഒരു 'കുളിർകാറ്റിന്റെ' അനുരണനം ഉയർത്തുന്നില്ലെ?

**ആണവോർജ്ജം: ക്രൈസ്തവ സമീപനം**

ഭോപ്പാലിലെ വാതകദുരന്തത്തിന്റെ ഭീകരസ്മരണ ഇന്നുവരെയും മാഞ്ഞിട്ടില്ല. ഇത്തരം ഒരു സമൂഹത്തിൽ ആണവോർജ്ജം പോലെ വിനാശകാരികളായവ എങ്ങനെ സുരക്ഷിതമായി സൂക്ഷിയ്ക്കും എന്നതാണ് ചോദ്യം. ഇതിന്റെ ഇരകൾ പലപ്പോഴും സമൂഹത്തിലെ താഴെത്തട്ടിലുള്ളവരായിരിയ്ക്കും. ഇത്തരം മേഖലകളിൽ ജോലിചെയ്യുന്നവരും, സമീപവാസികളും കൂടുതൽ പ്രയാസം നേരിടേണ്ടിവരും. ഇത് ധാർമ്മികതയ്ക്കെതിരാണ്. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി, പതിറ്റാണ്ടുകൾക്കുമുമ്പ്, ആണവോർജ്ജനിലയങ്ങൾ സൃഷ്ടിയ്ക്കുന്ന ഭീകരതയെപ്പറ്റി മുന്നറിയിപ്പു നല്കിയിരുന്നു. **'ആണവശൈത്യം'** എന്നൊരു പദം തന്നെ അദ്ദേഹം അതിന് ഉപയോഗിച്ചിരുന്നു. (പരിസ്ഥിതിയും, ആദ്ധ്യാത്മികതയും' ലേഖനം) **ഇരുളിലും, അന്ധതമസ്സിലുമിരുന്നവർക്ക് യേശുവിന്റെ ജനനം വെളിച്ചമായി ഉദിച്ചെങ്കിൽ, കണ്ണടച്ചിരുട്ടാക്കുന്നവർക്കും, അല്പവെളിച്ചം ഊതിക്കെടുത്തുന്നവർക്കും ക്രൈസ്തവസാക്ഷ്യം തിരുത്തൽ ശക്തിയായി വർത്തിയ്ക്കണം. അല്പകാലത്തെ ലാഭത്തെയും, ദീർഘകാലത്തെ വിനാശത്തെയും തമ്മിൽ വ്യക്തമായ പഠനത്തിന് വിധേയമാക്കണം.** 'ഭൂമിയുടെ മുഖത്തെ പുതുക്കുന്ന' (സങ്കീ. 104:30) ദൈവസ്വരവും, സാന്നിദ്ധ്യവും, സ്പർശനവും സംവേദനവിധേയമാക്കണം. പുതുക്കാനുള്ള പ്രവണതയും, വെളുപ്പിയ്ക്കുവാനുള്ള പരിശ്രമവും പാണ്ടും, വ്രണവുമാക്കാതെ' സൂക്ഷിയ്ക്കുവാൻ ക്രൈസ്തവധർമ്മത്തിലധിഷ്ഠിതമായ പ്രവർത്തനത്തിലുടെ സാധിയ്ക്കണം.

**സമാപ്തം**

ആണവസംസ്കാരത്തിൽ നിന്നും അനുരഞ്ജനത്തിലേക്കുള്ള പാതയാണ് നമുക്കാവശ്യം. ആണവസംസ്കാരം പരിസ്ഥിതിയോടും,ജീവജാലങ്ങളോടും, മനുഷ്യവർഗ്ഗത്തോടും പുലർത്തിയ കാടത്തഭാവത്തിൽ നിന്നും, അനുരഞ്ജനപാതയിലൂടെ മുന്നേറുവാൻ നമുക്ക് കടപ്പാടുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ വളർച്ച,പരിസ്ഥിതിയുടെ തളർച്ചയാകരുത്. കോടാലിക്കൈ നൽകിയ മരത്തെ വെട്ടിവീഴ്ത്തുന്ന **'കോടാലി സംസ്കാരത്തിൽ'** നിന്നും, വീണ്ടെടുപ്പുകാർ, സംരക്ഷകർ തുടങ്ങിയ തലത്തിലേക്ക് നാം ഉയരണം. ജീവിയ്ക്കുന്ന മണ്ണും, വിണ്ണും നശിപ്പിയ്ക്കുന്നതിനുപകരും, നാം ജീവിച്ച മണ്ണിൽ പിൻതലമുറയുടെ അനുഗ്രഹീത നാമ്പുകൾക്കുള്ള അത്യന്താപേക്ഷിതമായ വളമെങ്കിലും ശേഷിപ്പിയ്ക്കുവാൻ, നിക്ഷേപിയ്ക്കുവാൻ നമുക്ക് കടപ്പാടില്ലെ? ഈ കടപ്പാടിന്റെ പൂർത്തീകരണത്തിനുള്ള പ്രഥമപടിയായി ആണവോർജ്ജത്തെ ഒഴിവാക്കുവാനും, അതിനുള്ള ബദൽ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുവാനും നാം തയ്യാറാകണം. വളർന്നുവരുന്ന യുവതലമുറ ഒരു വെല്ലുവിളിയായി ഇതേറ്റെടുത്തെങ്കിൽ.....

**മനുഷ്യൻ 'ദൈവസമനായി ദൈവസൃഷ്ടിയ്ക്കു ബദലായി നടത്തിയ സൃഷ്ടികഥ**

**ഏഴാം ദിവസം:** 'പുതിയ ദൈവം' കല്പിച്ചു - **''സ്വർഗ്ഗം ആദിയിലെ ജലത്തിലേക്ക് തിരിച്ചുപോകട്ടെ,**

*ശേഷം 23-ാം പേജിൽ*

ജോസ് കുര്യൻ, പുളിയേരിൽ

# ആരാധനയിൽ
## വീണ്ടെടുക്കപ്പെടേണ്ടവ

കൂദാശകളുടെ മകുടമായ വിശുദ്ധ കുർബ്ബാന അർപ്പിക്കപ്പെടും മുമ്പായി തത്ദിവസത്തെ പ്രാർത്ഥനകളെല്ലാം വിശ്വാസികളെല്ലാവരും വിശിഷ്യാ കാർമ്മികരും, പരികർമ്മികളും പൂർത്തീകരിച്ചിരിക്കണമെന്നാണ് പരിശുദ്ധ സഭയുടെ അനുശാസനം. ചില ദൈവാലയങ്ങളിൽ ഇട ദിവസങ്ങളിൽ പ്രഭാത നമസ്ക്കാരം ആരംഭിച്ച് കഴിഞ്ഞ് അധികം വൈകാതെ തന്നെ കുറെ ഭാഗങ്ങൾ സ്പർശിക്കാതെ ഏതാണ്ട് പകുതി മുതൽ തുടങ്ങുന്ന പ്രവണത കണ്ട് വരുന്നു. ഓരോ യാമ പ്രാർത്ഥനയുടെയുമിടയിൽ ഓർത്തിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ. ത്രിത്വ സ്തുതി (ശുബഹോ... മെനഗാലം..) ചൊല്ലുന്നതിൽ വൈമുഖ്യം കാണിക്കുന്നില്ലേ സഭാപാരമ്പര്യമനുസരിച്ച് ബഹു. വൈദികർക്കോ മേൽസ്ഥാനികൾക്കോ മാത്രമേ പരസ്യാരാധനകളിൽ പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കു സ്തുതി എന്നർത്ഥമുള്ള ശുബഹോ ഉരുവിടാൻ അധികാരമുള്ളൂ. ആയതിനാൽ ഈ അടുത്ത കാലം വരെയും നമസ്ക്കാരത്തിനിടയിൽ ശുബഹോ ചൊല്ലുവാൻ കാർമ്മികന് തരപ്പെടുന്നില്ലെങ്കിൽ (കാർമ്മികൻ തൂയോബോ ശുശ്രൂഷയിൽ വ്യാപൃതനെങ്കിൽ) വിശ്വാസികൾ മെനഗാലം ചൊല്ലി നമസ്ക്കാരം തുടരുന്ന പതിവാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് കാർമ്മികൻ നമസ്ക്കാര മേശയുടെ മുന്നിലുള്ളപ്പോൾ പോലും ശുബഹോയും പ്രതിവാക്യവും വിട്ട് കളയുന്നരീതി കണ്ട് വരുന്നു. ശുബഹോ ചൊല്ലുവാൻ അധികാരപ്പെട്ടയാൾ ഇല്ലാത്തപ്പോൾ വിശ്വാസികൾ മെനഗാലം മാത്രമായി ചൊല്ലുന്നത് ശുബഹോ ചൊല്ലിയിട്ടെന്ന വിശ്വാസത്തിലും ധാരണയിലുമാണ്.

പ. കാതോലിക്കാ ബാവാ തിരുമേനി വിശുദ്ധ കുർബ്ബാനയുടെ ഒരുക്ക പ്രാർത്ഥനകൾ (തൂയോബോ) നിറവേറ്റുകയും, മറ്റ് തിരുമേനിമാരിൽ ആരെങ്കിലും പ്രാർത്ഥനകൾ നയിക്കുകയുമാണെങ്കിൽ മേലധികാരിയുടെ അനുവാദം തേടും വിധം ബാറെക്മോർ അല്ലെങ്കിൽ തത്തുല്യ പദപ്രയോഗം നടത്തി ശുബഹോ ചൊല്ലുവാൻ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. ഒരു മെത്രാപ്പോലീത്ത കാർമ്മികനാകുമ്പോഴും ഒരു വൈദികൻ കാർമ്മികൻ ആകുമ്പോഴും പ്രാർത്ഥനകൾ നയിക്കുന്ന വൈദികരിലൊരാൾക്ക് ശുബഹോ ചൊല്ലുവാനുള്ള മേൽപ്പറഞ്ഞ രീതിയിലുള്ള അനുവാദം നൽകിയിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ? പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെയോ മറ്റ് തിരുമേനിമാരുടെയോ സാന്നിദ്ധ്യത്തിൽ നമസ്ക്കാരങ്ങൾ നടക്കുമ്പോൾ മസുമൂറാകളും മറ്റും വായിക്കുന്ന ബഹു. ശെമ്മാശ്ശന്മാരും ശുശ്രൂഷക്കാരും, ബാറക്മോർ ചൊല്ലിയിട്ട് വായന തുടങ്ങുന്ന ഒരു മഹത്തായ പാരമ്പര്യമാണ് നമുക്കുണ്ടായിരുന്നത്. എങ്ങി



നെയോ നഷ്ടപ്പെട്ടിരിക്കുകയാണ്.

എപ്പോൾ ധൂപാർപ്പണം നിറവേറ്റിയാലും അത് ദൈവിക സാന്നിദ്ധ്യത്തി (വിശുദ്ധ ത്രോണോസി)ൽ നിന്നും ആരംഭിച്ച് അവിടെ തന്നെ പര്യവസാനിപ്പിക്കുന്ന രീതിയാണ് വിശുദ്ധ സഭയിൽ നില നിന്ന് വരുന്നത്. അതേ പോലെ തുടരുന്നുവെന്ന് ബഹു. വൈദികർ തന്നെ ഉറപ്പാക്കിയാൽ കാര്യങ്ങൾ ഭംഗിയാവും. ധൂപകലശത്തിൽ 12 മണികൾ ഘടിപ്പിച്ചിരിക്കുന്നത് 12 പരിശുദ്ധ അപ്പോസ്തോലന്മാരെ അനുസ്മരിക്കുവാനാണെന്ന കാര്യം ചെറിയ പൈതങ്ങൾക്കു പോലും അറിയാമായിരിക്കും. എന്നാൽ ധൂപകലശം വീശുമ്പോൾ വീശുന്ന വ്യക്തിയുടെ വലത് കരം കൈമണി കിലുക്കും വിധം ചലിപ്പിച്ച് കൊണ്ട് വീശിയെങ്കിൽ മാത്രമേ ഇപ്പറഞ്ഞ 12 മണികളും അവയുടെ വശ്യ സുന്ദരമായ ശബ്ദം മുഴക്കുകയുള്ളുവെന്ന സത്യം ഇക്കാലത്ത് മിക്കവരും മറന്ന മട്ടാണ്. 12 മണികളുടെ ശബ്ദം പകരുമ്പോൾ 12 ഭാഗ്യവാന്മാരായ അപ്പോസ്തോലന്മാരുടെ ശബ്ദം ഇന്നും പരിശുദ്ധ സഭയിൽ മുഴങ്ങുന്നവെന്ന അർത്ഥത്തിലാണ് പരിശുദ്ധ പിതാക്കന്മാർ ഇപ്രകാരമുള്ള ക്രമീകരണം ചെയ്തിട്ടുള്ളതെന്ന സത്യം നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്.

മറുവഹസാകൾ ഉയർത്തിപിടിച്ച് കിലുക്കുമ്പോൾ പരിശുദ്ധ മാലാഖമാരുടെ ഇമ്പകരമായ സ്തുതിപ്പുകളുടെ ഓർമ്മ ഉണർത്തുന്നതിനോടൊപ്പം തന്നെ വിശ്വാസികൾ മാലാഖമാരോട് ചേർന്ന് ദൈവത്തെ പാടി സ്തുതിക്കുവാനുള്ള ആഹ്വാനം കൂടിയാണെന്ന നിറവേറപ്പെടുന്നത്.

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ വിശുദ്ധ കുർബാനയിൽ മൂന്ന് ജോഡി മറുവഹസാകൾ ആയിരുന്നു ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. അത് തന്നെ ഉയരം കുറഞ്ഞവർ ഏറ്റവും മുന്നിലും അതിലും കൂടിയവർ അതിനു പിന്നിലും അതിലും കൂടിയവർ ഏറ്റവും പുറകിലും നിലകൊള്ളണമായിരുന്നു. വിശുദ്ധ മദ്ബഹായുടെ ഇരു വശങ്ങളിൽ നിന്നുമായി മൂന്ന് ജോഡി ശെമ്മാശ്ശന്മാരോ ശുശ്രൂഷകരോ ഉയർത്തിപിടിച്ച മറുവഹാസാകളുമായി രംഗപ്രവേശനം ചെയ്യുന്ന കാഴ്ച വിശ്വാസികൾക്ക് മാലാഖമാരുടെ സാന്നിദ്ധ്യ ബോധമാണ് പ്രദാനം ചെയ്യുന്നതെന്ന സത്യം വിസ്മരിച്ച് കൂടാ.

നമ്മുടെ ഏത് ആരാധനയിലായാലും വിശ്വാസികൾ ആരംഭം മുതൽ അവസ്സാനം വരെ ശ്രദ്ധയോടെയും, താത്പര്യത്തോടെയും ശിക്ഷണബോധത്തോടുകൂടിയും ഇതിനെല്ലാമുപരിയായി തികഞ്ഞ ദൈവഭയത്തോടും തീഷ്ണമായ വിശ്വാസത്തോടും കൂടി സംബന്ധിക്കുന്ന അതിശ്രേഷ്ഠ പാരമ്പര്യമാണ് പരിശുദ്ധ സഭയിൽ നില നിന്ന് വരുന്നത്. ഇന്ന് ഏത് ആരാധനയിലും ഏത് സമയത്ത് എങ്കിലും സംബന്ധിച്ചാൽ മതിയെന്ന് ചിലരെങ്കിലും ധരിച്ച് വച്ചിരിക്കുന്നതായാണ് മനസ്സിലാക്കുന്നത്. ■


## CATHOLICATE & M.D SCHOOLS
(CORPORATE MANAGEMENT)

### DEVALOKAM, KOTTAYAM

1. 2011-2012 അദ്ധ്യയന വർഷത്തിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള താഴെപ്പറയുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളിൽനിന്നും നിർദ്ദിഷ്ഠ ഫാറത്തിലുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

   1. **H.S.A (Physical Science)**
   2. **H.S.A (Social Studies)**
   3. **H.S.A (Maths)**
   4. **H.S.A (Natural Science)**
   5. **Lower Grade Sanskrit**

നിർദ്ദിഷ്ഠ ഫാറം ദേവലോകം സ്കൂൾ മാനേജ്മെന്റ് ഓഫീസിൽനിന്നും 100 രൂപയ്ക്ക് (By post 105) ലഭിക്കുന്നതും, പൂരിപ്പിച്ച ഫാറം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുസഹിതം മെയ് 25നു മുമ്പ് ഓഫീസിൽ ല ിക്കേണ്ടതുമാണ്.

2. 2011-2013 അദ്ധയന വർഷം റ്റി.റ്റി.സി കോഴ്സിന് നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും നിർദ്ദിഷ്ഠ ഫാറത്തിൽ അപേക്ഷ ക്ഷണിക്കുന്നു. ഫാറം അതാതു സ്കൂളുകളിൽനിന്നും ലഭിക്കുന്നതാണ്. +2 പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

സ്കൂളുകൾ - എം.എസ്സ്.എസ്സ് റ്റി.റ്റി.ഐ തഴക്കര, മാവേലിക്കര
Phone:0479/2303299

ആർ.എം റ്റി.റ്റി.ഐ വടവുകോട്, എറണാകുളം
Phone:0484/2731723.

02-05-2011.
ദേവലോകം

Sd/-
MANAGER.

ഡോ. എം. കുര്യൻ തോമസ്

# പരിഭാഷകൻ പീലിപ്പോസ് റമ്പാൻ തന്നെ

ബോംബയിലെ കൂറിയർ പ്രസിൽ 1811-ൽ അച്ചടിച്ച നാലു സുവിശേഷങ്ങളാണ് മലയാള ഭാഷയിൽ അച്ചടിച്ച ആദ്യ വേദഗ്രന്ഥം എന്നതിൽ രണ്ടു പക്ഷമില്ല. സുറിയാനിയിൽനിന്നു നേരിട്ടു പരിഭാഷപ്പെടുത്തിയ ഈ കൃതിയുടെ പരിഭാഷകൻ കായംകുളം പീലിപ്പോസ് റമ്പാനാണന്നതിലും സമീപകാലംവരെയും രണ്ടഭിപ്രായമില്ലായിരുന്നു.

എന്നാൽ തങ്ങൾക്കു വിധേയരാകാത്ത സമൂഹം, തങ്ങളുടെ നിയന്ത്രണത്തില്ലാതെ നടത്തിയ വേദപുസ്തക പരിഭാഷയെ ആദ്യകാലംമുതൽ സി. എം. എസ്. മിഷിനറിമാർ തമസ്ക്കരിച്ചിരുന്നു എന്നതിനു രേഖകളുണ്ട്. ആദ്യത്തെ സി. എം. എസ്. മിഷനറിയായ തോമസ് നോർട്ടൻ ഈ പരിഭാഷയെപ്പറ്റി അജ്ഞനായിരുന്നു. 1816-ൽ അദ്ദേഹം ഒരു സുറിയാനി പള്ളിയിൽ *റമ്പാൻ ബൈബിൾ* കണ്ട് അൽഭുതപ്പെട്ടന്നും, *ദൈവവചനത്തിന്റെ ഒരു വരിയെങ്കിലും ഈ ഭാഷയിൽ ഉള്ളതായി തങ്ങൾക്ക് അറിവില്ലായിരുന്നു എന്നതാണ് അതിനു കാരണമെന്നും* 1818-ലെ മിഷിനറി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഗ്രീക്കിൽനിന്നും ഹീബ്രുവിൽനിന്നും പരിഭാഷപ്പെടുത്തിയ വേദപുസ്തകത്തെ പരിഭാഷകന്റെ പേരുചേർത്ത് *ബെയ്‌ലി ബൈബിൾ* എന്നു വിളിച്ചവർ, 1811-ലെ പരിഭാഷയെ *റമ്പാൻ ബൈബിൾ* എന്നു വിളിക്കാതെ *ബുക്കാനൻ ബൈബിൾ* എന്നും *കൂറിയർ ബൈബിൾ* എന്നും പരാമർശിക്കുന്നത് ഈ തമസ്ക്കരണത്തിന്റെ ഭാഗമാണ്. കായംകുളം പീലിപ്പോസ് റമ്പാന്റെ നാമം ഒഴിവാക്കിയതിനു വേറേ കാരണം കണ്ടെത്തേണ്ടതില്ല.

1807-ൽ റവ. ക്ളോഡിയസ് ബുക്കാനന്റെ രണ്ടാം കേരള സന്ദർശനവേളയിൽ വലിയ മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ പരിഭാഷ പൂർത്തിയാക്കിയ നാലു സുവിശേഷങ്ങളും അദ്ദേഹത്തിനു കൈമാറി. ഇത് അദ്ദേഹം മലയാള വ്യാകരണ ഗ്രന്ഥ രചയിതാവായ ഡോ. റോബർട്ട് ഡ്രൂമണ്ടിന്റെ വിദഗ്ദ്ധ അഭിപ്രായത്തിനു വിട്ടു. പുസ്തകം പരിശോധിച്ച ഡോ. ഡ്രൂമണ്ട്, *...പാവനമായ മൂലകൃതിയുടെ സത്യസന്ധമായ ഭാഷ്യവും, സാധാരണക്കാരന് സരളമായി മനസിലാകുന്നതുമാണ് ഈ പരിഭാഷ...* എന്നു സാക്ഷ്യപ്പെടുത്തിയെന്ന് ലണ്ടനിലെ ഇന്ത്യാ ഓഫീസ് റിക്കാർഡുകളെ ആധാരമാക്കി ജോൺ ഫെൻവിക്ക് തന്റെ *The Forgotten Bishops* എന്ന ഗ്രന്ഥത്തിൽ (2009) രേഖപ്പെടുത്തിയിട്ടുണ്ട്.

1873-ൽ പ്രസിദ്ധീകരിച്ച തോമസ് വൈറ്റ്ഹൗസിന്റെ *Lingerings ofLight ina Dark Land: Being Researches into the Past History and Present Condition of the Syrian Church of Malabar* എന്ന ഗ്രന്ഥത്തിൽ 1811-ലെ പരിഭാഷയുടെ കർത്താവ് കായംകുളം പീലിപ്പോസ് റമ്പാനാണന്നു വ്യക്തമാക്കിയിട്ടുണ്ട്. ചെങ്ങന്നൂർ കബറടങ്ങിയ മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായ പീലിപ്പോസ് റമ്പാനെ *സുറിയാനിക്കാരുടെ ഇടയിൽ സവിശേഷ വ്യക്തിത്വമുള്ള ഒരാൾ* എന്നാണ് വൈറ്റ്ഹൗസ് വിശേഷിപ്പിക്കുന്നത്.

*തെക്കനും വടക്കനുമല്ലാത്ത* അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ 1952-നടുത്ത് അറബിയിൽ എഴുതിയ *ഇന്ത്യയിലെ സുറിയാനി സഭാചരിത്രം* എന്ന കൃതിയിൽ ( ഇംഗ്ലീഷ് പരിഭാഷ മത്തായി മൂസ - 2009, മലയാള പരിഭാഷ ജേക്കബ് വർഗീസ് മന്നാംകുഴിയിൽ - 2011) പീലിപ്പോസ് റമ്പാനാണ് 1811-ലെ പരിഭാഷയുടെ കർത്താവ് എന്നു വ്യക്തമായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരത്തിന് അദ്ദേഹം ആശ്രയിക്കുന്നത് ഇടവഴിക്കൽ പീലിപ്പോസ് കത്തനാരുടെ (1779-1867) ഒരു അപ്രകാശിത സുറിയാനി ലേഖനത്തെയാണ്.

കോട്ടയം സ്വദേശി ഇടവഴിക്കൽ പീലിപ്പോസ് കത്തനാരെ *തെക്കൻ പക്ഷപാതി* എന്നു മുദ്രകുത്തുന്നതിനു മുമ്പ് അദ്ദേഹത്തിനു സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് ദ്വിതീയനെപ്പറ്റിയുള്ള അഭിപ്രായം എന്താണന്നു മനസിലാക്കണം. സെമിനാരി സ്ഥാപകന്റെ ശിഷ്യനും ശെമ്മാശനും സെക്രട്ടറിയുമായിരുന്ന പീലിപ്പോസ് കത്തനാർ, മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തെ തുടർന്ന് തന്റെ ഡയറി

യിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്.

*...1816 വൃശ്ചികം 12-നു ഈ മെത്രാപ്പോലീത്താ കാലംചെയ്തു സെമ്മനാരിത്തന്നെ അടക്കുകയും ചെയ്തു. ഇദ്ദേഹം ബുദ്ധിയും ധൈര്യവും ദൈയ്‌വഭക്തിയും ഉള്ളവനും, ദ്രവ്യാഗ്രഹവും ചതിവും ഇല്ലാത്തവനും, ദൈയ്‌വ കാര്യവും ലോകകാര്യവും നന്നായി അറിയുന്നവനും, നല്ല സംസാരിയും, ആരെയും ഭയം കൂടാത്തവനും, പക്ഷഭേദം ഇല്ലാത്തവനുമായിരുന്നു. അദ്ദേഹം 40 സംവൽസരംവരെ ചൊറു, നെയ്യു, പാൽ, മൽസ്യമാംസം, മുതലായ്തു ഭക്ഷിക്കാതെ ഫലമൂലാദികൾ തിന്നുകൊണ്ടിരുന്നു...*

പഴയ സെമിനാരിയുടെയും സെമിനാരി സ്ഥാപകന്റെ ദേഹവിയോഗത്തിന്റെയും 175-ാം വാർഷികവുമായി ബന്ധപ്പെട്ട് 1990-ലാണ് ഫാ. ഡോ. ജോസഫ് ചീരൻ, മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ മഹത്വവൽക്കരണം ആരംഭിച്ചത്. മാർ ദീവന്നാസ്യോസ് ദ്വിതീയനെ മഹത്വവൽക്കരിക്കാൻ ഇതര പിതാക്കൻമാരെ അധമവൽക്കരിക്കുകയും, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നടന്ന എല്ലാ സുപ്രധാന സംഭവങ്ങളുടെയും പിതൃത്വം മാർ ദീവന്നാസ്യോസ് ദ്വിതീയനു നൽകുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി ഫാ. ഡോ. ചീരൻ നടത്തിവരുന്നത്. *റമ്പാൻ ബൈബിളിന്റെ* പിതൃത്വം കായംകുളം പീലിപ്പോസ് റമ്പാനിൽ നിന്നും സെമിനാരി സ്ഥാപകനിലേയ്ക്കു മാറ്റാനുള്ള ശ്രമം ഈ മഹത്വവൽക്കരണ പ്രക്രിയയുടെ അവസാനപടിയായി കണക്കാക്കണം. *നിരണം ഗ്രന്ഥവരിയെ* തെക്കൻ പക്ഷപാതിയായി തള്ളിയത് ഈ മഹത്വവൽക്കരണ പ്രക്രിയ സുഗമമാക്കാനാണ്.

സുവിശേഷ പരിഭാഷ കൂടാതെ, *ആർത്താറ്റു പടിയോലയു*ടെ സൂത്രധാരൻ, സെമിനാരിയിൽ സ്ത്രീ വിദ്യാഭ്യാസം, പകലോമറ്റം പാരമ്പര്യവാഴ്ച അവസാനിപ്പിക്കൽ തുടങ്ങി അനേകം ബഹുമതികൾ സെമിനാരി സ്ഥാപകനു ഫാ. ഡോ. ചീരൻ ചാർത്തിക്കൊടുക്കുന്നുണ്ട്. ഇവയിൽ സെമിനാരിയിലെ സ്ത്രീ വിദ്യാഭ്യാസം പോലെയുള്ള പലതും അസംഭവ്യങ്ങളാണ്. മറ്റുള്ളവ അദ്ദേഹം ചെയ്തു എങ്കിൽ, ഇടവഴിക്കൽ പീലിപ്പോസു കത്തനാരുടെ ദൃക്സാക്ഷി വിവരണത്തിൽ പറയുന്ന യാതൊരു ഗുണഗണങ്ങളുമില്ലാത്ത ഒരു തികഞ്ഞ അവസരവാദിയായിരുന്നു മാർ ദീവന്നാസ്യോസ് ദ്വിതീയൻ എന്നു സമ്മതിക്കേണ്ടിവരും. അദ്ദേഹം അത്തരമൊരു വ്യക്തി ആയിരുന്നില്ലാ എന്നാണ് ചരിത്രം നൽകുന്ന പാഠം.

എന്നാൽ മാർ ദീവന്നാസ്യോസ് ദ്വിതീയന്റെ സംഭാവനയെ തുഛീകരിക്കരുത്. മലങ്കര സഭയ്ക്ക് അദ്വിതീയമായ ഒരു സംഭാവനയാണ് അദ്ദേഹം നൽകിയത്. അത് ആരാധനാക്രമങ്ങളുടെ ഏകീകരണമാണ്. സെമിനാരി സ്ഥാപനം പോലും ആ ലക്ഷ്യത്തിലെത്താനുള്ള ഉപാധി മാത്രമായിരുന്നു. മാർ ദീവന്നാസ്യോസ് ദ്വിതീയന് നിർണ്ണായക പങ്കുണ്ടായിരുന്ന 1809-ലെ *കണ്ടനാട് പടിയോലയി*ലെ മൂന്നു നിശ്ചയങ്ങൾ, - പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പൂർണ്ണ അംഗീകരവും മറ്റുള്ളവയുടെ നിരസനവും, ആണ്ടുതക്സായുടെ പകർപ്പെഴുത്തും പ്രചരണവും, *പടിത്ത വീടുകളുടെ* സ്ഥാപനം - ആരാധനാ ക്രമങ്ങളുടെ ഏകികരണത്തിനുള്ള ഉപാധികളായിരുന്നു. ആ ഒരൊറ്റ ലക്ഷ്യത്തോടുകൂടെ മാത്രമാണ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ പ്രവർത്തിച്ചതെന്ന് സമകാലിക രേഖകൾ സാക്ഷിക്കുന്നു. തനിക്കു ലഭിച്ച മലങ്കര മെത്രാൻ സ്ഥാനം പോലും ആ പാതയിലെ ഒരു യാദൃശ്ചിക സംഭവം മാത്രമായിരുന്നു.

> **ചരിത്രാവബോധത്തിൽ ചില പാളിച്ചകൾ പറ്റിയിട്ടുണ്ടെങ്കിലും അതീവ പ്രാധാന്യമുള്ള ഒരു രേഖയാണ് *നിരണം ഗ്രന്ഥവരി.* പ്രത്യേകിച്ചും വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്തെക്കുറിച്ചുള്ള അതിലെ പരാമർശനങ്ങൾ വസ്തുനിഷ്ടമാണന്ന് ഇതര തെളിവുകളിൽനിന്ന് വ്യക്തമാണ്. *തെക്കൻ പക്ഷപാതം* ആരോപിച്ച് തള്ളിക്കളയാവുന്ന ഒന്നല്ല ഇത്.**


ചരിത്രാവബോധത്തിൽ ചില പാളിച്ചകൾ പറ്റിയിട്ടുണ്ടെങ്കിലും അതീവ പ്രാധാന്യമുള്ള ഒരു രേഖയാണ് *നിരണം ഗ്രന്ഥവരി.* പ്രത്യേകിച്ചും വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്തെക്കുറിച്ചുള്ള അതിലെ പരാമർശനങ്ങൾ വസ്തുനിഷ്ടമാണന്ന് ഇതര തെളിവുകളിൽനിന്ന് വ്യക്തമാണ്. *തെക്കൻ പക്ഷപാതം* ആരോപിച്ച് തള്ളിക്കളയാവുന്ന ഒന്നല്ല ഇത്. വിഭാഗീയ രചയിതാക്കളാൽ ഇപ്പോൾത്തന്നെ മലിനമായ മലങ്കരസഭാ ചരിത്രത്തെ കൂടുതൽ കലുഷമാക്കാനേ ഫാ. ഡോ. ചീരന്റെ പ്രാദേശികവാദം ഉപകരിക്കൂ.

വലിയ മാർ ദീവന്നാസ്യോസിന്റെ മേൽനോട്ടത്തിൽ നടന്ന 1811-ലെ റമ്പാൻ ബൈബിളിന്റെ പരിഭാഷയെപ്പറ്റി *നിരണം ഗ്രന്ഥവരി*യിലെ പരാമർശം... *റമ്പാൻ പൊരുൾ തിരിച്ചെഴുതുവാനായിട്ട കുംഭ മാസം 18-നു മുതൽക്കു എഴുതിത്തുടങ്ങി. ഏവൻഗേലിയോൻ പുസ്തകം മത്തായി ശ്ലീഹായുടെ അറിയിപ്പു പൊരുൾ തിരിച്ച എഴുതിയതിൽ പിന്നെ യത്ര തമിഴുപുസ്തകവും ആളും വന്നൊള്ളു. റമ്പാനത്രെ കടുദാസിൽ എഴുതുന്നതു. തിമ്മപ്പൻപിള്ള ഓലയിലെഴുതുകയും, തമിഴു കൊച്ചിട്ടി നോക്കുകയും. എട്ടുനാളൊരിക്കൽ ഇത്രയെഴുതി എന്നു കൊച്ചിയിൽ എഴുത്തു ചെല്ലത്തക്കവണ്ണം ചട്ടം കെട്ടിട്ടത്രെ ബുക്കാനാൻ പോയതു...* എന്നാണ്.

ഈ വിവരണം അനുസരിച്ച് മുഖ്യ പരിഭാഷകൻ കായംകുളം പീലിപ്പോസ് റമ്പാനാണ്. സഹായി *കൊച്ചിട്ടി*, മാവേലിക്കര വെല്യപെരുമ്പിഴ കൊച്ചിട്ടി തരകനാണെന്ന് *നിരണം ഗ്രന്ഥവരി*യിലെ ഇതര പരാമർശനങ്ങളിൽനിന്നു വ്യക്തമാണ്. പരിഭാഷ നിർവഹിച്ചത് കണ്ടനാട്ടുവെച്ചാണന്നു *നിരണം ഗ്രന്ഥവരി*യും ഡോ. ബുക്കാനനും വ്യക്തമാക്കുന്നു. 1807 ജനുവരി 29-ന് കൊച്ചിയിൽ നിന്നയച്ച ഒരു കത്തിൽ പരിഭാഷയ്ക്ക് മൂന്നു സുറിയാനി - മലയാളം പണ്ഡിതരെ നിയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തിമ്മപ്പൻപിള്ളയുടെ ദൗത്യം പരിഭാഷയ്ക്കു മാർഗ്ഗനിർദ്ദേശം നൽകുകയും സുഗമമായി നടക്കുന്നു എന്ന് ഉറപ്പാക്കുകയുമായിരുന്നുവെന്ന് ഇതേ കത്തിലുണ്ട്. (*C. M. Agur, Church History of Travancore*) ഡോ. സിബി തരകൻ ചൂണ്ടിക്കാട്ടിയ (*മലങ്കരസഭാ മാസിക, മാർച്ച് 2011*) മൂന്നാമത്തെ സുറിയാനിക്കാരൻ ഇന്നും അജ്ഞാതനായി വർത്തിക്കുന്നു. എതായാലും അമുഖനായ ആ വ്യക്തി സി. എം. എസ്. മിഷിനറിമാർക്ക് സുപരിചിതനായ സെമിനാരി സ്ഥാപകൻ അല്ല എന്നു തീർച്ചയാണ്. ■

പ്രവാചകന്റെ വഴികൾ

7



# ആത്മസംതൃപ്തിയോടെ...

> **ഇന്ന് സഭയുടെ സാമ്പത്തിക ദാരിദ്ര്യം മാറി, കൂടുതൽ സമ്പന്നമായിതീർന്നു. തൽഫലമായി കൂടുതൽ സ്വാർത്ഥത ഇന്ന് സഭയിലും സമൂഹത്തിലും പടർന്ന് പിടിച്ചിരിക്കുന്നു.**

ശെമ്മാശനായ എന്നെയും കൊണ്ട് പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി സഞ്ചാരത്തിന് പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ പിൻഗാമിയായി എന്നെ കണ്ടിരുന്നു എന്നത് സത്യമാണ്. പാവപ്പെട്ടവരോട് ഒപ്പം ചേർന്ന് സുവിശേഷം തീക്ഷ്ണതയോടെ പ്രാവർത്തികമാക്കിയ പിതാവിനെ നേരിട്ട് അറിയുവാൻ ബലഹീനനായ എനിക്ക് സാധിച്ചു. അദ്ദേഹം റയിൽവേയിൽ 3-ാം ക്ലാസിലായിരുന്നു യാത്ര ചെയ്തിരുന്നത്. ഡോ. ചാക്കോ ഒരിക്കൽ ഒന്നാം ക്ലാസ് ടിക്കറ്റ് അദ്ദേഹത്തിന് കൊടുത്തു. തിരുമേനി അദ്ദേഹത്തെ വഴക്ക് പറഞ്ഞിട്ട് മൂന്നാം ക്ലാസ്സ് ടിക്കറ്റ് മടക്കി വാങ്ങിപ്പിച്ചു. ബാക്കി തുക ദരിദ്രർക്കായി നൽകുകയും ചെയ്തു. കാർ വാങ്ങുവാനായി അനേകർ പണം നൽകിയെങ്കിലും, സ്വന്തം സൗകര്യം വർദ്ധിപ്പിക്കാതെ എല്ലാം സ്വർഗ്ഗത്തിലേക്ക് സ്വരൂപിച്ചു. അദ്ദേഹത്തിന്റെ താമസമുറിയും അതി ലളിതമായിരുന്നു. ഒരു കസേരയും, കട്ടിലും, തകരപ്പെട്ടിയുമാണ് ഉണ്ടായിരുന്നത്. സ്വന്ത മഹിമ കാണിക്കാതെ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി അദ്ധ്വാനിച്ച പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി സ്ഥാപിച്ച സ്ലീബാദാസ സമൂഹത്തിന്റെ പ്രധാന ചുമതലക്കാരനായി കുറച്ച് നാളുകൾ പ്രവർത്തിക്കുവാൻ സാധിച്ചു.

ഇന്ന് സഭയുടെ സാമ്പത്തിക ദാരിദ്ര്യം മാറി, കൂടുതൽ സമ്പന്നമായിതീർന്നു. തൽഫലമായി കൂടുതൽ സ്വാർത്ഥത ഇന്ന് സഭയിലും സമൂഹത്തിലും പടർന്ന് പിടിച്ചിരിക്കുന്നു.

**ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ**

1975-ൽ നിരണം പള്ളിയിൽ വച്ച് ബലഹീനനായ ഞാൻ മേൽപ്പട്ട സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. ഞാനായിരുന്നു ഏറ്റവും സീനിയർ, ബാക്കി നാലുപേരും ഓട്ടം തികച്ച് നിത്യതയിലേക്ക് എടുക്കപ്പെട്ടു. നാലുപേരെയും കുറിച്ച് ഓരോ വാക്ക്, വൈദിക സെമിനാരി പ്രിൻസിപ്പാളായി പ്രവർത്തിച്ച അഭി. ഗ്രീഗോറിയോസ് പിതാവ് എന്റെ സഹപ്രവർത്തകനായിരുന്നു. പോൾ വർഗീസ് അച്ചനായി കോട്ടയം കുരിശ് പള്ളി മുറ്റത്ത് സമാധാന യജ്ഞം നടത്തിയ കാലത്ത് എം.ഡി.യിൽ വന്നപ്പോൾ ഞങ്ങൾ പരസ്പരം സംസാരിച്ചു. അങ്ങനെ തുടങ്ങിയ പരിചയമാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ-വിദേശ സഹായം കൊണ്ട് അനേകം കെട്ടിടങ്ങൾ സെമിനാരിയിൽ ഉണ്ടായി, സെമിനാരിയുടെ ഒരു പുതിയ യുഗം ആയിരുന്നു അത്. നമ്മുടെ സഭയ്ക്ക് ഒരു എക്യുമെനിക്കൽ വീക്ഷണം ഉണ്ടായി. അദ്ദേഹം സമാനതകളില്ലാത്ത പണ്ഡിതനുമായിരുന്നു.

സ്തേഫാനോസ് മാർ തേവോദോസിയോസ് പിതാവ്, ഞങ്ങളിൽ മൂന്നാമനായിരുന്നു. മിഷൻ പ്രവർത്തനത്തിൽ അത്ഭുതങ്ങൾ ചെയ്യുവാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു. നാഗ്പൂർ സെമിനാരിയും പ്രഫഷണൽ കോളജുകൾ ഉൾപ്പെടെയുള്ള അനേക വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റ് പ്രവർത്തനങ്ങളും ആ പിതാവിന്റെ ശ്രമഫലമായി ഉയർന്നു വന്നവയാണ്. ഉത്തരേന്ത്യയിൽ പ. സഭയുടെ കൊമ്പ് ഉയർത്തിയതിന് ശേഷമാണ് അദ്ദേഹം 'വീട്ടിൽ' പോയത്.

കെ. സി. തോമസച്ചനായിരുന്ന കാലത്ത് ഡൽഹി വികാരിയായിരുന്ന അഭി. മക്കാറിയോസ് പിതാവ്. സഭാ കേസുകളിൽ വിജയിപ്പാൻ നിർണ്ണായക സംഭാവന അദ്ദേഹം നൽകിയിട്ടുണ്ട്. നല്ല ഭരണാധികാരിയായിരുന്നു അദ്ദേഹം, അതുപോലെ തന്നെ നല്ല വാഗ്മിയും. അമേരിക്കയിൽ ഒരു ഭദ്രാസനം രൂപീകൃതമായത് അഭി. പിതാവിന്റെ കാലത്താണ്.

ഞങ്ങൾ അഞ്ചുപേരിൽ ഏറ്റവും ജൂനിയർ അഭി. ജോസഫ് മാർ പക്കോമിയോസ് പിതാവായിരുന്നു. എറണാകുളം പള്ളി വികാരിയായിരുന്ന കാലത്താണ് മെത്രാനായത്. ഏറ്റവും ചെറുപ്പമായിരുന്ന അദ്ദേഹത്തെ ആദ്യമേ എന്തു കൊണ്ട് വിളിച്ചു എന്നത് എനിക്കറിഞ്ഞുകൂടാ. കണ്ടനാട് ഭദ്രാസനാധിപൻ ആയിരുന്ന് ധാരാളം ക്ലേശങ്ങൾ പ. സഭയ്ക്ക് വേണ്ടി അദ്ദേഹം സഹിച്ചു.

മെത്രാനായ ശേഷം 1976 ജൂൺ മുതലാണ് നിരണം ഭദ്രാസന ചുമതല എനിക്ക് ലഭിച്ചത്. 3 ദശാബ്ദത്തിലധികം പുരാതനമായ നിരണം ഭദ്രാസനത്തിന്റെ പ്രധാന ശുശ്രൂഷകനായിരിക്കുവാൻ ലഭിച്ച അവസരം വലിയ ഒരു ഭാഗ്യമായി ഞാൻ കണക്കാക്കുന്നു. എനിക്ക് സഹായമായി ലഭിച്ച ഭദ്രാസന സെക്രട്ടറിമർക്കായി ദൈവത്തെ സ്തുതിക്കുന്നു. ബർത്തലോമായി കോർഎപ്പിസ്ക്കോപ്പാ, കൊറ്റാത്തുവിള തോമസ് അച്ചൻ, അലക്സിയോസ് അച്ചൻ, എന്നിവർക്ക് ശേഷം ആദിമുതലേ എന്റെ സെക്രട്ടറിയായിരുന്ന അലക്സാണ്ടർ ഏബ്രഹാം അച്ചനു (അപ്പു അച്ചൻ) മായിരുന്നു എന്റെ സഹായികൾ. ഇവരുടെ സഹായം എന്റെ ജോലി ഭാരം ലഘൂകരിച്ചു.

ഭദ്രാസനത്തിലെ വൈദികരെക്കുറിച്ച് ഒരു വാക്ക്, എന്റെ എല്ലാ വൈദികരും സെമിനാരിയിൽ എന്റെ ശിഷ്യന്മാരും, സ്ഥാനമോഹം ഇല്ലാത്തവരും, ഏൽപ്പിക്കുന്ന ചുമതലകൾ ഭംഗിയായി നിറവേറ്റുന്നവരുമായിരുന്നു.

ഭദ്രാസനത്തിന്റെ ചുമതലകൾ എന്റെ ശിഷ്യനായ അഭി. ക്രിസോസ്റ്റമോസ് പിതാവിനെ ഏൽപ്പിച്ചിട്ടുണ്ട്. മിഷനറി വേലയിൽ തൽപരനും, പണം പിരിക്കുവാൻ എന്നെക്കാൾ സമർത്ഥനുമാണ് അഭി. തിരുമേനി. ദൈവം ഉപയോഗിക്കുന്ന ഒരു പിതാവായി തീരും എന്നതിൽ എനിക്ക് സംശയമില്ല. ■


**9th Death Anniversary**
**3-05-2011**



**BABY CHACKUMMOOTTILE**

**KUNNAMTHANAM, MALLAPPALLY**

*Inserted by:*
A. VARGHESE, JESSY,
ANU, RITU
D-225 SARASWATI NAGAR
JODHPUR



**പാവസ്മരണയ്ക്ക്**

**ഏഴാം ചരമ വാർഷികം**
**19-05-2011**



**പി. റ്റി. തോമസ് മറ്റപ്പള്ളിൽ**

**കുമരമ്പത്തൂർ,**
**മണ്ണാർകാട്**

*"നിന്റെ മഹത്വമുദിക്കുന്നാൾ*
*നിർത്തണമിവനെ വലഭാഗേ"*

ഏലിയാമ്മ തോമസ് (ഭാര്യ)
അജു എം. തോമസും കുടുംബവും
ജെയ് എം. തോമസും കുടുംബവും

Grace

പി.കെ. മാത്യു, അയ്മനം

# തേജസ്സ് എന്ന വസ്ത്രം



**വസ്ത്രത്തിലൂടെ വ്യക്തിത്വത്തെ പോഷിപ്പിക്കുന്നവർ ആത്മാവിന്റെ പ്രകാശ വസ്ത്രത്തെ ഗൗനിക്കുന്നുണ്ടോ...?**

നാമൊക്കെയും മനോഹരങ്ങളായ വസ്ത്രങ്ങൾ ധരിച്ചു കൊണ്ട് നമ്മുടെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. അതിലേക്കായി അനേകായിരം വസ്ത്രസ്ഥാപനങ്ങൾ ഗ്രാമങ്ങൾ തോറും, പട്ടണങ്ങൾ തോറും സ്ഥാപിച്ചിരിക്കുന്നു. എന്നാൽ നമ്മൾ വസ്ത്രം ധരിക്കേണ്ടതിന്റെ ആവശ്യകത എന്തായിരുന്നു.

മൈക്കലാഞ്ചോയുടെ വിശ്വപ്രസിദ്ധമായ ഒരു ചിത്രം എ.ഡി. 1512-ൽ ഇറ്റലിയിലെ സിസ്റ്റൈൻ ചാപ്പലിൽ (വത്തിക്കാനിൽ) ചുവർച്ചിത്രമായി വരച്ചിട്ടുണ്ട്. The creation of Adam (ആദാമിന്റെ സൃഷ്ടി) എന്നാണ് ആ ചിത്രത്തിന്റെ പേര്. ആ ചിത്രത്തിൽ ആദാം പൂർണ്ണ നഗ്നനാണ്. ദൈവം തന്റെ കരങ്ങൾ നീട്ടി അവന്റെ അടുക്കലേക്കു വന്നുകൊണ്ടിരിക്കുന്നു. അടിക്കുറിപ്പായി പറഞ്ഞിട്ടുണ്ട് ദൈവം അവനിലേക്കു വന്നിട്ടില്ല, വന്നുകൊണ്ടിരിക്കുന്നതേയുള്ളു.

ഉല്പത്തി പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായം അവസാന വാക്യം ഇപ്രകാരമാണ്. "മനുഷ്യനും ഭാര്യയും നഗ്നരായിരുന്നു എന്നാൽ അവർക്കു ലജ്ജ തോന്നിയില്ല താനും" വീണ്ടും അവർ അരുതെന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം തിന്നുകഴിഞ്ഞപ്പോൾ "അവരുടെ കണ്ണു തുറന്നു, അവർ നഗ്നരെന്നു തിരിച്ചറിഞ്ഞു" എന്നു എഴുതിയിരിക്കുന്ന ഈ ഭാഗങ്ങൾ വായിക്കുമ്പോൾ നമ്മുടെ മനസ്സിലേക്കു ഓടിവരുന്ന ചിന്ത അദാമും ഹവ്വയും നഗ്നരായിരുന്നു എന്നാൽ അവരുടെ കണ്ണുകൾ ബന്ധിച്ചിരുന്നതിനാൽ അവർക്കു കാണുവാൻ സാധിച്ചിരുന്നില്ല എന്നാണ്.

എന്നാൽ ഇതാണോ യഥാർത്ഥ വസ്തുത. ദൈവം അവരുടെ അടുത്തേക്കു വരുന്നുണ്ട്. ദൈവം അവരെ വിളിക്കുന്നു. നീ എവിടെയാകുന്നു എന്ന് ചോദിക്കുന്നു അതിന് ആദാം "ഞങ്ങൾ നഗ്നരാകയാൽ ഒളിച്ചിരിക്കുകയായിരുന്നു'' എന്നു പറഞ്ഞു. അപ്പോൾ ദൈവം അവരോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. "നിങ്ങൾ നഗ്നരെന്നു നിങ്ങളോട് ആരുപറഞ്ഞു? അരുതെന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം നിങ്ങൾ ഭക്ഷിച്ചുവോ?" അന്ധരായ രണ്ടാളുകൾ നഗ്നരായി നടത്താൻ അവരോട് നിങ്ങൾ നഗ്നരെന്നു നിങ്ങളോടു ആരു പറഞ്ഞു എന്നു ചോദിക്കുവാൻ ആർക്കും കഴിയുകയില്ല. എന്നാൽ ദൈവം അവരോട് ചോദിക്കുകയാണ് നിങ്ങൾ നഗ്നരെന്നു നിങ്ങളോട് ആരു പറഞ്ഞുവെന്ന്. അതിനർത്ഥം അവർ നഗ്നരായിരുന്നില്ല അവർക്കു വസ്ത്രമുണ്ടായിരുന്നു എന്നാൽ അവർ അരുതെന്നു പറഞ്ഞു വൃക്ഷത്തിന്റെ ഫലം തിന്നു കഴിഞ്ഞപ്പോൾ അത് നഷ്ടപ്പെട്ടതാണ് എന്നാണ്.

നമുക്ക് പ്രകൃതിയിലേക്കു നോക്കാം. ഭൂമിയിൽ ദൈവം സൃഷ്ടിച്ച സകലചരാരങ്ങൾക്കും വസ്ത്രം അവയുടെ ഉള്ളിൽ നിന്ന് പുറത്തേക്കു വരുന്നതായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. മൃഗങ്ങളെ നോക്കിയാൽ രോമങ്ങളും വാലും അവയുടെ വസ്ത്രങ്ങളാണ് അവ പുറമെ ധരിക്കുന്നതല്ല പക്ഷികളെ നോക്കിയാൽ തൂവലുകൾ അവയുടെ വസ്ത്രങ്ങളാണ് അത് അവയുടെ ഉള്ളിൽ നിന്ന് പുറത്തേക്കു വരുന്നതാണ്. അല്ലാതെ പുറമെ ധരിക്കുന്നതല്ല. വൃക്ഷലതാതികളെ നോക്കിയാൽ ഇലകൾ അവയുടെ വസ്ത്രങ്ങളാണ്. അങ്ങനെ ഭൂമിയിൽ ദൈവം സൃഷ്ടിച്ച സകലചരാചരങ്ങൾക്കും വസ്ത്രം അവയുടെ ഉള്ളിൽ നിന്നു വരുന്നതായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അങ്ങനെയെങ്കിൽ ഏറ്റവും ഉൽകൃഷ്ട സൃഷ്ടിയായ മനുഷ്യനെ ദൈവം വസ്ത്രമില്ലാത്തവനായി സൃഷ്ടിക്കുമോ?

ഇല്ല. മനുഷ്യനും വസ്ത്രവുമുണ്ടാ

യിരുന്നു. അത് മനസ്സിലാക്കുന്നതിന് നമുക്ക് ഒരു വൈദ്യുത ബൾബ്. ഉദാഹരണമായെടുക്കാം. വൈദ്യുത ബൾബ് നോക്കിയാൽ അതിന്റെ ഫിലമെന്റ് അതിന്റെ ഉള്ളിൽ നമുക്ക് കാണാം. എന്നാൽ വൈദ്യുതിയുമായി ബന്ധം സ്ഥാപിക്കുമ്പോൾ പ്രകാശമുണ്ടാകുകയും ഫിലമെന്റ് കാണാൻ പറ്റാത്ത അവസ്ഥയുണ്ടാക്കുകയും ചെയ്യും. എന്നാൽ വൈദ്യുതി ബന്ധം വിഛേദിക്കപ്പെടുമ്പോൾ പ്രകാശം നഷ്ടമാകുകയും ഫിലമെന്റ് തെളിഞ്ഞു വരുകയും ചെയ്യും. അതുപോലെയായിരുന്നു മനുഷ്യന്റെ വസ്ത്രവും.

മൈക്കലാഞ്ചലോസിന്റെ ചിത്രത്തിൽ പൂർണ്ണനഗ്നനായിരുന്ന ആദാമിന്റെ അടുക്കലേക്കു ദൈവം തന്റെ കരങ്ങൾ നീട്ടി അടുത്തവന്ന് അവന്റെ മൂക്കിൽ ജീവിശ്വാസം ഊതി, അവനിലേക്കു തന്റെ ആത്മാവിനെ പകർന്നു. അവനിലേക്കു പൂർണ്ണമായി വന്നു കഴിഞ്ഞപ്പോൾ അവന്റെ ശരീരം മുഴുവനും നന്മനിറഞ്ഞതായിത്തീർന്നു. തിന്മ അശേഷം ഇല്ലാത്ത അവസ്ഥ എപ്രകാരം വൈദ്യുത ബൾബിന് വൈദ്യുതിയുമായി ബന്ധം സ്ഥാപിച്ചപ്പോൾ പ്രകാശമുണ്ടായോ അപ്രകാരം ദൈവമായുള്ള അഭേദ്യബന്ധം മൂലം ആദാം പ്രകാശവസ്ത്രമുള്ളവനായിതീർന്നു. അത് അവന്റെ ഉള്ളിൽ നിന്ന് പുറത്തേക്കു വന്നതാണ് അല്ലാതെ പുറമെ ധരിച്ചതല്ല. എന്നാൽ അവർ അരുതെന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം തിന്നുകഴിഞ്ഞപ്പോൾ പാപമുണ്ടാകുകയും, അവരുടെ ശരീരത്തിലുണ്ടായിരുന്ന നന്മ നഷ്ടപ്പെടുകയും ചെയ്തു. പാപം മൂലം അവരുടെ ശരീരം തിന്മ നിറഞ്ഞതായിത്തീർന്നു. നന്മ അശേഷം ഇല്ലാത്ത അവസ്ഥ. അങ്ങനെ അവർക്കു ദൈവവുമായുള്ള ബന്ധം വിഛേദിക്കപ്പെടുമ്പോൾ പ്രകാശം നഷ്ടപ്പെട്ട് ഫിലമെന്റ് തെളിഞ്ഞു വരുന്നുവോ അപ്രകാരം ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടപ്പോൾ അവരുടെ പ്രകാശ വസ്ത്രം നഷ്ടമായി, നഗ്നത തെളിഞ്ഞുവന്നു. അതുകൊണ്ട് ദൈവം അവരോട് നിങ്ങൾ നഗ്നരെന്നു നിങ്ങളോട് ആരു പറഞ്ഞു, അരുതെന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം നിങ്ങൾ ഭക്ഷിച്ചുവോ? എന്ന് ചോദിച്ചു.

പൗലോസ് ശ്ലീഹാ പറയുന്നു. "എന്റെ ശരീരത്തിൽ എന്നു വെച്ചാൽ എന്റെ ജഡത്തിൽ നന്മ അശേഷം വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നന്മ ചെയ്യണമെന്ന് ആഗ്രഹം എനിക്കുണ്ട് എന്നാൽ പ്രവർത്തിക്കുന്നതോ തിന്മയത്രെ!"

> **കല്പനകൾ അടങ്ങിയ കല്പലകകളുമായി അവൻ വീണ്ടും ഇറങ്ങി വന്നപ്പോൾ മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു.**

ഈ പ്രകാശ വസ്ത്രത്തെക്കുറിച്ച് വി. വേദപുസ്തകത്തിൽ എന്തെങ്കിലും സൂചനയുണ്ടോ എന്നു നോക്കാം. മോശ യിസ്രായേൽ മക്കളെ മിസ്രയിമിലെ അടിമത്വത്തിൽ നിന്ന് വിടുവിച്ച് 40 വർഷം മരുഭൂമിയിലൂടെ നടത്തി. അവർ സീനായ് മരുഭൂമിയിൽ എത്തിയപ്പോൾ ദൈവം അവരുടെ ഇടയിലേക്കു ഇറങ്ങിവന്നു. ദൈവം സീനായ് മലയിൽ ഇറങ്ങി. മോശയെ അവിടേക്കു വിളിപ്പിച്ചു. മോശ കയറിച്ചെന്നു. അവിടെ 40 രാവും, 40 പകലും മോശ ജലപാനം പോലും നടത്താതെ ദൈവത്തോടുകൂടെയായിരുന്നു. എന്നാൽ മോശ അവിടെ ദൈവത്തെ മുഖാമുഖം കണ്ടിട്ടില്ല. കാരണം യാത്രയുടെ അവസാനത്തിൽ ദൈവം മോശയോട് ചോദിക്കുന്നുണ്ട്, നിന്റെ ആഗ്രഹമെന്തെന്ന്, അതിനു മോശ "നിന്റെ മുഖം എനിക്കൊന്നു കാണണം"മെന്നു പറയുന്നു. ദൈവം അവനോട് "ഞാൻ കടന്നു പോകുമ്പോൾ നിന്നെ ഒരു പാറയുടെ വിള്ളലിലാക്കി എന്റെ കരങ്ങൾ കൊണ്ടു നിന്നെ മറയ്ക്കും ഞാൻ കടന്നു പോകുമ്പോൾ എന്റെ പിൻഭാഗം നിനക്കു കാണാം മുഖമോ കാണാവതല്ല'' എന്നു പറഞ്ഞു അങ്ങനെ മോശെ സീനായ് മലയിൽ ദൈവത്തെ മുഖാമുഖം കണ്ടിട്ടില്ല. ദൈവത്തിന്റെ സാമീപ്യം അനുഭവപ്പെടുക മാത്രമെ ചെയ്തിട്ടുള്ളു. മോശ പത്തുകല്പനകൾ എഴുതിയ കല്പകളുമായി ഇറങ്ങി വന്നപ്പോൾ ജനമെല്ലാം വഷളായിരിക്കുന്നതുകണ്ട് ആ കല്പലകകളെ എറിഞ്ഞുടച്ചു കളഞ്ഞു. എന്നാൽ ദൈവം ക്ഷമയോടെ വീണ്ടും മോശയെ വീണ്ടും വിളിച്ചു. വീണ്ടും 40 രാവും 40 പകലും മോശ ദൈവത്തിന്റെ സമീപത്തായിരുന്നു. കല്പനകൾ അടങ്ങിയ കല്പലകകളുമായി അവൻ വീണ്ടും ഇറങ്ങി വന്നപ്പോൾ മോശയുടെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചു. ജനമെല്ലാം ഭയപ്പെട്ടു. പിന്നീട് ജനത്തിന്റെ മുമ്പാകെ ചെല്ലുമ്പോഴെല്ലാം മോശ മൂടുപടം അണിഞ്ഞിരുന്നു.

പൗലോസ് ശ്ലീഹ പറയുന്ന ആദാമിന്റെ പാപം മൂലം നന്മ അശേഷം വസിക്കാത്ത അതേ ശരീരമുള്ളവനായിരുന്നു മോശയും എന്നാൽ ദൈവത്തിന്റെ സാമീപ്യം മാത്രമുണ്ടായപ്പോൾ അവന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചെങ്കിൽ. തിന്മ അശേഷം വസിക്കാത്ത ശരീരവും, ദൈവവുമായി അഭേദ്യബന്ധവുമുണ്ടായിരുന്ന ആദാമിന് പ്രകാശവസ്ത്രം ഉണ്ടായിരുന്നു എന്നത് അസംഭവ്യമല്ലല്ലോ?

വീണ്ടും നമ്മുടെ കർത്താവിന്റെ മറുരൂപപ്പെരുന്നാൾ ആഘോഷിക്കുന്ന ദിവസം, അന്ന് കർത്താവ് തന്റെ ശിഷ്യന്മാരായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ കൂട്ടിക്കൊണ്ട് താബോർ മലയിലേക്ക് കയറിപ്പോയി. അവിടെ വച്ച് രൂപാന്തരപ്പെട്ടു. ശിഷ്യന്മാർ തന്നെ പറയുന്നത് അവന്റെ വസ്ത്രം ഭൂമിയിൽ ഒരു അലക്കുകാരനും അലക്കി വെളുപ്പിക്കാൻ കഴിയാത്തവണ്ണം വെണ്മയേറിയതായിരുന്നു എന്നാണ്. അവർ പ്രകാശ വസ്ത്രമായിരുന്നു ധരിച്ചിരുന്നത്. ആദാമിന് അന്നുണ്ടായിരുന്ന പ്രകാശ വസ്ത്രം അതാണ്.

കർത്താവിനെക്കുറിച്ചു പറഞ്ഞാൽ "അവൻ പാപമൊഴികെ സകലതിലും മനുഷ്യനായി വിളങ്ങി" എന്നാണ് എഴുതിയിരിക്കുന്നത്. അവൻ സാധാരണ സ്ത്രീ പുരുഷബന്ധത്താൽ ജനിച്ചവനല്ല. പരിശുദ്ധാത്മാവിനാൽ ജനിച്ചവനാണ്. അതുകൊണ്ട് അവന്റെ ജഡത്തിൽ തിന്മ അശേഷം വസിച്ചിരുന്നില്ല. ആദിയിലെ ആദാമിന്റെ അവസ്ഥ പോലെ അവന് പ്രകാശവസ്ത്രമുണ്ടായിരുന്നു. എന്നാൽ ജനമൊക്കെയും ഭയപ്പെടാതിരിക്കാൻ മോശ മൂടുപടമണിഞ്ഞതുപോലെ അവനും അത് അടക്കി വയ്ക്കുകയായിരുന്നു. കർത്താവിന്റെ രൂപാന്തരം രണ്ടാമത്തെ വരവിന്റെ ഒരു സൂചനയായിരുന്നു.

എന്നാൽ നമുക്കും ഈ പ്രകാശ വസ്ത്രം ലഭിക്കുമോ? ഈലോക ജീവിതത്തിൽ നമുക്കു ലഭിക്കുവാൻ സാധ്യമല്ല. കാരണം പൗലോസ് ശ്ലീഹാ പറയുന്നതുപോലെ അശേഷം നന്മ വസിക്കാത്ത ശരീരമാണ് നമ്മുടേതും. എന്നാൽ കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ നമുക്ക് അത് തിരികെ ലഭിക്കും.

അന്ന് നമുക്ക് ആദാമിനു നഷ്ടപ്പെട്ട പ്രകാശവസ്ത്രം മടക്കി ലഭിക്കും. ■




## BRIDE GROOM WANTED

An orthodox middle class family of central travancore invites suitable proposals for their daughter 26/ 164, M.Tech, Engineering college lecturer from parents of qualified boys preferably doctors, PG engineers, management professional, lecturers, PhD's, CA's , bank officers , other professionals etc.

***Contact No.***
**0468- 2321975, 9495157180**

## BRIDE GROOM WANTED

Physics BSc MED ബിരുദം നേടി ശാസ്താംകോട്ട un-aided School-ൽ പഠിപ്പിക്കുന്ന, 29 വയസ്സ്, 153 c.m. ഉയരം, വെളുത്ത നിറമുള്ള ഓർത്തഡോക്സ് യുവതിക്ക് അനുയോജ്യനായ ഓർത്തഡോക്സ് യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

***Contact No.*** **9446135205**
**09930367355**

## വേർപാടിന്റെ 11-ാം ചരമ വാർഷികം



ഫാ. റ്റി. ജി. സഖറിയ

*കൊച്ചുപ്പാപ്പന്റെ അപേക്ഷ ഞങ്ങൾക്ക് അനുഗ്രഹപ്രദമാണ് എന്നും ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.*

*കൊച്ചുമോൾ, USA*

## 10-ാം ചരമവാർഷികം
## 2011 മെയ് 9 തിങ്കൾ

**ജനനം :** **06.04.1930**



**മരണം:** **09.05.2001**

## ഫാ. റ്റി. ജി. സഖറിയ
### (മാനേജർ മലങ്കരസഭ)

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച-
ഈ ആചാര്യന്നേകുക പുണ്യം, - നാഥാ! സ്തോത്രം"

## തിരുനെൽവേലിയിൽ കോൺഗ്രിഗേഷൻ

തിരുനെൽവേലിയിലും പരിസര പ്രദേശങ്ങളിലുമുള്ള ഓർത്തഡോക്സ് വിശ്വാസികൾക്കും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കു വേണ്ടിയും കോൺഗ്രിഗേഷൻ ആരംഭിച്ചിരിക്കുന്നു. മദ്രാസ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ മേൽനോട്ടത്തിൽ ഫാ. സ്ലീബാ ജോൺ ചുമതലക്കാരനായിട്ടാണ് കോൺഗ്രിഗേഷൻ ആരംഭിച്ചിരിക്കുന്നത്. തിരുനെൽവേലി ഫ്രാൻസിസ് സേവ്യർ എൻജിനീയറിംഗ് കോളജിൽ എല്ലാ രണ്ടാം ഞായറാഴ്ചയും വി. കുർബ്ബാനയും, ഒന്നാം ഞായറാഴ്ചകളിൽ വീടുകളിൽ പ്രാർത്ഥനയും നടത്തി വരുന്നു. ഫോൺ -09944694026

## 17th Death Anniversary
## 13-03-2011



**P. O. ZACHARIAH**
**PUTHENPURACKAL**
**PIRAVANTHOOR, PATHANAPURAM**

## 6th Death Anniversary
## 27-05-2011



**KURIAN ZACHARIAH (THAMBY)**
**PUTHENPURACKAL**
**PIRAVANTHOOR, PATHANAPURAM**

## പ്രതിഭാ സംഗമം




പൊതു പരീക്ഷകളിൽ മികച്ച വിജയം നേടിയവരും, കലാ-കായിക രംഗങ്ങളിൽ മികവ് തെളിയിച്ചവരുമായവരെ അനുമോദിക്കുന്നതിനായി സഭാതലത്തിൽ ദേവലോകം കാതോലിക്കേറ്റ് അരമന ഹാളിൽ നടത്തിയ പ്രതിഭാ സംഗമം പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. മുംബൈ ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ കൂറിലോസിന്റെ അദ്ധ്യക്ഷതയിൽ ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, ഡോ. ജോർജ്ജ് ജോസഫ്, ഡോ. ജോർജ്ജ് വർഗീസ് കൊപ്പാറ, എ. കെ. ജോസഫ്, ഫാ. എം. കെ. കുര്യൻ എന്നിവർ പ്രസംഗിച്ചു.

## ആദരാഞ്ജലികൾ



സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കാലം ചെയ്ത മാർ വർക്കി വിതയത്തിലിന്റെ ഭൗതിക ശരീരത്തിൽ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് പുഷ്പചക്രം സമർപ്പിക്കുന്നു.

### അടുത്ത ലക്കം...

### "കപ്യാർ മുതൽ ആൾട്ടർ അസിസ്റ്റന്റ് വരെ"

അടുത്തലക്കം ശുശ്രൂഷകരുടേതാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ ചർച്ച ചെയ്യപ്പെടേണ്ട വിഭാഗമാണ് മദ്ബഹാ ശുശ്രൂഷകർ. ആരാധനാ ചരിത്രത്തിൽ ശുശ്രൂഷകരുടെ വളർച്ച, ഭാവി, വ്യുല്പത്തി ഇവയെക്കുറിച്ചുള്ള ചർച്ചയാണ് അടുത്ത ലക്കം. ക്രിയാത്മക രചനകൾ ക്ഷണിക്കുന്നു.

### 'വെള്ളിക്കോൽ' പ്രകാശനം ചെയ്തു

ഫാ. ജോസഫ് വെണ്ടറപ്പള്ളി 1969-2000 കാലഘട്ടത്തിൽ വെള്ളിക്കോൽ എന്ന തൂലികാനാമത്തിൽ മലങ്കരസഭ മാസിക, ഓർത്തഡോക്സ് യൂത്ത് എന്നീ പ്രസിദ്ധീകരണങ്ങളിൽ എഴുതിയ ലേഖന സമാഹാരം 'വെള്ളിക്കോൽ' എന്ന പേരിൽ പ്രകാശനം ചെയ്തു. പ. കാതോലിക്കാ ബാവാ എറണാകുളം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടന്ന ചടങ്ങിൽ ഫാ. ഡോ.എ. അടപ്പൂരിനു നൽകിയാണ് പ്രമുക്തീകർമ്മം നിർവ്വഹിച്ചത്.

## ആണവത്തിൽ നിന്നും....

*13-ാം പേജിൽ നിന്നു തുടർച്ച*

**ഭൂമിയിൽ നിന്ന് പച്ച മാഞ്ഞുപോകട്ടെ"** സമാധാനം, നീതി, പ്രത്യാശ ഇത്യാദി ഗുണങ്ങളും, പച്ചപ്പുമറഞ്ഞ് ഊഷരതയും, സകല അധാർമ്മികതകളും നിലവിൽ വന്നു.

ആറാം ദിവസവും സംഹാരകല്പന: മഴ തടഞ്ഞ മഴുക്കൾ, പാമ്പുകൾ മാളത്തിലേക്കെന്നപോലെ പുഴകൾ ഭൂമിയിലേക്ക് വലിച്ചെടുക്കപ്പെട്ടു.

**അഞ്ചാം ദിവസം: ''കരയിൽ ഇഴയുന്നവയും, നടക്കുന്നവയും, ഓടുന്നവയും പോയിമറയട്ടെ".** വേദനയോടെ അവസാനത്തെ മാൻകിടാവും, മുയൽക്കുഞ്ഞും പരവേശത്തോടെ പാഞ്ഞു. മരിച്ച തള്ളപ്പശുവിന്റെ അകിടിൽ മുട്ടിമുട്ടി ഒടുവിലത്തെ പശുക്കുഞ്ഞും പിടഞ്ഞു വീണു.

**നാലാം ദിവസം : "ജലത്തിൽ നീന്തുന്നവയും ആകാശത്തിൽ പറക്കുന്നവയും അപ്രത്യക്ഷമാകട്ടെ"** പരീക്ഷണങ്ങളുടെ വിഷം കലർന്ന കടൽവെള്ളത്തിൽ തിമിംഗലങ്ങൾ പോലും ചത്തുമലെച്ചു' വിഷപ്പുക പറവകളെ കൊന്നൊടുക്കി

**മൂന്നാം ദിവസം: "മനുഷ്യൻ ഭൂമിയിൽ നിർമ്മിച്ച സൗന്ദര്യമെല്ലാം അപ്രത്യക്ഷമാകട്ടെ"** തീയും, വാളുമായി ഇറങ്ങി നടന്ന യന്ത്രമനുഷ്യരുടെ സംഹാരതാണ്ഡവം.

**രണ്ടാം ദിവസം: ''മനുഷ്യസൃഷ്ടി നിലയ്ക്കട്ടെ"** മനുഷ്യൻ ഒരുക്കിവെച്ച ആയുധപ്പുരകൾ സമയമായെന്നറിഞ്ഞ് പൊട്ടിത്തെറിച്ചു. ഭൂഗർഭപരീക്ഷണശാലകളിൽ നിന്ന് രോഗബീജങ്ങളും, വിഷവാതകങ്ങളും, മരണരശ്മികളും ഉയർന്നുപൊങ്ങി. ഭൂമിയുണ്ടായിരുന്നിടത്ത് ഒരുപിടിചാരം മാത്രം....

**ഒന്നാം ദിവസം : "ഇരുട്ടുണ്ടാകട്ടെ"** സൂര്യചന്ദ്രാദി നക്ഷത്രങ്ങൾ പോയ് മറഞ്ഞു. ഇല്ലായ്മയുടെ അന്ധകാരനിറം എവിടെയും പരന്നു'

**'പുതിയ ദൈവം' തന്റെ വൈഭവം കാണിയ്ക്കുവാനായി 'പുതിയ സൃഷ്ടിപ്പിനുള്ള തുടക്കമായി 'വെളിച്ചമുണ്ടാകട്ടെ' എന്നു കല്പിച്ചു. പക്ഷേ ഉണ്ടായില്ല.**

(ആശയം: **'ലോകാവസാനം' സച്ചിദാനന്ദൻ**)

# വെല്ലുവിളികളെ വെല്ലുന്ന വ്യക്തിത്വം

**പാണി പാണിയോട് ചേർന്നാൽ പോരാ ഹൃത്ത് ഹൃത്തിനോട് ചേരുവതാണ് ദമ്പതീഭാവം എന്ന ഉള്ളൂരിന്റെ വാക്കുകൾ ആർത്ഥ പൂർണ്ണ മാക്കിക്കൊണ്ട് ഡോ. മാത്യുവും സൂസിയും ഉത്തമ കുടുംബ ജീവിതത്തിന് മാതൃകയായി തീരുന്നു.**

ഡോ. പി. എം. മാത്യു, വെല്ലൂർ



ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പലതരത്തിൽ പ്രതികരിക്കുന്നവരുണ്ടാകാം - Fear, Freez, Fight, Face എന്നിങ്ങനെ നാലുതരത്തിൽ. പേടിച്ച് ഓടാം, മന്ദതയിലാകാം പോരാടാം. അഭിമുഖീകരിക്കാം. ഇതിൽ ഒടുവിലത്തെ മാർഗ്ഗം സ്വീകരിച്ച് പ്രതിസന്ധികളെ അഭിമുഖീകരിച്ച് അതിജീവിക്കുക മാത്രമല്ല മറ്റുള്ളവർക്ക് മാതൃകയായി മാർഗ്ഗദർശകനായി മാറിയ വ്യക്തിത്വത്തിന് ഉടമയാണ് ഡോ. പി. എം. മാത്യു വെല്ലൂർ.

വിവാഹം കഴിഞ്ഞ ദിവസം വധുവിന്റെ കണ്ണിന് കാഴ്ച്ചക്കുറവുണ്ടെന്ന് തിരിച്ചറിയുക. അമ്മയോട് പരാതി പറഞ്ഞപ്പോൾ “സാരമില്ല മക്കളെ നമുക്കവളെ സംരക്ഷിക്കാം. മോന്റെ പെങ്ങൾക്കാണ് ഈ അവസ്ഥ ഉണ്ടായതെങ്കിൽ എങ്ങനെ പ്രതികരിക്കും എന്നുകൂടി ചിന്തിക്കണം” എന്നായിരുന്നു ഉപദേശം. വിവാഹ ജീവിതത്തിന്റെ തുടക്ക കാലത്ത് കണ്ടുമുട്ടിയ സന്യാസി പറഞ്ഞു “ദൈവത്തിനു നിങ്ങളിൽ കൂടുതൽ വിശ്വാസം ഉള്ളതുകൊണ്ടാണ് ഇങ്ങനെയൊരാളെ ദൈവം നിങ്ങളെ ഏല്പിച്ചത്” പിന്നീട് തിരിഞ്ഞു നോക്കിയിട്ടില്ല. കാഴ്ച്ചക്കുറവ് വർദ്ധിച്ച് ക്രമേണ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട സൂസി ആ വീടിന്റെ വിളക്കായി മാറി. ഭാര്യയും ഭർത്താവും തുടർന്ന് പഠിച്ച്-പരസ്പര പൂരകമായി വളർന്നു. മൂന്ന് മക്കളെ വളർത്തി - ജൂബിലി മെഡിക്കൽ സെന്ററിലെ ഡോക്ടർ രാജൻ മാത്യു, നേത്രരോഗ വിദഗ്ദ്ധയായ ഡോ. റേബ മാത്യു, അക്കൗണ്ടന്റായ ലോല മാത്യു.

കണ്ണിന് കാഴ്ച്ചയില്ലായ്മ ഒരു ബാദ്ധ്യതയായി കണ്ട് ജീവിതത്തിൽ നിന്ന് പിൻവലിയാതെ പിടിച്ചു നിന്ന സൂസി തുടർന്ന് പഠിച്ച് ബിരുദവും സോഷ്യൽ

സർവ്വീസിൽ ഡിപ്ലോമയും നേടി കമ്പ്യൂട്ടറും പഠിച്ചു. ഭർത്താവിന്റെയും മക്കളുടെയും പഠനത്തിനും ഗവേഷണത്തിനും സഹായിയായി സേവനമനുഷ്ഠിച്ചു.

പി.എം. മാത്യു മാവേലിക്കര കരിപ്പുഴ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവകയിൽ പാലക്കതാഴെ മാത്യുവിന്റെയും കുഞ്ഞമ്മയുടെയും മകനായി 1933 ജനുവരി 31-ന് ജനിച്ചു. കേരള സർവ്വകലാശാലയിൽ നിന്ന് എം. എ യും ഡോക്ടറേറ്റും മനശാസ്ത്രത്തിൽ ഡിപ്ലോമയും നേടി. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിലെ മനശാസ്ത്ര അദ്ധ്യാപകനും ക്ലിനിക്കൽ സൈക്കോളജിസ്റ്റും ആയിരുന്നു. 1970-ൽ ആദ്യ എഡിഷനും 2010-ൽ 19-ാമത് എഡിഷനും പ്രസിദ്ധികരിക്കേണ്ട വിധം പ്രസിദ്ധമായ 'കുടുംബ ജീവിതം' എന്നത് ഉൾപ്പെടെ 12 ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ചെറിയ ചെറിയ കുടുംബ പ്രശ്നങ്ങൾക്ക് പോലും പരിഹാരം തേടി എത്തുന്ന ദമ്പതികൾക്ക് ആശ്രയവും ആശ്വാസവുമായി 'വലിയ' കുടുംബ പ്രശ്നം വിജയകരമായി അതിജീവിച്ച ആത്മവിശ്വാസവും മുഖത്ത് മായാത്ത പുഞ്ചിരിയും സരസ ഭാവവുമായി ഡോ. പി. എം. മാത്യു സേവന നിരതനായി കഴിയുന്നു.

"പാണി പാണിയോട് ചേർന്നാൽ പോരാ ഹൃത്ത് ഹൃത്തിനോട് ചേരുവതാണ് ദമ്പതീഭാവം" എന്ന ഉള്ളൂരിന്റെ വാക്കുകൾ അർത്ഥപൂർണ്ണമാക്കിക്കൊണ്ട് ഡോ. മാത്യുവും സൂസിയും ഉത്തമ കുടുംബ ജീവിതത്തിന് മാതൃകയായി തീരുന്നു.

"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലങ്ങളും അവന്റെ മേൽ ഇട്ടുകൊൾവിൻ" (1 പത്രോ. 5:7) എന്ന ആശ്വാസത്തിൽ ചാരി ആ കുടുംബം മുന്നേറുന്നു.

-പ്രൊഫ. പി. സി. ഏലിയാസ്






# സ്വാതന്ത്ര്യം

- എന്റെ വിമോചന സാധ്യതകൾക്കെല്ലാം വിഘ്നം 'ഞാൻ' തന്നെയാണ് എന്നിനി എന്നാണറിയുക. അറിഞ്ഞിരുന്നാലും എന്നാണ് എനിക്ക് 'എന്നെ' ഉപേക്ഷിക്കാനാവുക.
- വലിയവനാരാണ് എന്ന തർക്കമുണ്ട് ഞങ്ങൾ തമ്മിൽ! പിന്നെയെങ്ങനെ അശുദ്ധാത്മാവിനെ പുറത്താക്കും. എങ്ങനെ ദൗത്യനിർവ്വഹണം സഫലമാകും. സത്യത്തിന് സാക്ഷികളാവുക എന്നതാണ് ഏല്പിക്കപ്പെട്ടിരിക്കുന്ന ദൗത്യം. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നതാണ് നല്കപ്പെട്ടിരിക്കുന്ന അറിവ്. സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രയിൽ ഇനിയുമെത്ര കടമ്പകൾ അവശേഷിക്കുന്നുണ്ട്!
- സ്വയം താങ്ങിനില്ക്കുന്നതാണ് സത്യം എന്ന് നിരുക്തശാസ്ത്രം പറയുന്നു. നേരെയുള്ളതാണല്ലോ നേര്. സത്യത്തിൽ ഞങ്ങൾ നേരില്ലാത്തവരാകുന്നുണ്ട്. വളഞ്ഞ വഴികളുടെ ഉടമകളാകുന്നുണ്ട്. ഒരു പുതിയ തലമുറയെ നുരപ്പിച്ച് പിടിപ്പിച്ച്, സുബോധമില്ലാതാക്കുന്ന അശുദ്ധതകളെ പുറത്താക്കാനാവാതെ നിന്റെ ശിഷ്യന്മാർ ലോകത്തിന് മുമ്പിൽ വീണ്ടും പരിഹാസ്യരാകുന്നു. ഞങ്ങളുടെ മത്സരം അവസാനിക്കുന്നില്ല.
- അലൗകിക സ്നേഹത്തിന്റെ ഒരു മായാത്ത ചുംബനം നമ്മുടെ പാദങ്ങൾക്ക് സമ്മാനിച്ചാണ് തമ്പുരാൻ തർക്കമവസാനിപ്പിച്ചത് എന്ന് മറക്കരുത്.
- പ്രാർത്ഥിക്കണം നമ്മൾ! ദൈവമേ, അനുതപിക്കാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അഹങ്കാരമനസ്സ് അതിനനുവദിക്കുന്നില്ല. പരസ്പരം ആദരിക്കാൻ നിഗളം മൂലം മറന്ന്പോകുന്നു. നിന്നെപ്രതി നിന്ദകൾ സഹിപ്പാൻ എന്റെ ദുരഭിമാനം എന്നെ സമ്മതിക്കുന്നില്ല. ഞങ്ങളോട് കനിവുണ്ടാകണം തമ്പുരാനേ!

തിരുവചനം:- "അവിശ്വാസവും കോട്ടവുമുള്ള തലമുറയെ, എത്രത്തോളം ഞാൻ നിങ്ങളോട് കൂടെ ഇരുന്ന് നിങ്ങളെ സഹിക്കും ?" (വി. ലൂക്കോസ് 9:41)

– സഖേർ

# ബാലസഭ

## മീശ പുരാണം

ലിൻസൻ മോൻ മീശ പിരിച്ചു. ചുറ്റും കൂടി നിന്ന കുട്ടിക്കൂട്ടത്തെ പേടിപ്പിച്ചു. ഹും.! ഓടിനെടാ പിള്ളേരെ...

ഒും. ഇമ്മിണി ഓടും. ഈ കട്ടിമീശ കണ്ടാലൊന്നും ഞങ്ങൾ പേടിക്കില്ല.

വല്ല്യമ്മച്ചി ഊറിച്ചിരിച്ചു. എന്നിട്ട് ചുറ്റും നിൽക്കുന്ന കുട്ടികളോടായി പറഞ്ഞു. അഞ്ചാം ക്ലാസ്സ് മുതൽ കണ്ണാടിയ്ക്കു മുമ്പിൽ ആയിരുന്നു ഇവൻ. ചെറുപ്പം മുതലുള്ള ആഗ്രഹമായിരുന്നു കട്ടി മീശ വയ്ക്കാൻ. ഇതിനിടയിൽ അവനൊരു അബദ്ധവും പറ്റി.

മീശ കിളിർക്കാൻ ഔഷധമന്വേഷിച്ചു നടക്കേ ചിലർ കരടി നെയ്യ് നൽകി. അതിലൊന്നും ഫലം കാണാതെ മറ്റൊരു വിദ്വാൻ ഒരൊറ്റമൂലി പറഞ്ഞുകൊടുത്തു. മുട്ടയും പഞ്ചസാരയും പതപ്പിച്ച് താടിയിൽ തേച്ച് ഒരു രാത്രി കിടന്നുറങ്ങുക.

എന്നിട്ടു മീശ കിളിർത്തോ?.

കിളിർത്തില്ലെന്നു മാത്രമല്ല കാസർകോഡു വരെയുള്ള ഉറുമ്പുകൾ ഇങ്ങുവന്നു താടിയിൽ കയറി. ആകെച്ചൊ



## വരക്കളരി



ബ്ലസ്സി ആനി ബെന്നി, മാത്തൂർ പി.ഒ.



## കവിത



## സൃഷ്ടിതാവാം ദൈവം

മഴതരും കുളിര് പുഴതരുമോ
ആദിത്യനാൽ വരും പ്രകാശം
അതിവിധഗ്ദ്ദനാൽ വരുമോ
മഴവേണം ഭൂമിതൻ പുഴയും വേണം
ആദിത്യനും വേണം അതിവിധഗ്ദ്ദനും വേണം
അമിതമാം താപമെങ്കിൽ മഴയാവശ്യം
കൊടും വേനലായാൽ പുഴതരും നീരും
സൂര്യനാൽ പകൽ പ്രകാശിതമെങ്കിലോ
രാത്രിയുടെ പ്രകാശമോ അതിവിധഗ്ദ്ദരുടെ കഴിവാം
മഴയിലും പുഴയിലുമാധാരം ജലമല്ലോ
ആദിത്യനും അതിവിധഗ്ദ്ദനും
സൃഷ്ടിതാവിൽ സൃഷ്ടിയല്ലോ.
മനുഷ്യ ബന്ധങ്ങളുമിതുപോൽ
ഭൂമിയാം മരണത്തണലിൽ
ആശ്രിതരാം മനുഷ്യരും
അവിടെ നിന്നുളവാകും ബന്ധങ്ങളും
സൃഷ്ടാവാം ദൈവത്തിൽ സൃഷ്ടിയല്ലോ.
ആരുണ്ടെന്നാലും എന്നുണ്ടെന്നാലും
ദൈവമില്ലെന്നാൽ

ജോജി വർഗീസ്, മലപ്പുറം

ജെഫിൻ ജോസ്, കൂടൽ

ഭൂവിലൊന്നുമില്ല.

റിഞ്ഞു തിണിർത്തു.

എന്നാലും ഇപ്പോഴെന്റെ മീശ കണ്ടില്ലേ.

ലിൻസൻ മോനും വിട്ടില്ല. ഒൻപതിൽ പഠിക്കുമ്പോൾ എന്റെ മീശ പൊട്ടിക്കിളിർക്കുകയായിരുന്നു. കടുപിട കടുപിടാന്ന് ലിൻസൻമോൻ കൈകൾ കൂർപ്പിച്ച് കണ്ണുകൾ ഇറുക്കിയടച്ച് മീശ കിളിർക്കുന്ന ആംഗ്യം കാട്ടി.

എന്റമ്മേ! കുട്ടിക്കൂട്ടം കിറി കാട്ടി...

ഇതിനിടയിൽ ആൻസിയാന്റി ആ നാട്ടിലെ ഒരു പ്രധാനപ്പെട്ട സംഭവം അവതരിപ്പിച്ചു.

എന്റെ കല്യാണം നടക്കുന്ന സമയത്ത് ഈ നാട്ടിൽ സന്ധ്യയായാൽ ഒരു ഭീകരാന്തരീക്ഷമാണ് നിലനിന്നിരുന്നത്. വൈകുന്നേരങ്ങളിൽ വീടിനു പുറത്തിറങ്ങാൻ കഴിയില്ല. വല്ലാത്ത ശബ്ദവും മുഴക്കവും. ആകെപ്പേടിച്ചുപോയി ഞാൻ. ലിൻസാ... നീയന്നു ഒൻപതിലാണെന്നു തോന്നുന്നു.

അതെന്തുപറ്റി ആന്റി... അന്ന് ഞങ്ങൾക്കു അങ്ങനെയൊന്നും തോന്നിയില്ലല്ലോ.

അതെന്താണെന്നു കേൾക്കേണ്ടേ... ആൻസിയാന്റി ഗൗരവത്തിലായി.

കുട്ടിക്കൂട്ടം കാതുകൂർപ്പിച്ചു.

അതേയ്... ഈ നാട്ടിൽ കേട്ട കടു-പിട,കടു-പിട ശബ്ദം ലിൻസൻമോന്റെ മീശ പൊട്ടിക്കിളിർക്കുന്ന ശബ്ദമായിരുന്നു.

പൂ-ഹോയ്...

കുട്ടിക്കൂട്ടം ആർത്തു വിളിച്ചു. ചിരിച്ചു.

ലിൻസൻ മോന്റെ കട്ടിമീശ താനേ താഴ്ന്നു.

## വചനപാത...

ഞാൻ നിങ്ങളുടെമേൽ നിർമ്മലജലം തളിക്കും നിങ്ങൾ നിർമ്മലരായിത്തീരും.
*(യോഹ. 36:25)*

# കുട്ടിത്തമാശ

## തർക്കുത്തരം

അച്ചൻ : മകനേ നമ്മൾ പള്ളിയിൽ ധൂപക്കൂറ്റി വീശുന്നത് എന്തിനാ?

രാഹുൽ : കൊതുകിനെ കൊല്ലാൻ

അച്ചൻ : മകനേ നമ്മൾ എല്ലാവരും എന്തിനാണ് സമാധാനം കൊടുക്കുന്നത്?

സാബു : കൈയിലെ ചെളി പോകാൻ.

Don Mathew, Thachiruparambil

* * * * * *

## ഒരുക്കം

ഞായറാഴ്ച രാവിലെ വളരെ നേരം ഒരുങ്ങുന്നതു കണ്ട ജോമോനോട് അമ്മ ചോദിച്ചു.

എന്താടാ പതിവില്ലാത്ത ഇത്ര ഒരുക്കം.

ജോമോൻ മറുപടിയായി പ്രാർത്ഥനയോടും, ഒരുക്കത്തോടും കൂടി പള്ളിയിൽ വരണമെന്ന് വികാരിയച്ചൻ പറഞ്ഞതു അമ്മ കേട്ടില്ലേ.

പ്രാർത്ഥിക്കാനോ കഴിഞ്ഞില്ല. എന്നാൽ ഒരുക്കമെങ്കിലും നടക്കട്ടെ.

റിജോ രാജു, കടമ്പനാട്

# നിങ്ങൾക്കറിയാമോ

## വാഴ്വ്


വാഴ്വിന്റെ യഥാർത്ഥ മലയാളം അനുഗ്രഹമെന്നാണെങ്കിലും പൗരോഹിത്യ പദവിയിലുള്ളവർ നൽകുന്ന പ്രത്യേക ആശിർവാദത്തെ സൂചിപ്പിക്കുന്നു. പെരുന്നാളുകളിൽ റാസ കടന്നു പോകുമ്പോൾ വച്ചു വിരിക്കുന്നവർക്ക് നൽകുന്ന വാഴ്വും, പെരുന്നാളുകളുടെ സമാപനത്തിൽ ആശിർവാദമായി നൽകുന്ന വാഴ്വുമൊക്കെ ഈ ഗണത്തിൽ പെടുത്താം. ജീവിതം എന്ന മറ്റൊരർത്ഥം കൂടി വാഴ്വിനുണ്ടെന്നു ഓർക്കുക.

# കഥ

## മിന്നാമിനുങ്ങ്

യേശുകുഞ്ഞിന്റെ ജനനസമയത്ത് ആട്ടിടയന്മാരും വിദ്വാൻമാരും ഒക്കെ യേസു കുഞ്ഞിന് കാഴ്ചകളും സമ്മാനങ്ങളും ഒക്കെയായി വന്ന് യേശുവിനെ വണങ്ങി. പക്ഷികൾ കളകളാരവത്താൽ സ്തുതി പാടി. ആട് മാട് മൃഗാദികൾ ആനന്ദ ഗീതങ്ങൾ ആലപിച്ചു ഇതെല്ലാം കണ്ടുകൊണ്ട് ഗോശാലയുടെ ഒരു മൂലയിൽ കുഞ്ഞനുറുമ്പ് ഇരിക്കുകയായിരുന്നു. യേശു കുഞ്ഞിനെന്തെങ്കിലും കാഴ്ചയണക്കണമെന്ന് അവന് ആഗ്രഹം തോന്നി വർഷകാലത്തെ ആഹാരത്തിനായി അവൻ ശേഖരിച്ചു വച്ചിരുന്ന ഗോതമ്പ് മണികളിൽ ഒരെണ്ണം എടുത്ത് യേശു കുഞ്ഞിന്റെയടുത്തേക്ക് പോയി കാഴ്ചയണച്ചു തിരികെ പോകാൻ വെളിച്ചമില്ലായിരുന്നതിനാൽ അവൻ പ്രയാസപ്പെട്ടു. പെട്ടെന്നതു സംഭവിച്ചു അവന്റെ ശരീരത്തിന്റെ പിൻഭാഗത്ത് തേജോഗോളം പോലെയൊരു പ്രകാശമുണ്ടായി. അവൻ അത്ഭുതപ്പെട്ടു സന്തോഷത്തോട് മടങ്ങിപോയി. അന്നു മുതൽ ഇന്നുവരെ അവന്റെ പിൻതലമുറക്കാർ ഇപ്രകാരം വെളിച്ചമുള്ളവരായിതീർന്നു. മിന്നാമിനുങ്ങ് എന്ന പേരോടുകൂടി കൊടും തമസിലും ഭൂമിയിൽ വെളിച്ചം വിതറി മിന്നാമിനുങ്ങുകൾ വിരാളിക്കുന്നു.

അക്സാ റേച്ചൽ എബി, മാടമൺ, വടശേരിക്കര



# MPCCET

## M .P. Christian College of Engineering & Technology

(Run by St. Thomas Malankara Orthodox Syrian Church Mission, Bhilai)
Kailash Nagar, Near Industrial Estate P.O., BHILAI -490026, CHHATTISGARH-INDIA,
*Approved & (NBA Accredited) by AICTE and Affiliated by C.G. Vivekananda Technical University*
Tel.No. 0788 2286662/63/64, www.mpccet.ac.in



### A BRIEF ABOUT OF MPCCET, BHILAI

M. P. Christian College of Engineering & Technology, Bhilai (MPCCET), is the second private engineering college in Bhilai which was established in **1998** and is in its 14th year with the objective of uplifting the underprivileged and marginalized youth of the country through quality technical education. The college is functioning under the aegis of St. Thomas Malankara Orthodox Church Mission, Bhilai which is running 26 schools and 3 colleges in eastern India. The Founder of the college is Late Lamented H.G.Dr. Stephanos Mar Theodosius and the Executive Chairman of the college is H.G. Dr. Joseph Mar Dionysius, Bishop of Kolkata Diocese of Malankara Orthodox Church. The Executive Vice-Chairman Fr. Jose K Varghese & Bursar Fr. Raju Thomas is the guiding force of MPCCET, providing necessary impetus towards the functioning of the institute.

### COURSES OFFERED @ MPCCET, BHILAI

**The following branches of the college are (AICTE) NBA Accredited:**

- Mechanical Engineering
- Electrical Engineering

The college admits 420 students annually in five branches of engineering namely:

- B.E. (Computer Science Engineering) , B.E. (Electronics & Telecommunications Engineering), B.E. (Mechanical Engineering),B.E. (Electrical Engineering),B.E. (Information Technology)
- M.Tech.( CAD/CAM Robotics)

### ADMISSION @ MPCCET, BHILAI

CRITERIA FOR ADMISSION (for more details log on www.mpccet.ac.in )

| | |
|---|---|
| Community Quota (AIEEE) | - 50 % through AIEEE ranking with > 60 % in PCM XII Std. |
| Sate Quota (PET) | - 50 % through CGPET ranking |

Application form along with prospectus can be obtained from the office in person on payment of ` 1500/- as Cash or by post on payment of ` 1550/- as DD drawn in favor of **"M.P.Christian College of Engineering and Technology, Bhilai"** along with the **Registration form**. Registration Form can be obtained from the website www.mpccet.ac.in
Please note that a printout of Registration Form duly filled should be send along with the above fee to obtain the application form.

The Application form can also be obtained from the following centre as mentioned below:-

- Fr. Jose K Varghese C/o Mr. K.V. Varghese
  Thiruvalla; Kerala State
  Ph. No. 0469 – 2634326, Mob. 9526324647
- Fr. Dr. Abraham Oommen
  Anickad (P.O.); Mallapally West, Kerala
  Ph: 0469 – 2681150, Mob. 9496873951

### INFRASTRUCTURE OF MPCCET, BHILAI

- **Separate Hostels** for boys and girls, Indoor & Out door Sports, Drinking water Cooler with Aqua guard, ATM (SBI) / ISD / STD / PCO inside campus, Students Store, with in campus FROM 10.00 AM to 7.00 P.M., **Wi-Fi enabled campus**, Generator for electrical Power backup, **Scholarships and Awards** e-library

### THE TRAINING AND PLACEMENT CELL

**100 % campus placement of 2008 batch for eligible students.**

The Training and Placement Cell (TPC) of the college guides and helps the students in search for a good career and had been successful in bringing many reputed organizations to the campus scouting for talent. Some of the leading organizations that had visited the college in the previous years.

- **Tata Motors, Satyam Computers ,Hyderabad, HCL Info Systems, IBM Daksh, Persistent, Godrej InfoTech, Convergence, Win-It Software, Hyderabad, I-theeta Software ,Bangalore, Honeywell International, Universal Transformers, Sasken Communication Technologies Ltd. IMI Soft, Bangalore.**

# അടൂർ സെ. ജോർജ് ഓർത്തഡോക്സ് അരമനപ്പള്ളി, പറന്തൽ

# വിധേയത്വത്തിന്റെ ഉത്തമ മാതൃക

പരിശുദ്ധ സഭയുടെ ആനുകാലിക വളർച്ച, വികാസം ആദിയായവയുടെ പ്രകടനഭാവമായി 2010-ൽ പുതിയ ഭദ്രാസനങ്ങൾ ഉടലെടുത്തു. പരിശുദ്ധ സുന്നഹദോസിന്റെയും അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയുടെയും കൂട്ടായ തീരുമാനപ്രകാരം ഓരോ ഭദ്രാസനത്തിലും ഉൾപ്പെടുത്തേണ്ട പള്ളികളെപ്പറ്റി ധാരണയാവുകയും, അതിൻപ്രകാരം ഭദ്രാസനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. സഭയുടെ പാരമ്പര്യത്തിൽ, പുതിയ ഭദ്രാസനം രൂപം പ്രാപിക്കുമ്പോൾ ഇടവകാംഗങ്ങളുടെയിടയിൽ ഹിതപരിശോധന നടത്തിയല്ല പ്രഖ്യാപനം നടത്തുന്നത്; പരിശുദ്ധ സഭയുടെ നന്മയ്ക്കായുള്ള തീരുമാനം ഇടവകാംഗങ്ങൾ ഹൃദയംഗമായി ഉൾക്കൊള്ളുകയാണ് ചെയ്യുന്നത്.

എന്നാൽ, വികാരപരമായി ഇത്തരം തീരുമാനങ്ങളെ സമീപിക്കുമ്പോൾ പിതാക്കന്മാരുടെ കല്പനകളെ ഉൾക്കൊള്ളുവാൻ സാധിക്കാതെ വരും. 2010-ൽ പുതിയ ഭദ്രാസനങ്ങൾ രൂപപ്പെട്ടപ്പോൾ അതിലൊരു ഭദ്രാസനമായി അടൂർ-കടമ്പനാട് ഭദ്രാസനം രൂപപ്പെട്ടു 49 പള്ളികളാണ് ഈ ഭദ്രാസനത്തിലുണ്ടായിരുന്നത്. എന്നാൽ, പറന്തൽ സെന്റ് ജോർജ് ഇടവക ഈ ഭദ്രാസനത്തിൽ ചേർക്കപ്പെടുന്നതിനെതിരെ ആദ്യ ഘട്ടത്തിൽ മുഖം തിരിച്ചു നിന്നു.

മലങ്കര സഭയുടെ ഗാനകോകിലം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ ആസ്ഥാനദേവാലയവും, ഭദ്രാസന കേന്ദ്രവുമായിരുന്നു ഈ ഇടവക. പന്തളം-അടൂർ റൂട്ടിൽ, എം.സി. റോഡരുകിൽ തലയുയർത്തി നില്ക്കുന്ന ഈ ദേവാലയം മലങ്കരസഭയുടെ അഭിമാന സ്തംഭമാണ്. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ 'മ്ശംശോനോ' സ്ഥാനം പ്രാപിച്ചത് ഈ ദേവാലയത്തിൽ വെച്ചാണ്. ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത ഇപ്പോഴത്തെ കൽക്കട്ടാ ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ തുടങ്ങിയവർ ഈ ഇടവകയുടെ മുൻ വികാരിമാരായിരുന്നു. തുമ്പമൺ ഭദ്രാസനത്തിനകത്തും, പുറത്തുമുള്ള ശ്രേഷ്ഠരായ വൈദികർ ഈ ഇടവകയുടെ വികാരി സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഇടവകയുടെ ആരംഭംമുതൽ തുമ്പമൺ ഭദ്രാസനത്തോടും, സഭാതലവന്മാരോടും ഈ ഇടവക പുലർത്തിയിരുന്ന അഭേദ്യ ബന്ധം വർണ്ണനാതീതമാണ്. എം.സി. റോഡരുകിലായതിനാൽ, പല പിതാക്കന്മാരും യാത്രാ മദ്ധ്യേ ഇടവക സന്ദർശിക്കുകയും, അനുഗ്രഹാശിസ്സുകൾ നേരുകയും ചെയ്യാറുണ്ട്. കാലാകാലങ്ങളിൽ തുമ്പമൺ ഭദ്രാസനത്തെ നയിച്ച അഭിവന്ദ്യ പിതാക്കന്മാരുടെ പ്രീതി വാത്സല്യം ആവോളം ഇടവക ആസ്വദിച്ചിട്ടുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ്, പുതിയൊരു ഭദ്രാസനത്തിലേക്ക് ഇടവക മാറ്റപ്പെടുന്നുവെന്ന തോന്നൽ ഇടവകാംഗങ്ങളിൽ ആശങ്ക സൃഷ്ടിച്ചത്. ഇടവകാംഗങ്ങളുടെ നിഷ്കളങ്കതയിൽ നിന്നുയർന്ന വികാര തീവ്രത പ്രതിഷേധത്തിലേക്കും, എതിർപ്പിലേക്കുമൊക്കെ നയിച്ചു. എന്നാൽ, പരിശുദ്ധസഭയെന്ന ഹൃദ്യമായ ആശയവും, നൈർമല്യവും ഉൾക്കൊണ്ടപ്പോൾ അതിന് വിധേയപ്പെടുവാൻ ഇടവക ഒന്നടങ്കം തീരുമാനിച്ചു.

2011 മാർച്ച് 13-ന് അടൂർ കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഡോ. സഖറിയാസ് മാർ അപ്രേം ഇടവക സന്ദർശിച്ചു. എതിർപ്പിന്റെ അംശങ്ങൾ നിലനിന്ന അന്തരീക്ഷത്തിൽ, അഭി. തിരുമേനിയുടെ വി. ബലി അർപ്പിക്കുകയും, തികച്ചും പക്വമായ ആശയങ്ങൾ സംവേദിപ്പിക്കുകയും ചെയ്തു. വി. കുർബ്ബാനയിൽ സംബന്ധിച്ചവർ ഉൾക്കൊണ്ട ഹൃദയ നൈർമ്മല്യവും, തിരുമേനിയുടെ സൗമ്യമായ പ്രതികരണവും ജനങ്ങളിൽ ഒരു നൂതന ആദ്ധ്യാത്മികത തന്നെ ഉളവാക്കി. പ്രാർത്ഥനാപൂർവ്വം, വി. ബലി അർപ്പണത്തിന്റെ പവിത്രതയോടെ പ്രതിസന്ധികളെ അതിജീവിക്കാം എന്നുള്ളതിന്റെ ഉത്തമ നിദർശനമായിരുന്നു ഇത്.

മാർച്ച് 20 ഞായറാഴ്ച ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. തോമസ് മാർ അത്താനാസിയോസ് പ. സഭയുടെ പ്രതിനിധിയായി ഇടവക സന്ദർശിച്ചു. സഭയുടെ തീരുമാനത്തോട് ചേർന്നു നിൽക്കുവാൻ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അഭി. അത്താനാസിയോസ് തിരുമേനിയുടെ സമയോചിതമായ ഇടപെടലും പക്വവുമായ സമീപനവും ഇടവകാംഗങ്ങൾ ഒന്നടങ്കം ഉൾകൊള്ളുകയും അടൂർ-കടമ്പനാട് മെത്രാസനത്തോട് ഇടവക ചേർന്നു നിൽക്കുമെന്ന് ഹർഷാരവത്തോടെ തീരുമാനിക്കുകയും ചെയ്തു.

മാർച്ച് 27 ലെ ഇടവക പൊതുയോഗത്തിനുശേഷം, ഇടവക വികാരി റ്റി. എം. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ ഭദ്രാസനാധിപനെ സന്ദർശിക്കുകയും ഇടവകയുടെ ഭക്ത്യാദരവുകൾ രേഖപ്പെടുത്തുകയും ചെയ്തു. പ്രശ്നപരിഹാരത്തിനായി കണ്ണുനീരോടുകൂടി നിരന്തരം ദൈവസന്നിധിയിൽ പ്രാർത്ഥിക്കുകയും സഹജമായ ശാന്തതയോടും വിനയത്തോടുംകൂടി ഇടവകാംഗങ്ങളെ ബോധവത്കരിക്കുകയും ചെയ്ത ഇടവകയുടെ വികാരി ദിവ്യ.ശ്രീ.റ്റി.എം. ഏബ്രഹാം കോർഎപ്പിസ്ക്കോപ്പായുടെ നിശബ്ദമായ പ്രവർത്തനം എത്ര പ്രകീർത്തിച്ചാലും മതിയാവുകയില്ല.

പൂർവ്വ പിതാക്കന്മാരുടെ മദ്ധ്യസ്ഥത, പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രാർത്ഥനാപൂർണ്ണമായ പിന്തുണ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ അപ്രേം തിരുമേനിയുടെ പരിപക്വമായ നേതൃത്വം, വികാരി റ്റി. എം. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ സമചിത്തത, മുൻവികാരിമാർ, ദേശത്തുപട്ടക്കാർ ആദിയായവരുടെ ഉചിതമായ ഇടപെടലുകൾ, മാനേജിംഗ് കമ്മറ്റിയുടെയും ആദ്ധ്യാത്മിക സംഘടനയുടെ ചുമതലക്കാരുടെയും സഭാസ്നേഹികളായ ഇടവകാംഗങ്ങളുടെയും വിധേയത്വഭാവം ആദിയായവ പ. സഭയുടെ തീരുമാനം അതേപടി നടപ്പിലാക്കുന്നതിന് ഉചിതമായ സാഹചര്യം സൃഷ്ടിച്ചു. ഏവരും പ. സഭയുടെ അഭിനന്ദനം അർഹിക്കുന്നു.

അടൂർ സെന്റ് ജോർജ് ഇടവകയുടെ സമീപനം മാതൃകയും വിധേയത്വത്തിന്റെ പൊന്നൊളി വിതറുകയും ചെയ്യുവാൻ പ്രേരകമാകട്ടെ. എന്റെ ഇടവക, ഭദ്രാസനം എന്നതിലുപരി സഭയെന്ന ചിന്ത ഏവരിലും പുലരട്ടെ.

*Fr. W. M*

# സമന്വയ പാതയിൽ
# പുതിയ ചുവടുവയ്പുകൾ



**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത**

കത്തോലിക്കാ സഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ദൈവശാസ്ത്രസംവാദത്തിനുള്ള അന്താരാഷ്ട്ര സംയുക്ത സമിതിയുടെ എട്ടാമതു യോഗം റോമിൽ വത്തിക്കാനിലുള്ള ക്രിസ്തീയ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ സമിതി ആസ്ഥാനത്ത് 2011 ജനുവരി 25 – 28 വരെ നടന്നു. മലങ്കരസഭയുടെ പ്രതിനിധികളായി ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ. യൂഹാനോൻ മാർ ദിമത്രയോസ് എന്നിവർ പങ്കെടുത്തു.

**സംവാദത്തിൽ ക്രിസ്ത്വബ്ദം അഞ്ചാം നൂറ്റാണ്ടിന്റെ പകുതിവരെ സഭകൾ തമ്മിലുള്ള സംസർഗ്ഗവും, സമ്പർക്കവും എന്ന വിഷയം** സംബന്ധിച്ചായിരുന്നു പ്രധാന ചർച്ച. **സന്യാസപ്രസ്ഥാനത്തിന്റെ സംഭാവന** മറ്റൊരു പഠനവിഷയമായിരുന്നു. രണ്ടു സഭാപാരമ്പര്യങ്ങളിൽ നിന്നുമായി ഈ വിഷയം ആസ്പദിച്ച് എട്ടു പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അവയിലൊന്ന് ലേഖകന്റേതായിരുന്നു. **ക്രിസ്ത്വബ്ദം അഞ്ചാം നൂറ്റാണ്ടിന്റെ പകുതിവരെ ഇൻഡ്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മറ്റു സഭകളുമായുള്ള സംസർഗ്ഗവും സമ്പർക്കവും - ഒരു ഇൻഡ്യൻ ഓർത്തഡോക്സ് വീക്ഷണം** എന്നതായിരുന്നു തലക്കെട്ട്. ക്രിസ്ത്വബ്ദം 52 ൽ മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ സഭ സ്ഥാപിച്ചു. കേരളം ഭാരതത്തിന്റെ തെക്കുപടിഞ്ഞാറുകോണാണ്. സമുദ്രതീരത്തോട് ചേർന്നുവരുന്ന ഭാഗം. കേരളം സുഗന്ധ വ്യഞ്ജനങ്ങളുടെ നാടാണ്. ക്രിസ്തുവിന് ഏതാണ്ട് മൂവായിരമോ അതിലപ്പുറമോ ആണ്ടുകൾക്കുമുമ്പു തന്നെ അറബികൾ, അസ്സീറിയർ, ബാബിലോണ്യർ, ഫെനീഷ്യർ, ഗ്രീക്കുകാർ, റോമാക്കാർ, ചൈനാക്കാർ, ഇസ്രായേല്യർ എന്നിങ്ങനെ കിഴക്കും പടിഞ്ഞാറുമുള്ള രാജ്യങ്ങൾ കേരളവുമായി വാണിജ്യബന്ധം പുലർത്തിയിരുന്നു. ക്രിസ്തുവിനു മുമ്പു തന്നെ യഹൂദർ കേരളത്തിൽ കുടിയേറി പാർത്തിരുന്നു. കൊച്ചിയിലെ യഹൂദസംഘാലയം (സുന്നഗോഗ്) യഹൂദ സാന്നിദ്ധ്യത്തിന്റെ മറ്റൊരു തെളിവാണ്. കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നും കണ്ടെടുത്തിട്ടുള്ള റോമൻ നാണയങ്ങൾ റോമൻ സാമ്രാജ്യത്തിന് കേരളവുമായി പരക്കെ ഉണ്ടായിരുന്ന വ്യാപാരബന്ധത്തിന് തെളിവായി വരുന്നു. ഇക്കാരണങ്ങളാൽ തോമസ് അപ്പോസ്തോലനുശേഷം കേരളത്തിലെ സഭക്ക് മറ്റു സഭകളുമായി സമ്പർക്കമുണ്ടായിരുന്നു എന്ന വസ്തുതക്ക് ചരിത്രസാധുതയേറുന്നു.

തോമാശ്ലീഹക്കുശേഷം ഒരു നൂറ്റാണ്ടിലേറെക്കാലം കേരളസഭക്ക് മറ്റു സഭകളുമായുള്ള ബന്ധം സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ല. അലക്സാന്ത്രിയൻ വേദവിദ്യാപീഠത്തിന്റെ അധ്യക്ഷനായിരുന്ന **പന്തേനൂസ്** എ.ഡി. 190 ൽ മലബാർ സന്ദർശിച്ചു. സഭയെ വിശ്വാസത്തിലുറപ്പിച്ചു. വീണ്ടും ഏതാണ്ട് ഒരു നൂറ്റാണ്ടിനു ശേഷം പേർഷ്യയിൽ ബസ്റായുടെ മേൽപട്ടക്കാരനായിരുന്ന **ദൂദി (ഡേവിഡ്)** മലബാറിലെ മാർത്തോമ്മാ ക്രിസ്ത്യാനികളെ സന്ദർശിച്ചു. മലബാറിലെ ക്രിസ്ത്യാനികളുടെ ആവശ്യപ്രകാരം ആയിരുന്നു പേർഷ്യയിലെ കാതോലിക്കോസായിരുന്ന പാപ്പാ ദൂദിയെ അയച്ചത്. ക്രിസ്ത്വബ്ദം 325 ൽ നടന്ന നിഖ്യാസുന്നഹദോസ് നിശ്ചയങ്ങൾക്ക് കൈയൊപ്പ് ചാർത്തിയ 318 പിതാക്കന്മാരിൽ പേർഷ്യയുടെയും മഹാ ഇൻഡ്യയുടെയും മേൽപട്ടകാരൻ **യോഹന്നാനും** ഉണ്ടായിരുന്നു. ക്രിസ്ത്വബ്ദം 345 ൽ ഉറഹ



(എഡേസ്സാ) യിൽ നിന്ന് **ക്നായി തോമയും സംഘവും** കൊടുങ്ങല്ലൂരിൽ എത്തി. പേർഷ്യയിലെ ഷാപുർ രണ്ടാമൻ രാജാവിന്റെ പീഡനത്തെത്തുടർന്ന് പലായനം ചെയ്ത് വന്നവരാണിവർ. ഒരു പാരമ്പര്യപ്രകാരം ക്രിസ്തബ്ദം 345 ൽ കൊടുങ്ങല്ലൂരിൽ എത്തിയ ക്നായിതോമയോടും സംഘത്തോടുമൊപ്പം സെലൂക്യ ആസ്ഥാനമായുള്ള പൗരസ്ത്യകാതോലിക്ക അയച്ച **എഡേസ്സായിലെ മേൽപട്ടക്കാരൻ ജോസഫും** ഉണ്ടായിരുന്നു.

**ഇൻഡ്യക്കാരൻ തെയോഫിലോസ്** എന്നറിയപ്പെടുന്ന ഒരു മേൽപട്ടക്കാരനെ ക്രിസ്തബ്ദം 354 ൽ കോൺസ്റ്റാന്റിയസ് ചക്രവർത്തി ഇൻഡ്യയിലേക്കയച്ചു. അദ്ദേഹം കണ്ടുമുട്ടിയ ക്രിസ്ത്യാനികൾ സുവിശേഷവായന ഇരുന്നുകൊണ്ടു കേൾക്കുന്നതായി കണ്ട് അത് തിരുത്തി എന്ന് ചരിത്രത്തിൽ കാണുന്നു (മതഗ്രന്ഥങ്ങൾ ഇരുന്നുകൊണ്ട് വായിച്ചു കേട്ടു ധ്യാനിക്കുന്ന പതിവാണല്ലൊ ഹിന്ദുമതാചാരം). മലബാറിലുണ്ടായിരുന്ന സഭ തീർത്തും ദേശീയമായിരുന്നു. തദ്ദേശ സംസ്കാരത്തിൽ ഊന്നിവളർന്നതിന്റെ ചിഹ്നങ്ങൾ ജീവിതത്തിലും ആരാധനയിലും നിലനിർത്തിയിരുന്നു.

അഞ്ചാംനൂറ്റാണ്ടിൽ പൗരസ്ത്യസുറിയാനി (ഈസ്റ്റ് സിറിയൻ) സഭയുടെ വേദവിദ്യാകേന്ദ്രമായി എഡേസ്സാ വളർന്നു. മലബാറിൽ നിന്നും വേദാഭ്യാസത്തിനായി വിദ്യാർത്ഥികൾ പോയിരുന്നു. കോമായ് എന്ന പിതാവ് റോമാലേഖനം ഗ്രീക്കിൽ നിന്ന് സുറിയാനിയിലേക്ക് തർജ്ജമ ചെയ്യുന്നതിൽ **ദാനിയേൽ** എന്ന **ഇൻഡ്യൻ പുരോഹിതൻ** സഹായിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. മലബാറിൽ നിന്നുള്ള വേദവിദ്യാർത്ഥികളുടെ സാന്നിധ്യവും വേദവിദ്യയിലുള്ള അവരുടെ മികവും പേർഷ്യൻ സഭയുമായി മലബാറിലെ മാർത്തോമ്മ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന സമ്പർക്കവും സംസർഗവും ഊന്നിപറയുന്നതാണ് ഈ ചരിത്രരേഖ.

ഇങ്ങനെ ആദിമകാലത്ത് അലക്സാന്ത്രിയ, പേർഷ്യ ആദിയായ സഭകളുമായി മലബാറിലെ മാർത്തോമ്മ ക്രിസ്ത്യാനികൾക്ക് സമ്പർക്കവും സംസർഗ്ഗവും ഉണ്ടായിരുന്നു. അഞ്ചാം നൂറ്റാണ്ടിന്റെ മധ്യം വരെയുള്ള ചരിത്രം പ്രത്യേകമായി പഠിക്കുമ്പോൾ ഇൻഡ്യയിലെ മാർത്തോമ്മശ്ലീഹായുടെ സഭ വൈദിക കൈവയ്പിന്റെ അപ്പോസ്തോലിക പിന്തുടർച്ച നിലനിർത്തുന്നതിനായി ഇതര സഭകളെ ആശ്രയിച്ചിരുന്നു എന്നതു ശരിതന്നെ. എന്നാൽ അതേസമയം ആധ്യാത്മികവും ഭൗതികവുമായ സഭാഭരണസംവിധാനത്തിൽ സഭ സ്വതന്ത്രവും ദേശീയവുമായിരുന്നു. ഇൻഡ്യൻ സഭയുമായി സംസർഗ്ഗത്തിലും സമ്പർക്കത്തിലുമായിരുന്ന സഭകൾ ഒന്നും തന്നെ അധീശഭാവം കാട്ടിയിരുന്നില്ല; അങ്ങനെയൊരാവശ്യം ഉള്ളതായി ആ സഭകൾക്കു തോന്നിയിരുന്നില്ല എന്നതാണ് സത്യം. കേരളത്തിലെ ആദിമസഭയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത് ഇൻഡ്യൻ സഭക്ക് മറ്റേതു പുരാതന സഭയ്ക്കുമെന്നപോലെ വിശ്വാസത്തിൽ കാതോലികവും അപ്പോസ്തോലികവുമായി നിലകൊള്ളുമ്പോൾ തന്നെ സംസ്കാരത്തിൽ ദേശീയവും സഭാഭരണക്രമത്തിൽ സ്വതന്ത്രവുമായി നിലകൊള്ളാൻ കഴിയും എന്നത്രേ. ദേശീയതയുടെ തനിമയും അതിന്റെ ആവിഷ്കാരങ്ങളും അടയാളങ്ങളും വഴി ഉണ്ടാകുന്ന സ്വത്വവും സ്വാഭിമാനവും മറ്റു സഭകളുമായുള്ള നമ്മുടെ സഭയുടെ തുറവിയും ബന്ധവും അപകടത്തിലാക്കുന്നില്ല. മാത്രമല്ല ഒന്ന് മറ്റൊന്നിനുമേൽ അധികാരാവകാശങ്ങൾ ഉന്നയിക്കാതെയും ഉണ്ടാക്കിയെടുക്കാതെയും പരസ്പരം സമ്പന്നമാക്കിക്കൊണ്ട് ഒന്നിച്ചുനിലകൊള്ളാനാവും. സാമ്രാജ്യത്വത്തിന്റെയും അധിനിവേശത്തിന്റെയും മാതൃകകൾ സ്വാംശീകരിച്ചുകൊണ്ടുള്ള വേദവ്യാഖ്യാനവും ചരിത്രവ്യാഖ്യാനവും വേദശാസ്ത്രാവിഷ്ക്കാരവും സ്വീകരിക്കുവാനുള്ള പ്രവണത പൂർണ്ണമായും ചെറുത്ത് അകറ്റുവാനും ക്രിസ്തുവിൽ നാം പ്രതിജ്ഞാബദ്ധരാകുന്നു.

■ ■

**എന്റെ ഊഴം വന്നപ്പോൾ കേരളത്തിലെ ഓർത്തഡോക്സ് സഭയിൽ നിന്നുള്ള മെത്രാപ്പോലീത്തയാണ് ഞാൻ എന്ന് സ്വയം പരിചയപ്പെടുത്തിത്തുടങ്ങുമ്പോൾ തന്നെ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നല്ലേ എന്ന് അദ്ദേഹം എടുത്തുചോദിച്ചത് ശ്രദ്ധേയമായി എനിക്ക് അനുഭവപ്പെട്ടു.**

■ ■

**സംവാദ ചിന്തകൾ**

1. മുൻപറഞ്ഞപ്രകാരം ഇൻഡ്യയിലെ ഓർത്തഡോക്സ് സഭ അലക്സാന്ത്രിയൻ, പേർഷ്യൻ സഭകളുമായി ആദിമനൂറ്റാണ്ടുകളിൽ ബന്ധപ്പെട്ടിരുന്നു. പട്ടാഭിഷേകത്തിനാവശ്യമായ അപ്പോസ്തോലിക പിന്തുടർച്ച നിലനിർത്തുന്നതിനായി ഇത് ആവശ്യമായി വന്നിരുന്നു. എങ്കിലും ഇൻഡ്യൻ സഭ സ്വതന്ത്രമായിരുന്നു എന്ന എന്റെ പ്രബന്ധത്തിന്റെ നിലപാട് സമിതിയിലെ അന്ത്യോക്യൻ സഭയുടെ പ്രതിനിധികൾ ഒഴിച്ച് എല്ലാ പണ്ഡിതർക്കും സ്വീകാര്യമായിരുന്നു. അവരാകട്ടെ പേർഷ്യയിലും അതിലൂടെ ഇൻഡ്യയിലും കിഴക്കൻ പ്രദേശത്തുമുള്ള എല്ലാ സഭകളും അന്ത്യോക്യൻ പാത്രിയർക്കേറ്റിന്റെ അധികാരത്തിനുകീഴിൽ ആയിരുന്നു എന്നു വാദിച്ചു. ഇത് അർമീനിയൻ സഭാപ്രതിനിധികൾ തള്ളിക്കളഞ്ഞു. കാരണം അർമീനിയൻ സഭക്ക് പുരാതന പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്നു. അന്ത്യോക്യൻ സഭക്ക് പേർഷ്യൻ സഭമേൽ മേൽക്കോയ്മ ഉണ്ടായിരുന്നുവെന്നു വാദിക്കുമ്പോൾ അർമീനിയൻ സഭമേലും അത് അധീശത്വം പുലർത്തിയിരുന്നു എന്നും വരുന്നു. ഇത് ചരിത്രപരമായി ശരിയല്ല. എല്ലാ കത്തോലിക്കാ പണ്ഡിതരും മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികളും അന്ത്യോക്യൻ സഭയുടെ ഈ വാദം ചരിത്രപരമായി സാധുതയുള്ളതല്ല എന്ന നിലപാട് ഉറപ്പിച്ചുപറഞ്ഞു.

2. കോപ്റ്റിക് സഭയുടെ പ്രതിനിധി അംബാ ബിഷോയ് അവതരിപ്പിച്ച പ്രബന്ധത്തിൽ ക്രിസ്തബ്ദം മൂന്നും നാലും നൂറ്റാണ്ടുകളിൽ പ്രത്യേകിച്ചും അലക്സാന്ത്രിയൻ പിതാക്കന്മാർ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിലും അതുവഴി സഭയുടെ ഐക്യം നിലനിർത്തുന്നതിലും വഹിച്ച പങ്ക് വിശദമായി പ്രതിപാദിച്ചു. അതേ തുടർന്നു വന്ന ചർച്ചയിൽ കോപ്റ്റിക് സഭയുടെയും അതിന്റെ തലവന്മാരുടേയും ഈ മഹത്തായ സംഭാവന ആ സഭക്ക് മറ്റു സഭകളുടെ മേൽ അധീശത്വം ഉണ്ടെന്ന് വരുത്താൻ കാരണമായി കോപ്റ്റിക് സഭ കാണുന്നില്ല എന്നു അംബാ ബിഷോയ് കൂട്ടിച്ചേർത്തു.

ദുബായ് സെന്റ്. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ

# ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

**ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ** ഈ വർഷം നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്ക്, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഓർത്തഡോക്സ് സഭാ അംഗങ്ങളിൽ നിന്നും മറ്റു മതസ്ഥരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചുകൊണ്ട് സഹായം നൽകുന്നു.



## ഹൃദയപൂർവ്വം

ഹൃദയ ശസ്ത്രക്രിയക്കായി ഒരു ലക്ഷം രൂപവരെയുള്ള സഹായം, ഓർത്തഡോക്സ് സഭാംഗങ്ങൾക്കും, മറ്റ് മതസ്ഥർക്കും നൽകുന്നു.



## സാന്ത്വനം

വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി ഒന്നര ലക്ഷം രൂപവരെയുള്ള സഹായം, ഓർത്തഡോക്സ് സഭാംഗങ്ങൾക്കും, മറ്റ് മതസ്ഥർക്കും നൽകുന്നു.



## പാർപ്പിടം (ഭവനസഹായം)

ഭവനരഹിതരായവർക്ക് 2 ലക്ഷം രൂപാ ചെലവ് പ്രതീക്ഷിക്കുന്ന 10 ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നു.

*ഹൃദയപൂർവ്വം, സാന്ത്വനം എന്നിവയ്ക്കുള്ള അപേക്ഷകൾ ഡോക്ടറുടെ സാക്ഷ്യപത്രവും, ഇടവക വികാരിയുടെ ശുപാർശ കത്തും, വരുമാന സർട്ടിഫിക്കറ്റും സഹിതം അപേക്ഷിക്കുക.*

*ഭവന സഹായത്തിനുള്ള അപേക്ഷകൾ, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, വില്ലേജാഫീസിൽ നിന്നും ലഭിക്കുന്ന ബാധ്യതാ സർട്ടിഫിക്കറ്റ്, ഇടവക വികാരിയുടെ ശുപാർശ കത്തും, ഭദ്രാസനമെത്രാപ്പോലീത്തായുടെ കത്തും സഹിതം അപേക്ഷിക്കുക.*

*സ്വന്തമായി സ്ഥലമില്ലാത്തവർക്ക് ഏതെങ്കിലും വ്യക്തിയോ, ഇടവകയോ, ഭദ്രാസനമോ വീട് വയ്ക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകുവാൻ തയ്യാറാണെങ്കിൽ പ്രസ്തുത ഇടവകയിൽനിന്നോ, ഭദ്രാസനത്തിൽനിന്നോ നൽകുന്ന സാക്ഷ്യപത്രം സഹിതം അപേക്ഷിക്കുക.*

**അപേക്ഷകൾ അയക്കേണ്ട വിലാസം :**

The Vicar
St. Thomas Orthodox Cathedral
P.O. Box No. 2563
Dubai, U. A. E

അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2011 ജൂൺ 15

ഇതോടൊപ്പം അന്ത്യോക്യൻ സഭയുടെ പ്രതിനിധി മാർ തെയോഫിലോസ് ജോർജ് സലീബ ഇങ്ങനെ അഭിപ്രായപ്പെട്ടു: ശ്ലീഹന്മാരിൽ മുമ്പനായിരുന്ന പത്രോസ് സ്ഥാപിച്ചതാണ് അന്ത്യോക്യൻസഭ. പത്രോസിന്റെ പിൻഗാമിയാണു അന്ത്യോക്യൻ സഭയുടെ പാത്രിയർക്കീസ്. ശ്ലീഹന്മാരുടെയിടയിൽ പത്രോസിന് ഉണ്ടായിരുന്ന മുൻഗണന അദ്ദേഹത്തിന്റെ പിൻഗാമിയായിവന്ന അന്ത്യോക്യൻ പാത്രിയർക്കീസിന് അവകാശമായി വരുന്നെന്നും അതുവഴി അന്ത്യോക്യൻ പാത്രിയർക്കീസന്മാർക്ക് മറ്റു സഭകളുടെമേൽ അധികാരമുണ്ടെന്നും അന്ത്യോക്യൻ സഭ വിശ്വസിക്കുന്നില്ല.

3. കൽക്കദ്ദൂൻ സുന്നഹദോസിന്റെ കാലം വരെ സഭകൾ തമ്മിലുള്ള ബന്ധം അന്യോന്യതയിൽ അധിഷ്ഠിതമായിരുന്നു. പരസ്പരം ധൈര്യപ്പെടുത്തിയും തിരുത്തിയും സമ്പന്നമാക്കിയും സഹായിച്ചും കത്തുകൾ അയച്ചും സുന്നഹദോസ് തീരുമാനങ്ങൾ അറിയിച്ചും ദൈവശാസ്ത്രപരമായ വിഷയങ്ങൾ വ്യക്തമാക്കിയും പോവുക സഭകൾ തമ്മിലുള്ള കൂട്ടുത്തരവാദിത്തമായി കണ്ടു. കേന്ദ്രീകൃതമായ ചട്ടക്കൂട് ഉണ്ടായിരുന്നില്ല. അധീശഭാവം ലേശംപോലും ആവശ്യമായി തോന്നിയിരുന്നില്ല. മേൽപട്ടക്കാരെയും പട്ടക്കാരേയും അഭിഷേകം ചെയ്യുന്നതിനുവേണ്ടി അപ്പോസ്തോലിക കൈവയ്പിന് സഭകൾ പരസ്പരം സഹായിച്ചിരുന്നു. ഇത് അധികാരത്തിന്റെ കീഴ്മേൽ സങ്കല്പങ്ങളുടെ അടിസ്ഥാനത്തിലായിരുന്നില്ല. തീർത്തും സൗഹാർദ്ദപരം. അധിനിവേശ സംസ്കാരം സുവിശേഷാധിഷ്ഠിതമല്ലെന്ന തിരിച്ചറിവ് നിലനിന്നകാലം. ഈ കാലഘട്ടത്തിലെ സഭാ ചരിത്രവും സഭാവിജ്ഞാനീയവും ദൈവശാസ്ത്രവും അധികാരാധിനിവേശസങ്കല്പങ്ങളിലൂടെ വ്യാഖ്യാനിക്കുന്ന രീതിശാസ്ത്രം ശരിയാവുകയില്ല. ഈ കാര്യത്തിൽ കത്തോലിക്കാ ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ഏകാഭിപ്രായക്കാരായിരുന്നു എന്നതാണ് ഈ സംവാദത്തിന്റെ പ്രത്യേകതയായി ഞാൻ കണ്ടത്.

4. മാർപാപ്പായുടെ പരമാധികാരം സംബന്ധിച്ച് കത്തോലിക്കാസഭ നാളതുവരെ ഉന്നയിച്ചിരുന്ന വാദഗതികളിൽ നിന്ന് വ്യക്തമായൊരു വ്യതിയാനം ഇത്തവണ റോമിൽകൂടിയ കത്തോലിക്കാസഭയുടേയും ഓറിയന്റൽ സഭകളുടേയും സംവാദസന്ദർഭം കത്തോലിക്കാസഭാപണ്ഡിതർ സമർപ്പിച്ച പ്രബന്ധങ്ങളിലും ചർച്ചകളിലൂടെയുള്ള അവരുടെ ഇടപെടലുകളിലും വ്യക്തമായിക്കാണാമായിരുന്നു. ഉദാഹരണമായി ഓസ്ട്രിയയിൽ സാൽസ്ബർഗ് യൂണിവേഴ്സിറ്റി പ്രൊഫസർ ഡീറ്റ്മർ വിങ്ക്ളർ സമർപ്പിച്ച പ്രബന്ധത്തിൽ ഇങ്ങനെ എടുത്തു പറയുന്നു, റോമിലെ സഭ പത്രോസോ പൗലോസോ സ്ഥാപിച്ചതല്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രതി അവർ റോമിൽ വച്ചു മരിച്ചു ആദികാലം മുതൽ അവരെ വണങ്ങുകയും റോമിലെ സഭയുമായി ചേർത്തുചിന്തിക്കുകയും ചെയ്യുന്നു. വ്യാപാരം, ആശയസംവേദനം, രാഷ്ട്രീയാധികാരം എന്നിവയുടെ കേന്ദ്രമായിരുന്നു റോം. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ജീവിതാവസാനനാളുകൾ റോമിൽ ചിലവഴിച്ചതും അവിടെ സാക്ഷിമരണം പ്രാപിച്ച് സംസ്ക്കരിക്കപ്പെട്ടതും റോമിലെ സഭയ്ക്ക് പ്രാധാന്യമുണ്ടാവാൻ കാരണമായി. പത്രോസിന്റെ പരമാധികാരം എന്ന ബലഹീനമായ ദൈവശാസ്ത്രപരമായ അടിസ്ഥാനത്തിൽ നിന്ന് കുറേക്കൂടെ യുക്തിസഹമായ ദിശയിലേക്കുള്ള വ്യതിയാനം ഇതിലൂടെ ഉണ്ടായി. അതേ സമയം റോമിന്റെ പ്രാധാന്യം അധീശത്വമായി വ്യാഖ്യാനിക്കാതിരിക്കാനുള്ള വിവേകവും വ്യക്തമായി രൂപപ്പെട്ടുവരണം. ഈ വഴിക്ക് നീങ്ങുന്നത് സഭകൾ തമ്മിലുള്ള ഐക്യത്തിന് കൂടുതൽ സഹായകമാവും എന്നതിന് സംശയമില്ല.


**മാർപാപ്പായുമായുള്ള കൂടിക്കാഴ്ച**

2011 ജനുവരി 28 വെള്ളിയാഴ്ച വത്തിക്കാനിൽ വച്ച് പരിശുദ്ധ ബനഡിക്റ്റ് മാർപ്പാപ്പായുമായി സംവാദസമിതി അംഗങ്ങൾക്ക് പ്രത്യേക അഭിമുഖം ഉണ്ടായിരുന്നു. ഹ്രസ്വമെങ്കിലും ഹൃദ്യമായിരുന്നു കൂടിക്കാഴ്ച. സംവാദ സമിതിയിലെ അംഗങ്ങളെ വത്തിക്കാനിൽ സ്വീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: കത്തോലിക്കാസഭയും ഓറിയന്റൽ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ദൈവശാസ്ത്ര സംവാദത്തിനായുള്ള അന്താരാഷ്ട്ര സംയുക്തസമിതിയെ വളരെ സന്തോഷത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു. നിങ്ങളിലൂടെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ അധ്യക്ഷരായ സമാദരണീയരായ എന്റെ സഹോദരരോട് ഞാൻ എന്റെ അഭിവാദനം അറിയിക്കുന്നു. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ മേലധികാരികളുടെയും കത്തോലിക്കാസഭയിലെ സഭകളുടെ ഐക്യത്തിനായുള്ള പൊന്തിഫിക്കൽ സമിതിയുടെയും കൂട്ടുത്തരവാദിത്തത്തിൽ 2003 ൽ ആരംഭിച്ച ഈ സംവാദ സമിതിയുടെ പ്രവർത്തനത്തോട് എനിക്ക് നന്ദിയുണ്ട്. നിങ്ങളറിയും പോലെ 2003 – 2009 വരെയുള്ള ആദ്യഘട്ടത്തിൽ സഭയുടെ സ്വഭാവം, ഘടന, ദൗത്യം ഇവയെ ആസ്പദിച്ച് ഈ സംവാദസമിതി ഓറിയന്റൽ ഓർത്തഡോക്സ് സഭകളും കത്തോലിക്കാസഭയും പൊതുവായി പങ്കിടുന്ന സഭയുടെ അടിസ്ഥാന പ്രമാണങ്ങളുടെ രൂപരേഖയുണ്ടാക്കുന്നതിനും തുടർന്നുള്ള ഘട്ടങ്ങളിൽ കൂടുതൽ ചർച്ചക്കുവരേണ്ട വിഷയങ്ങൾ തിട്ടപ്പെടുത്തുന്നതിനും ശ്രമിക്കുകയുണ്ടായി. കഴിഞ്ഞ പതിനഞ്ചുനൂറ്റാണ്ടുകളായി നാം അകന്നുനിൽക്കുന്നുവെങ്കിലും സഭയുടെ കൗദാശിക സ്വഭാവം, അപ്പോസ്തോലിക പിന്തുടർച്ച, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തിൽ സാക്ഷിക്കുന്നതിനുള്ള നമ്മുടെ പ്രതിബദ്ധത എന്നീ കാര്യങ്ങളിൽ നാം യോജിക്കുന്നു എന്നതിൽ നാം ധന്യരാണ്......" തുടർന്ന് ഓരോരുത്തർക്കും വ്യക്തിപരമായി പരിശുദ്ധ മാർപ്പാപ്പയെ നേരിട്ട് കാണുന്നതിനും പരിചയിക്കുന്നതിനും അവസരം ഉണ്ടായി. എന്റെ ഊഴം വന്നപ്പോൾ കേരളത്തിലെ ഓർത്തഡോക്സ് സഭയിൽ നിന്നുള്ള മെത്രാപ്പോലീത്തയാണ് ഞാൻ എന്ന് സ്വയം പരിചയപ്പെടുത്തിത്തുടങ്ങുമ്പോൾ തന്നെ മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നല്ലേ എന്ന് അദ്ദേഹം എടുത്തു ചോദിച്ചത് ശ്രദ്ധേയമായി എനിക്ക് അനുഭവപ്പെട്ടു. പരിശുദ്ധ ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ പണ്ഡിതനാണ്. കിഴക്കൻ ഓർത്തഡോക്സ് സഭകളുടെ പ്രസക്തിയും പ്രാധാന്യവും പഴമയും പെരുമയും പരിശുദ്ധ പിതാവിന് നന്നായി അറിയാം. ഇത് നേരിട്ട് ഉറപ്പാക്കാൻ ഈ കൂടിക്കാഴ്ച സഹായകമായി. പരിശുദ്ധ മാർപ്പാപ്പ ഓരോരുത്തർക്കും സ്മരണോപഹാരങ്ങൾ സമ്മാനിച്ചതോടെ കൂടിക്കാഴ്ച അവസാനിച്ചു. ■

സ്ത്രൈണം

പ്രൊഫ. മേരി കുര്യൻ





"ദൈവമെ ഞങ്ങളെ
യഥാസ്ഥാനപ്പെടുത്തേണമേ."
*സങ്കീ. 80:3*



# സഖിത്വത്തിന്റെ പിന്നാമ്പുറങ്ങൾ

**നമ്മുടെ നാട്ടിലെ നിയമസംവിധാനങ്ങളൊന്നും പെണ്ണിനു തുണയാവില്ല. കാരണം, അത് പുരുഷ മേധാവിത്വത്തിന്റേതാണ്.**

### വർഷയും വനിതാദിനവും

അന്താരാഷ്ട്ര വനിതാ ദിനാഘോഷം കൊടിയിറങ്ങുന്നതിനു മുൻപുതന്നെ, പ്രൊഫഷണൽ കോളജിൽ പഠിക്കുന്ന ഒരു പാവം പെൺകൊടികൂടി, നടുറോഡിൽ രക്തസാക്ഷിയായി. തനിക്കു വേണ്ടി പ്രാണൻ ഹോമിച്ച തന്റെ പിതാവിന്റെ ഓർമ്മകളെ എങ്ങനെ അവൾ മറികടക്കും. പ്രണയം, ഒരു കുടുംബത്തിന്റെ തന്നെ ദുരന്തമായി തീർന്ന കഥ. പ്രതികാരത്തിന്റെ, ചതിയുടെ, വാഗ്ദാന ലംഘനങ്ങളുടെ ഇത്തരം ഒരായിരം കഥകൾ ഉരുവിട്ടു കൊണ്ടാണ് സാക്ഷരകേരളം എന്നും ഉണരുന്നത്. ഇതിൽ നിന്നൊന്നും പുതിയ പാഠങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ പകച്ചു നില്ക്കുന്നു; നാം പെൺ ജന്മങ്ങൾ.

### പ്രണയത്തിനു പുത്തൻ പ്രമാണം:

ഇനിയെങ്കിലും നമ്മുടെ അക കണ്ണുകൾ നമുക്കൊന്നു തുറക്കാം. പ്രൊഫഷണൽ കോളേജുകളിലും നമ്മുടെ കാമ്പസുകളിലും അരങ്ങേറുന്ന പുത്തൻ പ്രണയങ്ങളെ ഒന്നു നിരീക്ഷിയ്ക്കാം. വർഷ എന്ന തരുണി പകർന്നു നല്കുന്ന സ്ത്രൈണ ജീവിതപാഠങ്ങൾ, പെൺകൊടികളായ നമുക്ക് ഉൾക്കൊള്ളാം.

1. സ്നേഹമല്ല, ഭോഗമാണ് ഇന്ന് പ്രേമത്തിനു നിദാനം. സ്ത്രീ ഒരു ഭോഗവസ്തുവാണ് കാമുകർക്ക്.

2. വിവാഹമല്ല വിധേയപ്പെടലാണ് കാമ്പസ് പ്രണയങ്ങളുടെ ഉന്നം. വിധേയപ്പെടാൻ കൂട്ടാത്തവർ, വർഷയെപ്പോലെ പ്രതികാരാഗ്നിയിൽ ഹോമിക്കപ്പെടും.

3. നമ്മുടെ നാട്ടിലെ നിയമസംവിധാനങ്ങളൊന്നും പെണ്ണിനു തുണയാവില്ല. കാരണം, അത് പുരുഷ മേധാവിത്വത്തിന്റേതാണ്.

4. ഇരുമ്പു വടിയും മുളകു പൊടിയുമായി ഇറങ്ങിത്തിരിക്കുന്ന മനോരോഗികളായ സ്വപുത്രന്മാരെ നിലയ്ക്കു നിർത്താൻ, ഏത് അച്ഛനാണിന്ന് കഴിയുന്നത്.

5. ഊരാക്കുടുക്കുകളിലൊന്നും ചെന്നു പെടാതെ, ജീവിത വിശുദ്ധി കാത്തു സൂക്ഷിക്കാനുള്ള കരുത്തും കൃപയും നാം ആർജ്ജിക്കണം.

* * * *

### ഒരു ഓഷോകഥ

ഒരുയുവ സന്ന്യാസി ആത്മസാക്ഷാത്കാരത്തിനായി വാനാന്തരത്തിലെത്തി; തപസനുഷ്ഠിച്ചു പോന്നു. വനത്തിൽ വിറകുപെറുക്കാനെത്തിയ വിരൂപയായ ഒരു ദരിദ്ര യുവതി, യോഗിക്ക് വെള്ളവും ഫലങ്ങളും സമർപ്പിച്ചു പോന്നു. ഋഷി ക്രമേണ തപസ് കഠിനമാക്കി. വിശപ്പും ദാഹവും മറന്നു. ഇത് ആ പാവം ദരിദ്ര സ്ത്രീയെ വേദനിപ്പിച്ചു.

തക്കം പാർത്തിരിക്കുന്ന സാത്താൻ. ഒരു നിമിഷം കൊണ്ട് അവളെ ഒരു സൗന്ദര്യധാമമാക്കി. അന്ന് വെള്ളം ശേഖരിക്കെ, സ്വന്തം പ്രതിബിംബം അവൾ പുഴയിൽ കണ്ടു; ആശ്ചര്യപ്പെട്ടു.

പിറ്റെ ദിവസം, തപസനുഷ്ഠിക്കുന്ന സന്ന്യാസി മിഴികൾ തുറക്കും വരെ അവൾ കാത്തു നിന്നു. മിഴിതുറന്ന താപസൻ, ഇമപൂട്ടാതെ യുവതിയെ നോക്കിനിന്നു.

നിദ്രാവിഹീനമായി അവളുടെ രാവുകൾ. യുവസന്ന്യാസിയുടെ തപസിളക്കിയതിൽ അവൾക്കൊരു സുഖം തോന്നി. പക്ഷെ, താപസന്റെ വിശുദ്ധയാത്ര മുടക്കിയതിൽ അവൾക്കു കുറ്റബോധം ഉണ്ടായി. പശ്ചാത്താപ വിവശയായ ആ സ്ത്രീ ആ സ്ഥലം വിട്ട് മറ്റൊരിടത്തിലേയ്ക്ക് കുടിയേറി.

സന്ന്യാസി വീണ്ടും കഠിനതപസിൽ വിലയം പ്രാപിച്ചു. തപസിൽ പ്രസാദിച്ച ഇന്ദ്രൻ, താഴേയ്ക്കിറങ്ങി വന്ന് സന്ന്യാസിയെ വന്ദിച്ചു. "നിങ്ങളുടെ തപസ് പൂർത്തിയായി. സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നിരിക്കുന്നു" എന്ന് സന്ന്യാസിയോടു ഇന്ദ്രൻ മൊഴിഞ്ഞു. ഇതുകേട്ട് യുവസന്ന്യാസി മെല്ലെ മിഴികൾ തുറന്ന് ഇന്ദ്രനോടു പറഞ്ഞു: "മോക്ഷം കൊണ്ട് എനിക്ക് എന്തുചെയ്യാൻ? ഈ കാട്ടിൽ വിറകു പെറുക്കി നടന്ന ആ തരുണിയെ ഒഴികെ മറ്റൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല" ഇന്ദ്രൻ സ്തബ്ധനായി.

### പ്രണയമെന്ന അഗ്നി നദി:

ഭാരത പൈതൃകത്തിൽ വിദ്യ ഒരു തപസാണ്; വിദ്യാർത്ഥികൾ ബ്രഹ്മചാരികളും. പഠനം പൂർത്തിയാക്കി, ഗൃഹസ്താശ്രമത്തിലെത്തുമ്പോഴായിരുന്നു അന്ന് അവർ ഇണകളെ തേടിയിരുന്നത്. കാലംമാറി, പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നു കയറ്റത്തിൽ. ബാംഗ്ലൂർ പോലുള്ള വൻ നഗരങ്ങളിലെ പ്രൊഫഷണൽ കോളേജുകളിലും, നമ്മുടെ കലാലയങ്ങളിലും എന്തൊക്കെയാണ് അരങ്ങേറുന്നത്. അവിടെ പഠനം പൂർത്തിയാക്കി, മനോനില തകർന്ന് കൗൺസിലിങ്ങിനെത്തിയ ഒരു പെൺകുട്ടിയുടെ കരളലിയിക്കുന്ന കഥ കേട്ടോളൂ:

താനും തന്റെ ഏഴു കൂട്ടുകാരികളും ആത്മ മിത്രങ്ങളായിരുന്നു. തങ്ങൾക്കിടയിൽ നിലാവുപോലെ പ്രണയം പടർന്നിറങ്ങി. മെല്ലെ, വികാരം വിവേകത്തിനു വഴിമാറി. സാന്മാർഗ്ഗീയതയുടെ അതിർ വരമ്പുകൾ ലംഘിച്ചായിരുന്നു തങ്ങളുടെ പ്രണയയാത്ര. പഠനകാലത്തുതന്നെ സഹവാസവും, മധുവിധുവും ഗന്ധർവ്വ വിവാഹവും കഴിഞ്ഞു. നൊമ്പരപ്പൂക്കൾ മാത്രം ബാക്കിയായി. കാമുകർ പുതിയ മേച്ചിൽ പുറങ്ങൾ തേടി യാത്രയായി.

**വീണ്ടും ജനനം**

പശ്ചാത്താപ വിവശരായി കഴിയുന്ന ഈ ഏഴു പെൺകുട്ടികൾ. തക്കം പാർത്തു കഴിയുന്ന ചില സിദ്ധന്മാർ, കാമ്പസിലും താമസസ്ഥലത്തും അവരെക്കൂടെക്കൂടെ സന്ദർശിച്ചു. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ, എട്ടുപേരെയും അവർ രഹസ്യമായി സ്നാനപ്പെടുത്തി. 'ബോൺ എഗെയിൻ' ആയി അവർ നാട്ടിൽ മടങ്ങിയെത്തിയിട്ടുണ്ട്. സ്വൈര്യജീവിതവും നഷ്ടപ്പെട്ടു, തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസവും കൈമോശം വന്നു. ഒരു പുതുജീവിതത്തിന്റെ തളിർപ്പും കാത്തു കഴിയുന്നു.

വിറകുപെറുക്കി നടന്ന തരുണിയെപ്പോലെ, അറിഞ്ഞും അറിയാതെയും, എത്ര മുമുക്ഷുക്കളുടെ, വേദവിഹാരികളുടെ വഴികളാണ് നാം മുടക്കുന്നത്. ആരുടെയൊക്കെ തപസിളകുന്നു.ഒരു എസ്.എം.എസ്സിലൂടെ, ഒരു കടാക്ഷ വിക്ഷേപത്തിലൂടെ, വികലമായ വേഷ ഭൂഷാദികളിലൂടെ എത്ര വിനകൾ ആണ് നമുക്ക് വന്നു ഭവിക്കുന്നത്. എല്ലാം കഴിഞ്ഞ്, പുരുഷ പ്രജകളെ മാത്രം നാം പ്രതിക്കൂട്ടിലാക്കുന്നു.

''പെണ്ണൊരുമ്പെട്ടാൽ.....'' എന്നൊരു പഴമൊഴിയുണ്ട്. ■

## ജനകീയം

# ഡമോക്ലീസിന്റെ വാൾ

സിറാക്യൂസിലെ രാജാവിന്റെ കൊട്ടാര ഉദ്യോഗസ്ഥൻ ഡമോക്ലീസ്, മുഖസ്തുതി പറയുന്നതിൽ അതിവിദഗ്ധനായിരുന്നു. രാജാവിന്റെ പദവികളെക്കുറിച്ചും സൗഭാഗ്യത്തെക്കുറിച്ചുമെല്ലാം അയാൾ പ്രകീർത്തിച്ചു. രാജാവ് അയാളെ ഒന്നു പരീക്ഷിക്കുവാൻ തീരുമാനിച്ചു. വിഭവ സമൃദ്ധമായ ഒരു രാജകീയ വിരുന്നു മേശയിൽ സജ്ജമായി. ഡമോക്ലീസിനെ അതിന്റെ മുമ്പിൽ ഇരുത്തി. അയാളുടെ തലയ്ക്കു മീതെ മൂർച്ചയേറിയ ഒരു വാൾ ഒരു നൂൽച്ചരടിൽ തൂക്കിയിട്ടിരുന്നു. ആ വാൾ ഏതു നിമിഷത്തിലും ചരടുപൊട്ടി തന്റെ തലയിൽ പതിക്കാമെന്നുള്ള ഭീതി അയാളെ അസ്വസ്ഥനാക്കി. മുമ്പിൽ വച്ചിരിക്കുന്ന ഭക്ഷണമൊന്നു രുചിച്ചു നോക്കുവാൻ പോലും അയാൾക്ക് ധൈര്യം ഉണ്ടായില്ല. ഭയം അയാളെ നിശ്ചേതനനാക്കി.

സംഭവിക്കുവാൻ സാധ്യതയുള്ളതിനെക്കുറിച്ച് നിരന്തരമായ ഭീതിയിൽ പെട്ടുപോകുന്നു അനേകരും. അനേകരും ആധിപൂണ്ട അവസ്ഥയിൽ പ്രവർത്തിക്കുവാനുള്ള ശക്തി തന്നെ നഷ്ടമാകുന്നു. പലരുടെയും തലയ്ക്കുമീതെ തൂങ്ങുന്ന 'ഡമോക്ലീസിന്റെ വാൾ' ഓരോ വിധത്തിലുള്ളതായിരിക്കും. ചിലർക്ക് അവരുടെ ജോലി നഷ്ടമാകുന്നതിനെപ്പറ്റിയുള്ള ആധിയാണെങ്കിൽ വേറെ ചിലർക്ക് ക്ഷയിച്ചുകൊണ്ടിരിക്കുന്ന അവരുടെ ആരോഗ്യത്തെപ്പറ്റിയുള്ളതാകും. ഷെയർ മാർക്കറ്റിലെ ഇടിവ് തന്റെ സ്വപ്നങ്ങൾ തകർക്കുമെന്ന ഭീതിയായിരിക്കും മറ്റുചിലർക്ക് ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠയാണ് ആധിക്കുള്ള പ്രധാന കാരണം.

*കടപ്പാട്*


## ഗിവ്സൈറ്റ് പ്രോജക്ട്

**സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, പരുമല, പിൻ - 689626**
**ഫോൺ: 0479 - 2312266, 2312465**
Fax: 0479-2312866 e-mail: sgmhospital@sify.com

പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയിലെ നേത്ര ചികിത്സാ വിഭാഗവുമായി ബന്ധപ്പെട്ട് നിർധനരായ രോഗികളെ സൗജന്യമായി ചികിൽസിക്കുന്ന പദ്ധതിയാണ് "Give Sight Project".

സന്മനസ്സുള്ള ആർക്കും "Give Sight Project" ൽ 1500/- (ആയിരത്തി അഞ്ഞൂറു രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയാ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട നേത്ര രോഗിക്ക് ഞങ്ങൾ ചെയ്തു കൊടുക്കും.

ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രിവഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ, യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിൽസാ ക്യാമ്പ്: എല്ലാ ശനിയാഴ്ചകളിലും സൗജന്യ നേത്ര ചികിത്സാ ക്യാമ്പുകൾ, ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താൽപര്യമുള്ളവർ നേത്രചികിൽസാ വിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്ര ചികിൽസാ ക്യാമ്പുകൾ നടത്തിക്കൊടുക്കുന്നതാണ്.

M.O/D.D./Cheque to Give Sight Project.
C/o Chief Executive Officer, St. Gregorios Medical Mission Hospital, Parumala-689626, For Bank Remittance: Account holder: St. Gregorios Medical Mission Hosp., Bank : State Bank of Travancore, Mannar Br., A/c No. 57015576951, IFSC Code: SBTR0000088

## അപേക്ഷകൾ ക്ഷണിക്കുന്നു

വളയൻ ചിറങ്ങര ബാലഗ്രാമിലേക്ക് അടുത്ത അദ്ധ്യയന വർഷം പ്രവേശനം ആഗ്രഹിക്കുന്ന അനാഥരോ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരോ ആയ 4,5 ക്ലാസ്സുകളിൽ പഠിക്കുന്ന, സമർത്ഥരായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും, അപേക്ഷകൾ ക്ഷണിക്കുന്നു. താമസവും പഠന ചെലവുകളും ബാലഗ്രാം വഹിക്കുന്നതാണ്.

*കൂടുതൽ വിവരങ്ങൾക്ക്*

**ഫാ. ജോൺ ഫിലിപ്പോസ് (മാനേജർ)**
**ബാലഗ്രാമം, വളയൻചിറങ്ങര പി.ഓ., പെരുമ്പാവൂർ**
**0484-2657141, 9496464165**

## പള്ളികൾ മനോഹരമാക്കൂ

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കുമല്ലോ? അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

## എം.എ. കയർ ഹൗസ്

**ജീ-മാർട്ടിനു സമീപം**
**കഞ്ഞിക്കുഴി, കോട്ടയം**

3RD DEATH ANNIVERSARY

14-MAY-2011

## P. G. GEORGE

**PUNNACKATTU HOUSE**

MANIYAR P.O.

THOLICODE, PUNALUR



*"Safe in the arms of Lord Jesus Christ'*

*Inserted by*

***Sorrowing Family***

## ANNAMMA SIMON

THAZHATHU HOSUE

PATHANAMTHITTA

**5th Death Anniversary**

**03- May 2011**



*"Safe in the arms of Lord Jesus Christ"*

*Inserted by*

***Sorrowing Family***

13 – ാം ചരമ വാർഷികം

03 – 05 – 2011



## വി.വി. ഇട്ടി (ഇട്ടിസാർ)

*Inserted by*

Annamma Itty (wife)

V.I. George & Ciji George (Manipal)

V.I. Thomas & Bijili Thomas (Vazhoor)

V.I. Jolly & Johnson Joseph (Mulanthuruthy)

**സെന്റ് ജോർജ്ജ് ബാങ്കേഴ്സ്, വാഴൂർ**

Breaking the Word

ഫാ. ഡോ. റെജി മാത്യു



# തിരുവചനധ്യാനം

*2011 മെയ് 15*

## നീ എന്നെ സ്നേഹിക്കുന്നുവോ

*(യോഹ. 21:15–19)*

ഉത്ഥിതനായ ക്രിസ്തു പത്രോസ് ശ്ലീഹായോട് നടത്തുന്ന ഈ സംവാദം യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം നാം വായിക്കുന്നു. ഇതേ അദ്ധ്യായത്തിന്റെ ആദ്യ പതിനാലു വാക്യങ്ങളിൽ നാം കാണുന്നത് പത്രോസിന്റെ നേതൃത്വത്തിൽ ഏഴ് ശിഷ്യന്മാർ മത്സ്യബന്ധനത്തിലേർപ്പെടുന്നതും അവർക്ക് ഉയിർത്തെഴുന്നേറ്റ ക്രിസ്തു പ്രത്യക്ഷപ്പെടുന്നതിനെ സംബന്ധിച്ചുമാണ്. ആ വിവരണത്തിന്റെ അവസാനം നാം കാണുന്നത് യേശു തന്റെ ശിഷ്യന്മാരെ പ്രാതലിനു ക്ഷണിക്കുന്നതും ശിഷ്യന്മാരോടൊപ്പം അപ്പവും മീനും ഭക്ഷിക്കുന്നതുമാണ്. ഭക്ഷണം കഴിഞ്ഞശേഷം പത്രോസ് അപ്പോസ്തലനുമായി നടത്തുന്ന സ്വകാര്യ സംഭാഷണമായിട്ടുവേണം ഇന്നത്തെ വേദവായനയെ മനസ്സിലാക്കുവാൻ.

"യോഹന്നാന്റെ പുത്രനായ ശീമോനെ, നീയെന്നെ സ്നേഹിക്കുന്നുവോ?" എന്ന ചോദ്യം മൂന്നു വട്ടം ക്രിസ്തു ആവർത്തിക്കുന്നു. ശീമോൻ പത്രോസിനെ തന്റെ പിതാവിന്റെ പേരുപറഞ്ഞു അഭിസംബോധന ചെയ്യുന്ന മറ്റൊരു അവസരം വി. മത്തായിയുടെ സുവിശേഷത്തിലാണ് നാം വായിക്കുന്നത്. യേശു ആരാണെന്നുള്ള ചോദ്യത്തിന് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" വാണെന്നുള്ള പത്രോസിന്റെ ഉത്തരമാണ് അത്തരമൊരു സംഭാഷണത്തിന് വേദിയൊരുക്കിയിരിക്കുന്നത് (മത്താ. 16:17). എന്തായിരുന്നാലും അവിടെ പത്രോസിനെ യേശു വിളിയ്ക്കുന്നത് "യോനായുടെ പുത്രനായ ശീമോൻ" (ബർയോനാ) എന്നാണ്. ഇവിടെയാകട്ടെ യോഹന്നാൻ എന്നാണ് പത്രോസിന്റെ പിതാവിന്റെ പേര്. മൂന്നുതവണ ആവർത്തിക്കുന്ന യേശുവിന്റെ ചോദ്യം പെട്ടെന്ന് നമ്മുടെ മനസ്സിൽ ഓർമ്മിപ്പിക്കുന്നത് മൂന്നു വട്ടം തള്ളിപ്പറഞ്ഞ പത്രോസിനെയാണ്. (യോഹ. 18:15–27). അവിടെ പത്രോസ് ആവർത്തിച്ച് യേശുവിനെ തള്ളിപ്പറയുന്നുവെങ്കിൽ ഇവിടെ "ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ കർത്താവേ" എന്നാണ് വീണ്ടും വീണ്ടും പത്രോസ് പറയുന്നത്. കർതൃശിഷ്യനായ പത്രോസിന്റെ ആന്തരിക സംഘർഷം യേശുവിനെ തള്ളിപ്പറയുന്നതിലൂടെ വ്യക്തമാകുന്നെങ്കിൽ ഇവിടെ ഉത്ഥിതനായ ക്രിസ്തു നൽകുന്ന ഉറപ്പും ധൈര്യവും പത്രോസിനെ മറ്റൊരു മനുഷ്യനാക്കി തീർക്കുകയാണ് ചെയ്യുന്നത്. പത്രോസിന്റെ യഥാർത്ഥരൂപം മനസ്സിലാക്കുവാൻ സുവിശേഷങ്ങളും പുതിയ നിയമത്തിലെ മറ്റ് പുസ്തകങ്ങളും കൂടി വായിക്കേണ്ടിയിരിക്കുന്നു. ചഞ്ചല മനസ്കനായ ഒരാൾ എങ്ങനെയാണ് യേശുക്രിസ്തുവിൽ യഥാസ്ഥാനപ്പെട്ട് ഉറച്ച ഒരു സാക്ഷിയായിത്തീരുകയെന്നതു പഠിയ്ക്കുവാൻ പത്രോസിനോളം പറ്റിയ ഉദാഹരണങ്ങൾ വേറെ ഇല്ല. ഒരു കുട്ടിയെപ്പോലെ യേശുവിനോട് മറുപടി പറയുകയും, എടുത്തുചാടി പ്രവർത്തിക്കുകയും ചെയ്യുന്ന പത്രോസിനെയാണല്ലോ യേശു വെള്ളത്തിന്റെ മുകളിൽ കൂടി നടക്കുന്ന സംഭവത്തിലും (മത്താ. 14:28), യേശുവിന്റെ ബന്ധന സമയത്ത് മഹാപുരോഹിതന്റെ ദാസന്റെ കാത് മുറിച്ചുകളയുന്ന വേളയിലും (യോഹ. 18:10) നാം കാണുന്നത്. തികച്ചും ഒരു വികാരജീവിയെന്നു വിളിയ്ക്കാവുന്ന പത്രോസിന് പക്ഷെ യേശുവിലുള്ള വിശ്വാസവും, തന്റെ ഗുരു നൽകുന്ന ആത്മീയാനന്ദവുമൊക്കെ യേശുവിന്റെ മറുരൂപം വിവരിക്കുന്നിടത്തു നാം കാണുന്നു (മർക്കോ 9:5). യേശുവിനുവേണ്ടി ബന്ധനസ്ഥനായ പത്രോസ് (അപ്പോ. പ്ര. 12:6–11) ക്രിസ്തുവിനുവേണ്ടി കഷ്ടമനുഭവിപ്പാൻ വിശ്വാസികളെ ആഹ്വാനം ചെയ്തവനാണ് (1 പത്രോ 4:12–16).

"ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്നു പറഞ്ഞ പത്രോസിനോട് പുനരുത്ഥാനം ചെയ്ത ക്രിസ്തു ആവശ്യപ്പെടുന്നത് തന്റെ ആടുകളെ മേയിക്കുക എന്ന ഒരു സംഗതി മാത്രമാണ്. ഇടയശുശ്രൂഷയെന്നു പറയുന്നത് ദൈവത്തെ സ്നേഹിക്കുന്നവരിൽ നിന്ന് ദൈവം ആവശ്യപ്പെടുന്ന മഹത്തായ ഒരു ദൗത്യമാണ്. ഈ ശുശ്രൂഷയുടെ മഹത്വം നാം പത്രോസിന്റെ ഒന്നാം ലേഖനത്തിൽ വായിക്കുന്നുണ്ടല്ലോ: "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻ കൂട്ടത്തെ മേയിച്ചു കൊൾവിൻ" (1 പത്രൊ. 5:2) എന്നാണ് ഇടയന്മാരുടെയിടയിലെ ഒന്നാമനായിരുന്ന പത്രോസ് ആദിമസഭയിലെ മൂപ്പന്മാരോട് ആഹ്വാനം ചെയ്യുന്നത്. "നിർബന്ധത്താലല്ല, ദൈവത്തിന് ഹിതമാം വണ്ണം മന:പൂർവ്വമായും" "ദുരാഗ്രഹത്തോടെയല്ല, ഉന്മേഷത്തോടെയും വകകളുടെ മേൽ കർത്വത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിന് മാതൃകകളായി ത്തീർന്നുകൊണ്ടും" വേണം ഒരുവൻ അദ്ധ്യക്ഷന്റെ ജോലി ചെയ്യേണ്ടതെന്നു പറയുന്ന പത്രോസ് (1 പത്രോസ് 4:2-3) അങ്ങനെയുള്ളവർക്കുള്ള സമ്മാനമായി പറയുന്നത് "ഇടയശ്രേഷ്ഠന്റെ പ്രത്യക്ഷതയിങ്കലെ തേജസ്സാ"ണ്. ആധുനിക ലോകത്തിലെ ഇടയന്മാർക്ക് പത്രോസ് നൽകുന്ന ഈ സന്ദേശത്തിൽ ഇടയ ശുശ്രൂഷയെ വികലമാക്കുന്ന മൂന്നു കാരണങ്ങളായിട്ടാണ് മനസ്സില്ലായ്മയെയും ദുരാഗ്രഹത്തെയും ഭരിയ്ക്കുവാനുള്ള അമിതാവേശത്തെയും കാണുന്നത്. പത്രോസിനെപ്പോലെ ഇടയശുശ്രൂഷയിൽ ആത്മീയാനന്ദം കാണുന്നവർ യേശുവിനെ തങ്ങളുടെ മാതൃകയാക്കിവച്ചാണ് തങ്ങളുടെ ശുശ്രൂഷ പൂർത്തിയാക്കുന്നത്. ഇങ്ങനെയുള്ളവർ "ലോകത്തിന്റെ മോഹം വിട്ടൊഴിഞ്ഞ് ദിവ്യ,സ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ" വിളിയ്ക്കപ്പെട്ടവരാണ്. (2 പത്രൊ. 1:4). ശുശ്രൂഷക്കാരെ വിളിച്ചവൻ തന്റെ പരിജ്ഞാനത്താൽ ജീവനും ഭക്തിയും വേണ്ടതൊക്കെ ദാനം ചെയ്യുന്നവനാണ്. കർതൃശുശ്രൂഷയിൽ പത്രോസ് കാണിയ്ക്കുന്ന ഇതേ ആത്മാവിലാണ് പൗലോസും മിലേത്തോസിലെ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ "നിങ്ങളെത്തന്നെയും താൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്നു. ദൈവത്തിന്റെ സഭയെ മേയ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കിവെച്ച ആട്ടിൻ കൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവിൻ" (അപ്പോ. പ്ര. 20:28) എന്ന് അവിടെയുള്ള സഭാശുശ്രൂഷകരെ ആഹ്വാനം ചെയ്യുന്നത്. ചഞ്ചലമനസ്കനായ ശീമോനെ മാതൃകാപരമായ സഭാശുശ്രൂഷയ്ക്കായി വിളിയ്ക്കുകയും, പരിശീലിപ്പിയിക്കുകയും, വിശ്വാസത്തിൽ ഉറപ്പിയ്ക്കുകയും ചെയ്ത യേശു ഇന്നും അനേകരെ തന്റെ ശുശ്രൂഷയ്ക്കായി വിളിച്ചുകൊണ്ടിരിയ്ക്കുന്നു. 'ദൈവത്തെ സ്നേഹിക്കുന്നു' എന്ന ബോധ്യമുള്ളവർ ഈ വിളിയെ തിരിച്ചറിഞ്ഞ് ക്രിസ്തുവിനെ സേവിക്കേണ്ടിയിരിക്കുന്നു.

*2011 മെയ് 22*

## എമ്മവൂസിലേയ്ക്കൊരു ചരിത്രയാത്ര

*(ലൂക്കോ. 24:13-35)*

യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷം നടന്ന സംഭവങ്ങളിൽ ഏറ്റവും ആകർഷകമായ ഒന്നാണ് എമ്മാവൂസിലേക്ക് യാത്രയായ രണ്ട് ശിഷ്യന്മാരുടെ സഹയാത്രികനായി വന്ന ക്രിസ്തുവിന്റെ വിവരണം. മറ്റു സുവിശേഷകരൊക്കെ ഉത്ഥിതനായ ക്രിസ്തു പ്രത്യക്ഷപ്പെടുന്ന സംഭവങ്ങൾ വിവരിക്കുമ്പോൾ അതെല്ലാം ഗലീലയിലും ചുറ്റുപാടുള്ള സ്ഥലങ്ങളിലുമാണ്. എന്നാൽ ലൂക്കോസ് ഏവൻഗേലിസ്ഥൻ പറയുന്ന എമ്മാവൂസ് യാത്ര യെറുശലേമിൽ നിന്ന് പതിനൊന്നു കിലോമീറ്റർ മാത്രം അകലെയുള്ള ഒരു സ്ഥലത്തേക്കാണ്. യേശുവിന്റെ കൂടെ നടന്ന ഈ ശിഷ്യന്മാരിൽ ഒരാളുടെ പേരു മാത്രമേ ഇതിൽ പറയുന്നുള്ളൂ. പൊതുവെ ഇവരെപ്പറ്റി പറയുന്ന വിശേഷണങ്ങൾ ഇവർ "തർക്കിക്കുന്നവരും" "വാടിയ മുഖമുള്ളവരും, "മന്ദബുദ്ധികളും", "ബുദ്ധിഹീനരും" "കണ്ണുകെട്ടപ്പെട്ടവരും", യേശുവിനെ തിരിച്ചറിയുവാൻ കഴിവില്ലാത്തവരുമായിരുന്നു എന്നാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു പ്രത്യക്ഷപ്പെട്ട മറ്റെങ്ങും ഇത്രയും ദോഷങ്ങളുള്ള ആരെയും നാം കാണുന്നില്ല. എന്താണിവർക്ക് സംഭവിച്ചത് എന്നറിയമെങ്കിൽ യറുശലേമിൽ നിന്നുള്ള ഇവരുടെ യാത്രയുടെ നാലു ഘട്ടങ്ങൾ മനസ്സിലാക്കിയേ മതിയാവൂ.

1) ***യെറുശലേമിൽ നിന്നുള്ള പുറപ്പാട്:*** കർത്താവിനെ അടക്കം ചെയ്ത കല്ലറയിൽ പോയ സ്ത്രീകൾ താൻ ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത പതിനൊന്നു ശിഷ്യന്മാരെയും അറിയിക്കുന്നുവെങ്കിലും അതവർക്ക് "വെറും കടംകഥപോലെ തോന്നി" യെന്നും അവരത് "വിശ്വസിച്ചില്ല" എന്നുമാണ് വി. ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത് (ലൂക്കോ 24:11). പത്രോസ് മാത്രം ഓടിച്ചെന്ന് ഇക്കാര്യം സ്ഥിരീകരിച്ചു എന്നും നാം വായിക്കുന്നു. സ്ത്രീകളുടെ സാക്ഷ്യം കേട്ടവരിൽ രണ്ടുപേരാണ് യറുശലേമിൽ നിന്ന് എമ്മവൂസിലേക്കു പോകുന്നത്. ഏഴുനാഴിക ദൂരമുള്ള തങ്ങളുടെ യാത്രയിൽ അവർ പരസ്പരം തർക്കിക്കുകയാണ് ചെയ്യുന്നത്. ഇതു വളരെ വിചിത്രമായി ത്തോന്നാം. യേശുവിന്റെ പരസ്യശുശ്രൂഷയിൽ പങ്കാളികളായിരുന്ന ശിഷ്യന്മാർ താൻ ഉയിർത്തെഴുന്നേറ്റു എന്ന വാർത്ത ഒട്ടും വിശ്വസിക്കുന്നില്ലായെന്നുള്ളത് അതിശയകരമായിരിക്കുന്നു. തന്നെയുമല്ല, അവർ യറുശലേമിൽ തന്നെ താമസിച്ച് തങ്ങൾ കേട്ട വാർത്തയിൽ എന്തെങ്കിലും വസ്തുതയുണ്ടോ എന്നു പരിശോധിക്കുകപോലും ചെയ്യാതെ അവർ പട്ടണം വിട്ടുപോവുകയാണ് ചെയ്യുന്നത്. എമ്മാവൂസിലേക്കുള്ള രണ്ട് ശിഷ്യന്മാരുടെ ഈ യാത്രതന്നെയാവണം മർക്കോസ് ഏവൻഗേലിസ്ഥനും വിവരിക്കുന്നത് എന്ന് സാഹചര്യങ്ങൾ സൂചിപ്പിക്കുന്നു. (മർക്കോ 16:12-13).

***2) ഉത്ഥിതനായ ക്രിസ്തു സഹയാത്രികനായിരുന്നു:*** ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടമാത്രയിൽ തന്നെ ആരും തന്നെ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ലായെന്നുള്ളതാണ് നാലു സുവിശേഷങ്ങളിലും നിന്ന് നാം മനസ്സിലാക്കുന്നത്. എന്നാൽ എമ്മവൂസിലേക്കുപോയ ശിഷ്യന്മാരെപ്പറ്റി വി. ലൂക്കോസ് എടുത്തുപറയുന്നത് "അവനെ അറിയാതവണ്ണം അവരുടെ കണ്ണു നിരോധിച്ചിരുന്നു" എന്നാണ് (ലൂക്കോ 24:16). യേശുവിന്റെ ശബ്ദവും അവർക്ക് തിരിച്ചറിയാനായില്ല. യറുശലേമിൽ നടന്ന സംഭവങ്ങൾ അവർ വിവരിക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് അവരെ അലട്ടിയതെന്നു നാം മനസ്സിലാക്കുന്നു. ഒന്നാമത് "ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവർത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന യേശുവിനെ "മഹാപുരോഹിതന്മാരും പ്രമാണികളും ചേർന്നു മരണശിക്ഷയ്ക്ക് വിധികയും ക്രൂശിക്കുകയും ചെയ്തതാണ്. രണ്ടാമത്, മൂന്നാം ദിവസം സ്ത്രീകൾ നൽകിയ റിപ്പോർട്ടനുസരിച്ച് യേശുവിന്റെ ശരീരവും അപ്രത്യക്ഷമായി എന്നുള്ളത് ഇരുശിഷ്യന്മാരെയും ഭ്രമിപ്പിച്ചതായി കാണുന്നു.

ഇത്തരുണത്തിലാണ് യേശു അവരെ "ബുദ്ധിഹീനർ" എന്നു സംബോധന ചെയ്യുന്നത്. രക്ഷകനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവർ പറയുന്നത് വിശ്വസിക്കാത്തവർ ധാരാളമുണ്ട്. എന്നാൽ യേശു നമ്മുടെ കൂടെ നടക്കുമ്പോഴും നാം അവനെ തിരിച്ചറിയുന്നില്ലായെന്നുള്ളത് തികച്ചും നിർഭാഗ്യകരമായ ഒരവസ്ഥയാണ്. കർതൃശിഷ്യരുടെ ആത്മീയ പാപ്പരത്വം ഇവിടെ വ്യക്തമാകുന്നു.

***3) യേശു തിരുവെഴുത്തുകൾ വ്യാഖ്യാനിക്കുന്നു:*** എമ്മാവൂസ് സംഭവം പുതിയൊരു വഴിത്തിരിവിലേക്ക് പ്രവേശിക്കുന്നത് ക്രിസ്തു തിരുവെഴുത്തുകളെ വ്യാഖ്യാനിക്കുമ്പോഴാണ്. അവരെ സംബന്ധിച്ചിടത്തോളം യേശു ഇതുവരെ നല്ല ഒരു പ്രവാചകൻ മാത്രമായിരുന്നു. അവന് സംഭവിച്ച യാതനകളും മരണവുമൊക്കെ അവരെ വേദനിപ്പിച്ചിരുന്നുവെങ്കിലും അത് ഒരു നല്ല മനുഷ്യന്റെ "അന്ത്യമോർത്തുള്ള ദു:ഖം മാത്രമായിരുന്നു. ഇവിടെയാണ് തിരുവെഴുത്തുകളുടെ വ്യാഖ്യാനത്തിന്റെ പ്രസക്തി. നസ്രായനായ യേശു മോശ മുതലുള്ള പ്രവാചകന്മാരുടെ കൃതികളിൽ പരാമർശിക്കപ്പെട്ടിരുന്ന മശിഹായായിരുന്നു എന്ന് ഇപ്പോൾ മാത്രമാണ് ഇവർക്ക് മനസ്സിലാകുന്നത്. യെശയ്യാ പ്രവാചകൻ പറയുന്നതുതന്നെ ഉദാഹരണമായിട്ടെടുക്കാം. "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു, നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു." (യോശ. 53:4-5) എന്ന പ്രവചനഭാഗം യേശുവിന്റെ ക്രൂശാരോഹണത്തിൽ പൂർത്തീകരിച്ചിരിക്കുന്നു എന്ന തിരിച്ചറിവ് നമ്മെ ആത്മീയതയുടെ പുതിയ ഒരു തലത്തിലേക്കാണുയർത്തുന്നത്.

***4) ക്രിസ്തുവുമായുള്ള അത്താഴം അവരുടെ കണ്ണു തുറക്കുന്നു:*** എമ്മാവൂസ് യാത്രയുടെ പരിസമാപ്തി ഉത്ഥിതനായ ക്രിസ്തുവുമായുള്ള അത്താഴത്തിലാണ്. മേശയിൽ അവരോടൊപ്പമിരുന്ന യേശു അപ്പമെടുത്ത് വാഴ്ത്തി, നുറുക്കി അവർക്കു കൊടുത്തപ്പോഴാണ് അവരുടെ കണ്ണ് തുറക്കുകയും ക്രിസ്തുവിനെ തിരിച്ചറിയുകയും ചെയ്തത് (ലൂക്കോ 24:30-31) യേശുവിന്റെ അന്ത്യ അത്താഴം വിവരിക്കുന്ന അതേ ഭാഷയാണ് വി. ലൂക്കോസ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. "അപ്പമെടുത്തു, വാഴ്ത്തി, നുറുക്കി, കൊടുത്ത്" എന്ന നാലു ക്രീയാപദങ്ങൾ അവിടെയെന്നതുപോലെ ഇവിടെയും ഉപയോഗിച്ചിരിക്കുന്നു (ലൂക്കോ 22:19). ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്റെ ശിഷ്യന്മാരുമായി ഭക്ഷണം കഴിയ്ക്കുന്ന മറ്റൊരവസരം കൂടി ലൂക്കോസ് വിവരിക്കുന്നുണ്ട്. (ലൂക്കോ 24:41-42). വി. യോഹന്നാൻ ശ്ലീഹായും ഇത്തരം വിവരങ്ങൾ നമുക്ക് നൽകുന്നു (യോഹ. 21:13). 'അപ്പം നുറുക്കലി"ലൂടെയാണ് ഒരുവൻ ക്രിസ്തുവിനെ തിരിച്ചറിയുന്നതും രക്ഷകനാണെന്നു വിശ്വസിക്കുന്നതുമെന്നുള്ളത് ആദിമസഭയിലെ വലിയ സാക്ഷ്യമായിരുന്നു. തുടക്കത്തിൽ തർക്കിക്കുന്നവരായും, മ്ലാനവദനരായും പ്രത്യക്ഷപ്പെട്ട രണ്ടു ശിഷ്യരും അവസാനം "കണ്ണു തുറക്കപ്പെട്ടവരായി" തീരുന്നത് വളരെ അർത്ഥവത്തായ ഒരു രൂപാന്തരമാണ്. മാത്രവുമല്ല അവർ എമ്മാവൂസിലേക്കുള്ള യാത്ര മതിയാക്കി യറുശലേമിലേക്ക് മടങ്ങിപ്പോവുകയാണ്. അവിടെയാണ് യേശുവിന്റെ രക്ഷാകര ചരിത്രത്തിന്റെ പ്രഭവസ്ഥാനം. ക്രിസ്തു അവരോടാവശ്യപ്പെടുന്നതും മുകളിൽ നിന്നുള്ള ശക്തിലഭിയ്ക്കുന്നതുവരെ യെറുശലേമിൽ പാർക്കുന്നവനാണ് (ലൂക്കോ 24:49). കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷവും അവരവിടെ സന്തോഷത്തോടെ വസിക്കുകയും ദേവാലയത്തിൽ പോയി ആരാധനയിൽ സംബന്ധിക്കുകയും ചെയ്യുന്നു (ലൂക്കോ 24:51-53). നമ്മുടെ ജീവിതത്തിലും ഈ ശിഷ്യന്മാരുടെ അനുഭവം വന്നുചേർന്നേക്കാം. യേശു നമ്മോടു കൂടെയില്ല എന്നു ധരിച്ച് മ്ലാനവദനരാകുമ്പോൾ തിരുവചനത്തിന്റെ പഠനവും, തിരുവത്താഴവും നമുക്ക് പുതിയ ദർശനം നൽകുകയും നമ്മോടൊപ്പം എന്നും യാത്ര ചെയ്യുന്ന രക്ഷകനായ ക്രിസ്തുവിനെ തിരിച്ചറിയുകയും ചെയ്യും.

*2011 മെയ് 29*

## യഥാർത്ഥ ശിഷ്യൻ


*(ലൂക്കോ. 9:51-62)*

ഇന്നത്തെ വേദവായനയിൽ പ്രധാനമായും രണ്ടു സംഭവങ്ങളെപ്പറ്റിയാണ് പറയുന്നത്. അതിലൊന്ന് യെറുശലേമിലേക്കുള്ള തന്റെ യാത്രയിൽ യേശു ശമര്യാ ദേശത്തു കൂടി കടന്നുപോകുന്നതും മറ്റൊന്ന് യേശുവിനെ അനുഗമിക്കുവാൻ വരുന്ന യുവാക്കളുടെ മനോഭാവത്തേയും പറ്റിയാണ്. ഇവ രണ്ടിലും യേശുവിന്റെ ശുശ്രൂഷയുടെ സുപ്രധാനങ്ങളായ വിശേഷണങ്ങൾ അടങ്ങിയിരിക്കുന്നു. ആദ്യമായി നമുക്ക് ശമര്യാ ദേശത്തു കൂടി കടന്നുപോകുന്ന യേശുവിനെ കാണാം.


ലൂക്കോസിന്റെ സുവിശേഷം ഒൻപതാം അദ്ധ്യായത്തിൽ ആരംഭിയ്ക്കുന്ന യേശുവിന്റെ ഈ യാത്രയ്ക്ക് വി. ലൂക്കോസ് വളരെ പ്രാധാന്യം നൽകുന്നുണ്ട്. തന്റെ ജനനകാലത്തും കുരിശാരോഹണകാലത്തും യേശു യറുശലേമിലും യഹൂദ്യയിലും കാണപ്പെടുന്നുവെങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനമെല്ലാം ഗലീലാ നാട്ടിലായിരുന്നുവല്ലോ. യഹൂദ്യയ്ക്കും ഗലീലായ്ക്കും ഇടയ്ക്കുള്ള പ്രദേശമെന്ന നിലയിൽ ശമര്യായിൽ കൂടി കടന്നുപോകാതെ ഒരുവനും ഈ രണ്ടു പ്രവിശ്യകളുടെ ഇടയിൽ യാത്രചെയ്യാനൊക്കുമായിരുന്നില്ല. ഇതുവളരെ പ്രശ്നസങ്കീർണ്ണമായ ഒന്നായിരുന്നു. കാരണം, യേശുവിന്റെ കാലത്ത് യഹൂദന്മാരും ശമര്യാക്കാരും തമ്മിൽ വലിയ സംഘർഷത്തിലായിരുന്നു എന്നതാണ്. ബി. സി. 870 ലാണ് യിസ്രായേലിന്റെ വടക്കൻ രാജ്യത്തിന്റെ അധിപതിയായിരുന്ന ഒമ്രി (Omri) ശമര്യാ പട്ടണം സ്ഥാപിച്ചത്. തെക്കൻ രാജ്യമായ യഹൂദ്യയുടെ തലസ്ഥാനം യരുശലേമായിരുന്നുവെങ്കിൽ വടക്കിന്റെ തലസ്ഥാനം ശമര്യാ പട്ടണമായിരുന്നു. ബി. സി. 721ൽ വടക്കൻ രാജ്യം അസ്സീറിയാക്കാർ പിടിച്ചടക്കിക്കഴിഞ്ഞുള്ള കാലം ശമര്യാ പട്ടണവും മറ്റുള്ള പ്രദേശങ്ങളും അസ്സീറിയാക്കാരുടെ നിയന്ത്രണത്തിലായി. ധാരാളം യഹൂദന്മാരെ അസ്സീറിയായുടെ തലസ്ഥാനമായ നിനുവായിലേക്ക് നാടുകടത്തിയ ഇക്കാലത്ത് പുറം നാട്ടുകാരായ അനേകം പേർ പ്രത്യേകിച്ചും അസ്സീറിയാക്കാർ ഇന്നാട്ടിൽ പുതിയ താമസക്കാരായി വന്നു. യഹൂദ്യരും അസ്സീറിയാക്കാരും മിശ്രവിവാഹത്തിലേർപ്പെട്ടതുകൊണ്ട് സാംസ്കാരികമായ വലിയ മാറ്റം സംഭവിച്ച ഒരു കാലഘട്ടമായിരുന്നു ഇത്. ശമര്യാക്കാരുടെ വിശ്വാസത്തിലും, ആരാധനയിലും ജീവിതശൈലിയിലും വന്ന മാറ്റങ്ങൾ യഹൂദമതത്തിൽപ്പെട്ടവർക്ക് അംഗീകരിക്കുവാൻ കഴിയാവുന്നവയായിരുന്നില്ല.

## പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ


പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ (98-ാം ഓർമ്മ, മെയ്-3 പാമ്പാക്കുട ചെറിയപള്ളി)


അഞ്ചാം മാർത്തോമ്മാ (246-ാം ഓർമ്മ, മെയ്-10 നിരണം വലിയ പള്ളി)


മാർ ദീവന്നാസിയോസ് III (പുന്നത്ര) മെത്രാപ്പോലീത്താ (186-ാം ഓർമ്മ, മെയ്-19 കോട്ടയം ചെറിയ പള്ളി)


യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത (21-ാം ഓർമ്മ, മെയ്-16 കൊരട്ടി സീയോൻ സെമിനാരി)

യിസ്രായേൽക്കാർ അബ്രഹാമിനെ തങ്ങളുടെ പിതാവായി കരുതിയിരുന്ന സ്ഥാനത്ത് ശമര്യാക്കാർ യാക്കോബിനെയാണ് ഓർത്തത്. അവരുടെ വേദഗ്രന്ഥമെന്നുപറയുന്നത് പഞ്ചഗ്രന്ഥങ്ങൾ (Torah) മാത്രമായിരുന്നു. ശമര്യരുടെ പുണ്യസ്ഥലം യറുശലേമായിരുന്നില്ല, പകരം ശേഖേമായിരുന്നു. സീനായി മലയുടെ സ്ഥാനത്ത് ഗെരിസിം മലയിലായിരുന്നു അവർ ആരാധനാ കേന്ദ്രങ്ങളായി പരിഗണിച്ചിരുന്നത്. ഇത്തരത്തിലുള്ള വ്യത്യാസങ്ങളെക്കാളുപരി ശമര്യരെ കീഴാളന്മാരായി കണ്ടിരുന്ന യഹൂദർ അവരിൽ നിന്നും ഭക്ഷണ സാധനങ്ങൾ പോലും സ്വീകരിച്ചിരുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ശമര്യായിൽക്കൂടി കടന്നുപോകുന്ന യഹൂദർ പലപ്പോഴും സംഘർഷങ്ങളുടെ നടുവിലായിരുന്നു, കൈയ്യേറ്റങ്ങളും കുറവായിരുന്നില്ല. ഈ പശ്ചാത്തലത്തിൽ വേണം "ഏലിയാവു ചെയ്തതുപോലെ ആകാശത്തുനിന്നും തീ ഇറങ്ങി അവരെ നശിപ്പിക്കുവാൻ ഞങ്ങൾ പറയുന്നതു നിനക്കു സമ്മതമോ " എന്ന ശിഷ്യന്മാരുടെ ചോദ്യം മനസ്സിലാക്കുവാൻ (2 രാജാ 1:10-15). നമ്മുടെ വിശ്വാസം സ്വീകരിക്കാത്തവരെല്ലാം നശിക്കേണ്ടവരാണെന്നും അവരെല്ലാം ദൈവസ്നേഹത്തിൽ നിന്നകന്നവരാണെന്നുമുള്ള യാഥാസ്ഥിതികവും മതഭ്രാന്തു നിറഞ്ഞതുമായ ഈ ചോദ്യം യേശുവിനെ കുപിതനാക്കുകയാണ് ചെയ്തത്. ഇന്നത്തെ ലോകത്തിന്റെ പ്രധാന പ്രശ്നവും ഇതുതന്നെയാണ്. ദൈവത്തെ ആരാധിക്കുന്നവരിൽ ഒരു നല്ല പങ്കും മതതീവ്രവാദികളാണ് എന്നുള്ളത് സങ്കടകരമാണ്. പ്രത്യേകിച്ചും ഭാരതത്തെപ്പോലെയുള്ള ഒരു രാജ്യത്തിൽ യേശുവിന്റെ ആത്മാവ് ഉൾക്കൊണ്ട് നാം ജീവിച്ചേ മതിയാവൂ. ശമര്യാക്കാരിത്തിയിൽ നിന്നു വെള്ളം വാങ്ങി കുടിച്ച യേശു (യോഹ. 4:1-38) നല്ല അയല്ക്കാരന്റെ ഉപമയിൽ ലേവ്യനെയും പുരോഹിതനെയും തള്ളിപ്പറഞ്ഞ് ശമര്യാക്കാരനെ പ്രശംസിക്കുകയാണ് ചെയ്യുന്നത്. (ലൂക്കോ 10:30-37).

യേശുവിന്റെ ജീവിതരീതിയിൽ എവിടെ താമസിയ്ക്കും , എന്തുടുക്കും, എന്തുഭക്ഷിയ്ക്കും എന്നതു വലിയ പ്രശ്നമല്ല. ഇന്നത്തെ വായന കഴിഞ്ഞുള്ള അടുത്ത അധ്യായത്തിൽ തന്റെ ശിഷ്യന്മാരെ അയയ്ക്കുമ്പോൾ മടിശ്ശീലയിൽ പൊന്നും രണ്ടു ഉടുപ്പും ചെരുപ്പും വടിയും കരുതരുത് (ലൂക്കോ 10:3-9) എന്നാണല്ലോ. യേശുവിനെ അനുഗമിക്കുവാൻ വിളിയ്ക്കപ്പെടുന്ന രണ്ടാമത്തെ യുവാവിന്റെ തടസ്സം തന്റെ മാതാപിതാക്കളാണ്. അവരുടെ മരണശേഷം അവൻ യേശുവിനെ പിന്തുടരുവാൻ തയ്യാറാണ്. ഏലിയാവിന്റെ പിൻഗാമിയായിരുന്ന ഏലീശാ തന്റെ മാതാപിതാക്കളെ ചുംബിച്ചിട്ട് ദൈവവേലയ്ക്കിറങ്ങുന്ന തരത്തിലുള്ള ഒരു മനോഭാവമല്ല ഇവൻ കാട്ടുന്നത്. (1 രാജാ, 19:20), മറിച്ച് മാതാപിതാക്കളുടെ പേരുപറഞ്ഞ് ദൈവവിളി നിഷേധിക്കയാണിവൻ ചെയ്യുന്നത്. മൂന്നാമത്തെ ആൾക്കാകട്ടെ തന്റെ കുടുംബ പ്രാരാബ്ദങ്ങൾ കാരണം യേശുവിന്റെ പിന്നാലെ പോകുന്നതിനു സാധിക്കുന്നില്ല.

ചുരുക്കത്തിൽ ഈ മൂന്നു യുവാക്കളും യേശുവിന്റെ ശിഷ്യത്വം സ്വീകരിക്കുന്നില്ല. ജീവിതത്തിലെ സുരക്ഷിതത്വവും സൗകര്യങ്ങളും എല്ലാം ഉറപ്പാക്കിയിട്ട് ദൈവവേല ചെയ്യുന്നവരെയല്ല യേശു അന്വേഷിക്കുന്നത്. തങ്ങളുടെ ജീവിതമാർഗ്ഗം ഉപേക്ഷിച്ച ശീമോനെയും അന്ത്രയോസിനെയും പോലെയുള്ളവരും, പടകിനെയും അപ്പനെയും ഉപേക്ഷിച്ച സെബദിമക്കളുടെ മാതൃകയിലുള്ളവരും (മർക്കോ. 1:16-20) ഉദ്യോഗമുപേക്ഷിച്ച മത്തായിയുടെ മനസ്സുള്ളവരെയുമാണ് (മത്താ. 9:9-11) യേശുവിന് വേണ്ടത്. അവർ ദൈവവിളി കേട്ടാലുടൻ യേശുവിനെ പിൻപറ്റുന്നവരാണ്. ■

*For Favours Received*




F.A., S.S., RAJ & K.K.S., Vazhoor


Baby Jacob
Ernakulam


T. A. Joseph (Shibu)
Delhi


ഒരു വിശ്വാസി

# മൈലപ്രാ വലിയപളളി പെരുന്നാൾ സമാപിച്ചു

മലങ്കര സഭയിലെ അതിപുരാതനവും ദക്ഷിണ കേരളത്തിലെ പ്രസിദ്ധതീർത്ഥാടന കേന്ദ്രവുമായ മൈലപ്രാ വലിയപള്ളി പെരുന്നാൾ മെയ് 1 മുതൽ 7 വരെയുള്ള തീയതികളിൽ പ.കാതോലിക്കാബാവായുടെയും, അഭിവന്ദ്യ കുറിയാക്കോസ് മാർക്ലീമിസ്,അഭിവദ്യ യൂഹാനോൻ മാർ പോളീക്കാർപ്പോസ്, അഭിവന്ദ്യ സഖറിയാസ് മാർ അപ്രേം എന്നീ തിരുമേനിമാരുടേയും മുഖ്യ കാർമ്മികത്യത്തിൽ ആഘോഷിച്ചു.

പെരുന്നാളിന് മുന്നോടിയായി നടന്ന ഒരുക്കധ്യാനത്തിന് മൂവാറ്റുപുഴ സുഖദാ ധ്യാനകേന്ദ്രം നേതൃത്വം നല്കി മെയ് 1-ാം തീയതി വി. കുർബ്ബാനയെ തുടർന്ന് പെരുന്നാൾ കൊടിയുമായുള്ള പ്രദക്ഷിണത്തെ തുടർന്ന് ഇടവകവികാരി റവ.ഫാ.റോയി പി.തോമസ് കൊടിയേറ്റി അന്നേ ദിവസം ഇടവകയിലെ എല്ലാ കുരിശടികളിലും ഭവനങ്ങളിലും കൊടി ഉയർത്തപ്പെട്ടു.
പെരുന്നാളിനോടനുബന്ധിച്ച് നടന്ന കുടുംബസംഗമത്തിൽ റവ.ഫാ.ജോൺ പുല്ലാല്ലിൽ നേതൃത്വം നല്കി.

മെയ് 3-ാം തീയതി നടത്തപ്പെട്ട മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട “സ്വർഗ്ഗീയ കിന്നര ഗീതി” എന്ന സംഗീത പരിശീലന കളരിയിൽ പ്രശസ്ത പിന്നണി ഗായകരായ ശ്രീ.കെ.ജി. മർക്കോസ്, ഡോ.ഓമനക്കുട്ടി എന്നിവർ പരിശീലനം നല്കി.

എല്ലാവർഷവും മെയ് 6,7 ദിവസങ്ങൾ പ്രധാന പെരുന്നാൾ ദിനങ്ങളായി കൊണ്ടാടുന്നു. വി.ഗീവർഗിസ് സഹദായുടെ ഓർമ്മപെരുന്നാളായി ആഘോഷിക്കുന്ന ഈ ദിനങ്ങളിൽ 6-ാം തീയതി രാവിലെ പ്രഭാത നമസ്കാരത്തെ തുടർന്ന് ഇടവകയിലെ എല്ലാവൈദികരുടെയും നേതൃത്വത്തിൽ സമൂഹബലിയും സെമിത്തേരിയിൽ പൊതു ധൂപപ്രാർത്ഥനയും നടത്തപ്പെട്ടു. തുടർന്ന് പ.കാതോലിക്കാബാവയെ കുരിശടിയിൽ നിന്നും ദേവാലയത്തിലേക്ക് സ്വീകരിച്ച് ആനയിച്ചു.സന്ധ്യാ നമസ്കാരത്തെ തുടർന്ന് നടന്ന തീർത്ഥാടക സംഗമം പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുകയും ശ്രീ.ആന്റോ ആന്റണി എം.പി. മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. പിന്നീട് നടന്ന ആഘോഷവും ,ഭക്തി നിർഭരവുമായ റാസയിൽ ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുത്തു. വാദ്യമേളങ്ങളും വർണ്ണവിസ്മയങ്ങളും അകമ്പടി സേവിച്ച ഈ റാസയിൽ പൊൻകുരിശുകളും,മുത്തുക്കുടകളും നേർച്ചയായാണ് വിശ്വാസികൾ പിടിക്കുന്നത്.

മൈലപ്രാ പള്ളിയിലെ വെച്ചൂട്ട് വളരെ പ്രസിദ്ധമാണ് .വെച്ചൂട്ടിന് ആവശ്യമായ കോഴിയും അരിയുംവിശ്വാസികൾ നേർച്ചയായിട്ടാണ് പള്ളിയിൽ എത്തിക്കുന്നത് .വിശ്വാസികൾ നേർച്ചച്ചോറ് ദിവ്യഔഷധമായി ഭവനങ്ങളിൽ കൊണ്ടുപോയി ഉണക്കി സൂക്ഷിക്കുന്നു. കൂടാതെ കുഞ്ഞുങ്ങൾക്ക് ആദ്യമായി ചോറൂണു നല്കുന്ന ചടങ്ങും ഇവിടെ അനുഷ്ഠിക്കുന്നു.

7-ാം തീയതി രാവിലെ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് റാസയും ,നേർച്ചസദ്യയും നടന്നു. ആഘോഷമായ ചെമ്പെടുപ്പ് എന്ന അനുഷ്ഠാനം നടത്തപ്പെട്ടു.കുരിശടിയിൽ വച്ചിരിക്കുന്ന നേർച്ച അരി ഉൾക്കൊണ്ട ചെമ്പ് വൈദികരുടെ നേതൃത്വത്തിൽ പ്രാർത്ഥിച്ച് വാദ്യമേളങ്ങളുടെ അകമ്പടിയോടെ പള്ളിയിൽ എത്തിച്ചു. ആ സമയത്ത് ചെമ്പിൽ ഒന്ന് സ്പർശിച്ച് അനുഗ്രഹം പ്രാപിക്കുവാൻ വിശ്വാസികൾ കാട്ടുന്ന തിരക്ക് നിയന്ത്രണാതിതമാണ്.

തന്നാട്ടിലെ പെരുന്നാളിന്റെ ജനറൽ കൺവിനറായി ശ്രീ.മാത്യു തോമസ്, ശ്രീ.കെ.കെ.മാത്യു (പ്രോഗ്രം കൺവിനർ) ശ്രീ.ഷാജി ജോർജ് ,ശ്രീ.വിനോദ് .കെ.രാജു,(പബ്ളിസിറ്റി കൺവിനേഴ്സ്) ശ്രീ.എം.സി.ബേബി (ട്രസ്റ്റി) ,ശ്രീ. വർഗ്ഗീസ് എബ്രഹാം (സെക്രട്ടറി) എന്നിവർ അടങ്ങിയ 101 അംഗകമ്മറ്റി പ്രവർത്തിച്ചു. ■

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഡൽഹി ഭദ്രാസനം


തലമുറ സംഗമം പരുമലയിൽ

ഡൽഹി ഭദ്രാസനത്തിൽ മുമ്പു പ്രവർത്തിച്ചിരുന്നവരും ഇപ്പോൾ പ്രവർത്തിക്കുന്നവരുമായ വിശ്വാസികൾ പരുമലപ്പള്ളി അങ്കണത്തിൽ ഒത്തുചേരുന്നു.

2011 ജൂൺ 11 ശനിയാഴ്ച
രാവിലെ 7 മണി മുതൽ 12 മണി വരെ

പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക
www.docib.info

കൂടുതൽ വിവരങ്ങൾക്ക്
Contact : Mr. Jiji K Ninan (Convenor) Ph: 09818001320
E-mail : ocym.delhi@gmail.com



## നിങ്ങൾ പറയുന്നത്

### 'ദ്രോഹ' ശാന്തി

അത്ഭുത രോഗശാന്തി ശുശ്രൂഷകളിലെ കള്ള നാണയങ്ങളെ തുറന്നു കാട്ടിയ ഡോ. അലക്സ് ഫിലിപ്പ് ചാത്തന്നൂരിനെ അഭിനന്ദിക്കുന്നു. കേരളത്തിന്റെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ ഓടിനടന്ന് സൗഖ്യശുശ്രൂഷകൾ നടത്തുന്ന "രോഗശാന്തി വരക്കാർ" കൊരട്ടിയിലും, നൂറനാട്ടും ഉള്ള പാവപ്പെട്ട കുഷ്ഠരോഗികളെ കാണാതെ പോയത് എന്താണ്? ദിവസവും പ്രാർത്ഥിക്കുകയും, ബൈബിൾ വായിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളായവരെങ്കിലും ഒന്ന് തൊട്ട് സൗഖ്യമാക്കുവാൻ ഇവർക്ക് മനസ്സില്ലേ? തുറന്ന് പറയട്ടെ ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് ചെയ്യാവുന്ന അത്ഭുത രോഗശാന്തി മാത്രമേ ഇവർക്ക് ചെയ്യാനാവുന്നുള്ളു. മുറിഞ്ഞുപോയ ഒരു കാലോ, കൈയ്യോ ഒരു വിരലിന്റെ അറ്റം പോലുമോ ഉണ്ടാക്കിക്കൊടുക്കുവാൻ ഇവർക്കോ ഇവരുടെ ദൈവത്തിനോ ശക്തിയില്ല!!

ഈ ചോദ്യത്തിന് അത്ഭുത രോഗശാന്തി നടത്തുന്ന ദിവ്യൻ പറഞ്ഞ മറുപടി നിന്നോട സംസാരിച്ചിട്ട് കാര്യമില്ല എന്നാണ്.

**ജീവൻ ഏബ്രഹാം,**
**പടമുഗൾ, കൊച്ചി**

### COMPREHENSIVE DATABASE

Malankara Orthodox Sabha, which was remaining dormant in its activitis, had come out of its shell and started rendering spiritual, social and philanthropic services. As a result of which the last three decades has seen a great leap in its activities in serving the poor and depressed. What Christ had preached and taught, in that direction the Malankara Sabha has started moving fast. All the developmental activities are carried out by our own people, pooling resources from our own members. A lot more is still there to do. M.O.S. which was limited within the gegraphical area of Kerala, virtually has become an international Sabha with its members now at the nook and corner of India and in various parts of the world.

However coming to the other side of the coin, nobody knows even the total population of M.O. Christians in all the thirty dioceses. There are many other areas of our activities where proper information and records are not available. Those are a must for the multifaceted social, charitable and overall developmental activities of the M.O.S. How many registered members are there in each of the diocese, their dependants, approximate floating members etc. are remaining still a guesswork. Social and charitable institutions, educational institutions, projects undertaken for all those and many others no authentic information is available even at the diocesan level.

Using a commmon acceptable format all the needed details of each of the Parishes are to be collected and the consolidated details of the Parishes are to be maintained at each Diocesan level by uploading in Diocesan Website. In turn the Catholicate Head Office should have the provision to upload the up to date information from the diocesan website. We earnestly request the decision making body-the Holy synnod to decide to take up this project of creation and continuous maintenance of a comprehensive database of M.O.S. in the Website at Catholicate Office. This project will be a great and valuable contribution in the year 2012, the Centenary year of the establishment of Catholicate in Malankara.

**K. M. Peter, Mattackal**
**Banglore**

### നമുക്കും സന്തോഷിക്കാം

എൻഡോസൾഫാനെന്ന മാരക കീടനാശിനി ആഗോളതലത്തിൽ നിരോധിക്കപ്പെട്ടത് മാനവരാശിക്ക് സന്തോഷത്തിന് വക നല്കുന്നു. അതിലേറെ സന്തോഷം മലങ്കര സഭാ വായനക്കാരനായ ഞാൻ പങ്കുവയ്ക്കട്ടെ. മലങ്കര സഭ ഡിസംബർ ലക്കത്തിൽ ഭോപ്പാൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ കാസർകോഡ് എന്ന ചെറു ഗ്രാമം മറ്റൊരു ദുരന്തത്തിനിരയാകുമോ എന്ന് ചോദ്യം ഉന്നയിച്ചിരുന്നു. ഒരുപക്ഷേ മുഖ്യധാരാ മാധ്യമങ്ങൾ എൻഡോസൾഫാനെക്കുറിച്ച് ഇത്ര സജീവമായി ചർച്ച ചെയ്യുന്നതിനു മുമ്പ് ഒറ്റ ലക്കത്തിൽ ഒരു കവർ സ്റ്റോറിയായി ഈ വിഷയം അവതരിപ്പിച്ച മലങ്കരസഭയുടെ പത്രാധിപ സമിതിക്ക് നല്ല നമസ്ക്കാരം.

സമൂഹത്തിൽ ക്രിയാത്മകമായി ഇടപെടുന്ന ഒരു സഭയെന്ന സത്പേര് ഇനിയും കണ്ടെത്താൻ നമുക്കു സാധിക്കണം. ഒരു മലങ്കരസഭ വിശ്വാസി എന്ന നിലയിൽ ഏറെ സന്തോഷിച്ച നിമിഷങ്ങളായിരുന്നു അത്. അടിച്ചമർത്തപ്പെട്ടവരുടെ കണ്ണുനീരിനെ മുഖവിലയ്ക്കെടുക്കാൻ മലങ്കരസഭയ്ക്ക് ഇനിയും സാധിക്കട്ടെ. ഒരായിരം ആശംസകളോടെ

**പി.ജി. സാമുവേൽ,**
**മണ്ണാർക്കാട്**


**WANTED**

Wanted B.T. Teacher for immediate appointment to handle high school section in the permanent post on Tamilnadu Government scale of pay in an Aided Higher Secondary School in Coimbatore.

1. **English Teacher**
   Qualification : B.A. (English) with B.Ed
2. **Malayalam Teacher**
   Qualification : B.A. (Malayalam) with B.Ed

Apply with bio-data, photograph and copies of certificates to

The correspondent,
St. Thomas Hr. Sec. School
K.K. Pudur, Coimbore-641 038

**Phone No. 0422-2442543**

*with in seven days*

## SUNDAY SCHOOL NEWS



## ഫാ. ഡോ. ഒ. തോമസ്
(ഡയറക്ടർ ജനറൽ)

### ഒ.വി.ബി.എസ്

വലിയനോമ്പിൽ ഒ.വി.ബി.എസ് നടത്തേണ്ടിവന്നു എന്നതാണ് ഈ വർഷത്തെ സവിശേഷത മിക്ക സൺഡേസ്ക്കൂളുകളിലും ഏപ്രിൽ ആദ്യവാരങ്ങളിൽ അതു നടത്തപ്പെട്ടു എന്നറിഞ്ഞു. ചുരുക്കമ ചിലയിടങ്ങളിൽ ഈസ്റ്ററിന് ശേഷമാണ് നടത്തപ്പെട്ടത്. വലിയനോമ്പിൽ ഒ.വി.ബി.എസ് നടത്തപ്പെട്ടതിനാൽ അനേക പള്ളികളിൽ വലിയനോമ്പിന്റെ ഉച്ചനമസ്ക്കാരവും അതിനോട് ചേർന്ന് 40 കുമ്പിടിലും നടത്തപ്പെട്ടതായി മനസ്സിലാക്കി. അത്തരം ഒരു അനുഭവം ആദ്യമായിരുന്നു എന്ന ചില പള്ളികളിൽ നിന്ന് കുട്ടികൾ മാത്രമല്ല ചില അദ്ധ്യാപകരും അഭിപ്രായപ്പെടുകയുണ്ടായി. വളർന്നുവരുന്ന നമ്മുടെ കുട്ടികൾക്ക് പെരുന്നാളുകളെക്കുറിച്ച് കുറെച്ചൊക്കെ അറിവുകൾ ലഭിക്കുന്നുണ്ട്. എന്നാൽ സഭയുടെ കാതലായ നോമ്പ്, ഉപവാസം തുടങ്ങിയവയിലൊക്കെ വേണ്ടത്ര പരിശൂലനം ലഭിക്കുന്നില്ല. ആ കാര്യത്തിൽ കുറെ അറിവും അനുഭവവും ലഭിക്കാൻ ഈ വർഷത്തെ ഒ.വി.ബി.എസ് ഒരു മുഖാന്തരമായി.

മുഖ്യ ചിന്താവിഷയമായ മാതാപിതാക്കളെ ബഹുമാനിക്കാം എന്നത് കുട്ടികൾക്ക് നല്ല ഉൾക്കാഴ്ചകൾ കൊടുക്കാൻ പര്യാപ്തമായി. ഒ.വി.ബി.എസ് വിജയപ്രദമാക്കുവാൻ, ഒട്ടേറെ പേർ അദ്ധ്വാനിച്ചിട്ടുണ്ട്. അവരെയെല്ലാ വരേയും അനുമോദിക്കുന്നു.

### അദ്ധ്യാപക പരിശീലന ക്യാമ്പ്

ദീർഘമായ ഇടവേളയ്ക്ക് ശേഷം കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും 5 പ്രതിനിധികളെ വീതം ഉൾക്കോളളിച്ചുകൊണ്ടുള്ള അദ്ധ്യാപക പരിശീലന ക്യാമ്പ് 2011 മെയ് 9 ന് പി.എം. ജി. സെന്ററിൽ തുടങ്ങുകയാണ്. ഏകദേശം ഒരാഴ്ച നീണ്ടുനില്ക്കുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് വളരെ പ്രയോജനങ്ങൾ ലഭ്യമാകുമെന്ന് പ്രത്യാശിക്കുന്നു.

### അവധിക്കാല പഠന ക്ലാസ്സുകൾ

ഡിസ്ട്രിക് തലത്തിൽ മുതിർന്ന കുട്ടികൾക്കെങ്കിലും ഒരു ഏകദിന പഠന ക്ലാസ്സ് നടത്തുന്നത് നന്നായിരിക്കും. ഓരോ ഡിസ്ട്രിക്ടിലേയും സൗകര്യപ്രദമായ ഒരു പള്ളിയിൽ വെച്ച് ഇത് നടത്തുവാൻ ക്രമീകരിക്കണം. അതാതു പള്ളികൾ അതിന്റെ ചെലവുവഹിക്കേണ്ടിവരും. പ്രായോഗിക ജീവിതത്തിൽ അജ്ഞതമൂലം, കുട്ടികൾ പല കെണികളിലും ചെന്നു വീഴുന്നത്.അതിനാൽ വിശ്വാസ പഠനത്തോടൊപ്പം ആനുകാലിക വിഷയങ്ങളിൽ ബോധവത്ക്കരണം നടത്തുവാൻ ഈ ഏകദിന സമ്മേളനങ്ങൾ മുഖാന്തരമാകണം. മൊബൈൽ, ഇന്റർനെറ്റ് ഇവയുടെ ദുരുപയോഗം, സുഹൃത്തുക്കളുടെ ദുഷ്പ്രേരണകൾക്ക് വശംവദരായി മദ്യം, മയക്കുമരുന്ന്, ഇവയോടൊക്കെയുണ്ടാകുന്ന ആസക്തി, ചെറുപ്രായത്തിലേ തുടങ്ങിവയ്ക്കുന്ന പ്രണയ ബന്ധങ്ങൾ തുടങ്ങിയവയൊക്കെ കൗമാരക്കാരെ വഴിതെറ്റിക്കുന്നുണ്ട്. ഈ വിഷയങ്ങളെക്കുറിച്ച് വേണ്ടത്ര നല്ല അറിവുകൊടുത്താൽ കുട്ടികൾ കുറച്ചുകൂടി സൂഷ്മതയോടെ വളരുവാൻ ഇടയാകും.


### സെക്കുലർ വിദ്യാഭ്യാസത്തോടൊപ്പം ആദ്ധ്യാത്മിക പരിശീലനവും

സെക്കുലർ പഠനത്തിനു നല്കുന്ന പ്രാധാന്യം മാതാപിതാക്കൾ സൺഡേസ്ക്കൂൾ പഠനത്തിനു നല്കുന്നില്ലാ എന്നത് ഖേദകരമാണ്. 11, 12 എന്നീ ക്ലാസ്സുകളിലെ റിസൽറ്റുകൾ വന്നുകഴിയുമ്പോഴേക്കും മിക്കവരും സൺഡേസ്ക്കൂളിനെ ഉപേക്ഷിച്ചിരിക്കും. മുള്ളും, പറക്കാരയും, കുറ്റിരിട്ടും തിങ്ങിയ പാതയിൽ അവർക്ക് പ്രകാശമാകേണ്ടത് ആത്മീക ശിക്ഷണവും, ധർമ്മാധർമ്മങ്ങളെക്കുറിച്ചുള്ള വ്യക്തമായ വേർതിരിവിന്റെ പരിജ്ഞാനവുമാണ്. അതു ലഭിക്കുവാൻ സെക്കുലർ വിദ്യാഭ്യാസത്തോടൊപ്പം, ആത്മീക പരിജ്ഞാനം നല്കുന്ന സൺഡേസ്ക്കൂളിന് മാതാപിതാക്കളും കുട്ടികളും ഒരുപോലെ പ്രാധാന്യം നല്കണമെന്ന് ഏവരേയും ഓർമ്മിപ്പിക്കട്ടെ. ■



Sri Adichunchanagiri Shinkshana Trust®
B G S Global Hospital & S J B College of Nursing
(Approved by Indian Nursing Council, New Delhi,
Affiliated to Rajiv Gandhi University of Health Sciences and Karnataka State Nursing Council
BGS Health & Education City, #67, Uttarahalli road, Kengeri, Bangalore - 60
Website: www.bgshec.org, E-mail: sjbion@gmail.com |
Contact: TRAVANCORE EDUCATIONAL SERVICES
STORE JN., MANNAR, ALAPPUZHA - 689 622
TEL: 0479- 3248870, 9947155505, 9744399499, 09916773434
Highlights of SJBCON
500 Bedded own hospital with 24 hours facility in the campus
110 acres of Campus
Experienced & Highly qualified staff members
18 hours Internet Facility
Library facility with 2000 books, 100 national & international Journals supported by Heilinet service
2500 seated indoor auditorium
400 meters track play ground & indoor sports complex
Transport facility from city to campus
Well equipped labs
Kerala food.
Courses Offered:
M.Sc. Nursing (2 Years)
B.Sc. Nursing (4 Years)
P.C.B.Sc. Nursing (2 Years)
GNM (3½ Years)
Free IELTS, NCLEx - RN Coaching
Engg.
(All Branches)
BBA
BCA
BBM
Students to participate in worship every sunday under the leadership of Marthoma, RC & Orthodox Church

## അനുസ്മരണം അനുഗൃഹീതം



**കോട്ടയം:** മൺമറഞ്ഞ ആത്മീയ പിതാക്കന്മാരെ ഉചിതമായി അനുസ്മരിക്കുന്നത് അനുഗ്രഹകരമാകുമെന്ന് മുംബൈ ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവറുഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത. മൂന്നു ദശാബ്ദക്കാലം ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റായിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ ജന്മശതാബ്ദി മെയ് ഏഴ് ശനിയാഴ്ച കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ ആചരിക്കുന്നതിനോടനുബന്ധിച്ച് സ്റ്റുഡൻസ് സെന്ററിൽ നടന്ന പ്രാർത്ഥനാ സംഗമത്തിൽ അധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു മെത്രാപ്പോലീത്ത. എം.റ്റി. പോൾ, ജോസ് കുര്യൻ, ഏലിയാസ് എം. ചാക്കോ, ജേക്കബ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

### മലങ്കര വർഗ്ഗീസ് വധം :

## അന്വേഷകർക്ക് മലയാള പരിജ്ഞാനം ഉണ്ടാകണമെന്ന് കോടതി

മലങ്കര വർഗ്ഗീസിനെ കൊലപ്പെടുത്തിയ കേസിൽ സി.ബി.ഐ. കേരള ഘടകത്തിലെ മലയാള പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ തുടരന്വേഷണം നടത്തണമെന്ന് എറണാകുളം സി.ജെ.എം. കോടതി ഉത്തരവിട്ടു. കേസിന്റെ തുടരന്വേഷണം നടത്താൻ ചെന്നൈ യൂണിറ്റിനെ അനുവദിക്കണമെന്നുള്ള സി.ബി.ഐ. ആവശ്യം കോടതി തള്ളി. രണ്ടാഴ്ചതോറും തുടരന്വേഷണത്തിന്റെ പുരോഗതി വിശദീകരിച്ചു റിപ്പോർട്ട് സമർപ്പിക്കണമെന്നും കോടതി ഉത്തരവിട്ടു. തുടരന്വേഷണം മലയാളം അറിയാവുന്ന ഉദ്യോഗസ്ഥർ നടത്തണമെന്നുള്ള കൊല്ലപ്പെട്ട വർഗ്ഗീസിന്റെ ഭാര്യ സാറാമ്മ വർഗീസിന്റെ ആവശ്യം അംഗീകരിച്ചാണ് സി.ജെ.എം.ബി വിജയന്റെ ഉത്തരവ്.



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

"ഇടം" ആയിരിക്കുന്ന പരിതസ്ഥിതിയിലെ ഒരുവന്റെ സ്ഥലപരമായ അവകാശമാണ്. നശ്വരമായതിൽ ഇടം നേടുവാൻ വ്യഗ്രത പൂണ്ടവരുണ്ട് അനശ്വരമായതിൽ ഇടം കിട്ടിയവരുണ്ട്. ഒരു ജീവിതത്തിന്റെ വിശുദ്ധമായ സമർപ്പണം നടക്കുന്നിടത്ത് വിശുദ്ധമായ ഇടം കണ്ടെത്തുന്നുണ്ടാകണം. മനുഷ്യന്റെയുള്ളിൽപ്പോലും ഇടം നഷ്ടപ്പെടുന്നിടത്തെ ദുരിതകാഴ്ചകൾ ഭീകരമാണ്. വീടിന്റെ ഏതെങ്കിലും മൂലയിൽ അവഗണിക്കപ്പെട്ട് കഴിയുന്ന വാർദ്ധക്യം, ഹൃദയത്തിൽ സ്വീകരിച്ചവൻ/ സ്വീകരിച്ചവൾ ഒരിറ്റ് ഇടം തന്നിട്ടില്ല എന്ന് നൊമ്പരപ്പെടുന്നവർ, പ്രണയം കൂടൊഴിഞ്ഞിടത്ത് ഇനി ആരെയും ഉൾക്കൊള്ളാം എന്ന സന്ധിയിലെത്തുന്നത്. ഇടം നഷ്ടപ്പെട്ടവരുടെ ദുരന്തമാണ്. ഇടം നഷ്ടപ്പെട്ട് പോയവനാണ് സ്വയംഹത്യ പരീക്ഷിക്കുന്നത്. പാപവൃത്തികളെല്ലാം ഒരു സ്വയംഹത്യയുടെ സാധുത നൽകുന്നുണ്ടു താനും. ദൈവം നൽകിയ ഇടം നഷ്ടപ്പെടുത്തിയവരെല്ലാം സ്വയം മരണത്തിലേക്ക് കൂടുമാറിയവരാണ്.

ജിബ്രാന്റെ ഒരു കഥയിൽ അതിരാവിലെ സൂര്യനുദിച്ചപ്പോൾ തന്റെ നിഴൽ കണ്ട ഒരു കുറുക്കൻ പറയുകയാണ്. "ഞാനിന്ന് ഒരു ഒട്ടകത്തെ തിന്നും." നട്ടുച്ചയ്ക്ക് അതു നിഴൽ കണ്ട് വിചാരിക്കുന്നു. "ഇല്ല ഒരു എലിയെ തിന്നും." നിഴലുകൾ മാത്രം യാഥാർത്ഥ്യമെന്നു വിചാരിക്കുന്നവർക്ക് തന്റെ ഇടം നഷ്ടപ്പെടുന്ന കഥയാണ് ഇവിടെ വിവരിക്കുക. ഇടമില്ലാത്ത നിഴലുകൾ ജീവിതത്തിന് മാർഗ്ഗദർശകമാകരുത്. അലക്സാണ്ടർ ചക്രവർത്തിയുടെ വിജയം ആളുകളെ കൊന്നൊടുക്കിയതായിരുന്നു. അരിസ്റ്റോട്ടിൽ മനുഷ്യ നന്മയ്ക്ക് ചില ദാർശനിക ബോധ്യങ്ങൾ നൽകി. ഹിറ്റ്ലർ മനുഷ്യൻ എങ്ങനെ മൃഗമാകാമെന്നു കാണിച്ചു. ഗാന്ധി മനുഷ്യൻ എങ്ങനെ വ്യത്യാസപ്പെടണം എന്നു പരീക്ഷിച്ചു. മനുഷ്യൻ നന്മയുടെയും തിന്മയുടെയും ഇടമാകുന്നത് എങ്ങനെയെന്ന് ഇവിടെ വ്യക്തമാണ്. എല്ലാ നിഗ്രഹങ്ങൾക്കു പിന്നിലും ഇടം നഷ്ടപ്പെടലാണ്. ദൈവാത്മാവിന്റെ ബോധ്യങ്ങൾ തന്റെ ഇടത്തിലേക്കുള്ള യാത്രയുമാണ്.

"The decline and fall of the Roman empire" എന്ന പുസ്തകം തനതു ഇടം നഷ്ടപ്പെട്ട ഒരു രാഷ്ട്രത്തെയാണ് പ്രതിനിധീകരിക്കുന്നത്. കായിക വിനോദങ്ങൾക്ക് രാജ്യത്തിന്റെ പണം ധൂർത്തടിക്കുക, നികുതി വർദ്ധനവിലൂടെ ജനത്തെ ഞെരുക്കുക, മതത്തെ, ധാർമ്മികതയെ അവഗണിക്കുക, പെൺപീഡനം പെരുകുകയും കുടുംബ ഭദ്രത തകരുകയും ചെയ്യുക. റോമൻ സാമ്രാജ്യത്തിന്റെ ഈ ദോഷങ്ങൾ സംസ്ക്കാരത്തനിമയുള്ള ഏതു രാഷ്ട്രത്തെയും അധഃപതിപ്പിക്കുമെന്നാണ് ചരിത്രം വിവക്ഷിക്കുന്നത്. സത്സംസ്ക്കാരത്തിന്റെ ഇടം നഷ്ടപ്പെട്ടു പോകുന്ന രാഷ്ട്രങ്ങൾ കൂടി വരുന്നത് ലോകത്തിന് ആപത്താണ്.

ഒരു ഗ്രാമത്തിൽ നിർമ്മലമായൊരു തടാകം ഉണ്ടായിരുന്നു. അതിനു സമീപത്ത് ഒരു കൊല്ലനുമുണ്ടായിരുന്നു. ആ തടാകം എങ്ങനെയും നശിപ്പിക്കണമെന്ന് അയാൾ ചിന്തിച്ചു. ആ ചിന്ത അയാളുടെ ഉറക്കം കെടുത്തി. അയാളുടെ ജീവിതം അസ്വസ്ഥമായി. ഒടുവിൽ ഒരു വലിയ കമ്പി ചുട്ടു പഴുപ്പിച്ച് അയാൾ തടാകത്തിൽ എറിഞ്ഞു. തടാകം കരിഞ്ഞ് വരണ്ടുപോയി എന്ന് ആശ്വസിച്ചു ജീവിക്കാൻ തുടങ്ങി. ഇടം നഷ്ടപ്പെട്ടവന്റെ കർമ്മപഥത്തിലെ വൈകൃതങ്ങളാണ് മേൽ വിവരിക്കപ്പെട്ടത്. ചില ശാന്തി തീരങ്ങൾ പോലും നമ്മുടെ വൈകൃതങ്ങൾ കൊണ്ട് നശിപ്പിക്കാമെന്നു ചിന്തിക്കുന്നവർ സ്വന്തം ഇടം നഷ്ടപ്പെടുത്തുകയേയുള്ളു. ദൈവത്തിൽ ഇടമുള്ളവന് തന്നെ നശിപ്പിക്കുവാൻ പോന്ന എത്ര വലിയ ചുട്ടു പഴുത്ത ഇരുമ്പ് ദണ്ഡിനെയും ജലാശയം കൊണ്ടെന്നപോലെ നിഷ്പ്രഭമാക്കാൻ കഴിയും.

"ഇടം നഷ്ടപ്പെട്ടവനാകരുത്. ദൈവത്തിന് ഇടം നഷ്ടപ്പെടരുതെന്നും"



# സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളി

## ഉദയ്പൂർ, രാജസ്ഥാൻ

## വിവാഹ–ഭവന സഹായ പദ്ധതി 2011

രാജസ്ഥാനിലെ പ്രസിദ്ധ ദേവാലയമായ ഉദയ്പൂർ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളിയുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന നിർദ്ധനരായ ഓർത്തഡോക്സ് സഭാംഗങ്ങൾക്കുള്ള വിവാഹ, ഭവന സഹായ പദ്ധതികളുടെ ഔദ്യോഗികമായ പ്രഖ്യാപനം മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനി 2011 മാർച്ച് മാസം 4-ാം തീയതി ഉദയ്പൂർ വലിയ പള്ളിയിൽ വെച്ച് നിർവ്വഹിച്ചു. പ്രസ്തുത സഹായ പദ്ധതിയിലേക്ക് അർഹരായ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു .

<u>നിബന്ധനകൾ – വിവാഹ സഹായ പദ്ധതി.</u>

1.അപേക്ഷക/ൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

2. ഇടവക വികാരി/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്തുകൾ വിശദമായി എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം

3.തെരഞ്ഞെടുക്കപ്പെടുന്ന പെൺകുട്ടിയുടെ വിവാഹ ആവശ്യത്തിലേക്ക് ഉദയ്പൂർ വലിയ പള്ളി പരമാവധി ഒരുലക്ഷം രൂപ അനുവദിക്കുന്നതാണ്. ഇതിൽ മന്ത്രകോടി, മിന്നുമാല, സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് ഇവ ഉൾപ്പെടുന്നതാണ്.

4.സാമ്പത്തീക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡിന്റെ കോപ്പി & വരുമാനസർട്ടിഫിക്കററ് ) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

<u>നിബന്ധനകൾ – ഭവന സഹായ പദ്ധതി</u>

1. അപേക്ഷക/ൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഓർത്തഡോക്സ് സഭാംഗമായിരിക്കണം.

2. ഇടവക വികാരി/ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശ കത്തുകൾ വിശദമായി എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

3. അപേക്ഷകന് സ്വന്തം പേരിൽ കുറഞ്ഞത് മൂന്നു സെന്റ് ബാദ്ധ്യതകളില്ലാത്ത ഭൂമി ഉണ്ടായിരിക്കണം. ആധാരത്തിന്റെ ഒരു കോപ്പിയും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

4. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകന് ഭവന നിർമ്മാണത്തിന്നായി പരമാവധി ഒന്നരലക്ഷം രൂപ അനുവദിക്കുന്നതാണ്. പണിയാൻ പോകുന്ന ഭവനത്തിന്റെ വിശദമായ പ്ലാനും എസ്റ്റിമേററും അംഗീകാരത്തിന്നായി ഉദയ്പൂർ വലിയ പള്ളി കമ്മററിക്ക് സമർപ്പിക്കേണ്ടതാണ്.

5. ഇപ്രകാരം പണിയപ്പെടുന്ന ഭവനം കൈമാററം ചെയ്യുകയോ ക്രയവിക്രയം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല. സഹായ ധനം പണിയുടെ പുരോഗതി വിലയിരുത്തി പല ഗഡുക്കളായി മാത്രമേ ലഭിക്കുകയുള്ളു.

4. സാമ്പത്തീക പിന്നോക്കാവസ്ഥ തെളിയിക്കുന്ന രേഖകൾ (റേഷൻ കാർഡിന്റെ കോപ്പി & വരുമാനസർട്ടിഫിക്കററ് ) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

സഹായ പദ്ധതികൾ സംബന്ധിച്ച് ഉദയ്പൂർ സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളിക്കമ്മററി എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും. അപേക്ഷകൾ 2011 മെയ് 31 ന് മുമ്പായി **"Rev. Fr. Saji Yohannan, Vicar, St.Gregorios Orthodox Church, P.B.No.172, New Bhupalpura, Udaipur -313001, Rajasthan"** എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

BUDHIMAN

# ബുദ്ധിമാൻ

ഫാ. മുകളിൽ






# അഖില മലങ്കര മർത്തമറിയം സമാജം

## ഒരുക്കുന്ന

# ജറുശലേം യാത്ര



### 80 സമാജാംഗങ്ങൾക്ക് കൂപ്പൺ പിരിവിലൂടെ സബ്സിഡി നൽകുന്നു

അഖില മലങ്കര മർത്തമറിയം സമാജത്തിന്റെ "അഷ്ടദശതി" (80-ാം വാർഷികം) വർഷാചരണത്തിന്റെ ഭാഗമായി പ്രസിഡന്റ് അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ യേശുക്രിസ്തുവിന്റെ ജനന-മരണ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച വിശുദ്ധനാട് സന്ദർശിക്കുവാൻ വിശ്വാസികൾക്ക് അവസരം ഒരുക്കുന്നു.

- അഭി. തിരുമേനിമാർ, വൈദികർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്‌ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.



നവാഭിഷിക്ത തിരുമേനിമാർ ബേദ്‌ലഹേം പള്ളിയിൽ വി. കുർബാന അർപ്പിച്ചപ്പോൾ

***2011-ൽ ഫെബ്രു. 24, ഏപ്രിൽ 25, മെയ് 10, ജൂൺ 15***

*Contact:-*

**H.G. Dr. Zacharia Mar Theophilos (President)**
**Fr. John Sankarathil, (Samajam Vice President)**
**Accamma Paul (General Secretary)**
**Ph: 9847478894, 0481-2582518, 2571840, 9447123321**
**e-mail: sankarathilachen@gmail.com**
**web: www.biblicaldiscoverytours.com**





## ചുറ്റുവട്ടം

ജോയി കുളനട



## മൂന്നാം മാർത്തോമ്മാ – വിവരശേഖരണം


കടമ്പനാട് പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മൂന്നാം മാർത്തോമ്മായെക്കുറിച്ചുള്ള ഗ്രന്ഥം പുറത്തിറക്കുന്നതിന്റെ ഭാഗമായി വിവരശേഖരണം നടത്തുന്നു. മൂന്നാം മാർത്തോമ്മായുമായി ബന്ധപ്പെട്ട ചരിത്ര രേഖകളോ, അനുബന്ധ വിവരങ്ങളോ വാമൊഴികളോ, അറിയാവുന്നവർ ദയവായി അയച്ചുതരിക.

**ബോക്സ് നം: 702**
**മലങ്കരസഭ മാസിക, ദേവലോകം അരമന**
**കോട്ടയം – 686038**
**ഫോൺ: 7736183908**


## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 20,000 |
| Front Inside (Colour) | : | 15,000 |
| Back Inside (Colour) | : | 15,000 |
| Inner Page (Colour) | | |
| Full | : | 12,000 |
| Half | : | 6,500 |
| Quarter | : | 3,250 |
| Favours Block (Minimum) | : | 750 |
| Full page (B & W) | : | 5000 |
| Half page (B & W) | : | 3000 |
| Quarter page (B & W) | : | 2000 |
| Minimum (B & W) | : | 1000 |
| Matrimonial | : | 1000 |
| Favours Block (B & W) (Stamp Size) | : | 500 |


## BOOK RELEASED




60th Book Power of Attorney to Eternal Church from Eternal God" Authorised by Fr. Sam Oommen Panackamattom, being released by His Holiness Baselius Marthoma Paulose IInd at Devalokam.

## അഖില മലങ്കര മത്സരപ്പരീക്ഷ



സൺഡേസ്കൂൾ ആറാം ക്ലാസ് മത്സരപരീക്ഷയിൽ അഖില മലങ്കരയിൽ രണ്ടാം റാങ്ക് നേടിയ സാഞ്ചോ വർഗീസ് കുര്യൻ (എം.ജി.എം. സൺഡേസ്കൂൾ, തോട്ടപ്പുഴ, ഉമയാറ്റുകര ഡിസ്ട്രിക്ട്, ചെങ്ങന്നൂർ ഭദ്രാസനം).



സൺഡേസ്ക്കൂൾ കലാമത്സരത്തിൽ ജൂനിയർ വിഭാഗം പ്രസംഗത്തിനും, സിംഗിൾ സോംഗിലും (ഭദ്രാസനത്തിൽ) ഒന്നാം സ്ഥാനം നേടിയ ആരോൺ വി. മാത്യു, മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ. ഫാ. മാത്യു പി. തോമസിന്റെയും ശ്രീമതി ഷിബു മാത്യുവിന്റെയും മകൻ.



സെൻട്രൽ സോൺ പ്രസംഗമത്സരത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഫ്ളവിയ തോമസ്. കുറിച്ചി സെന്റ് മേരീസ് & സെന്റ് ജോൺസ് ഇടവകയിൽ തയ്യിൽ ഡോ. റ്റി. സി. തോമസിന്റെയും, പ്രിയാ തോമസിന്റെയും മകൾ.



സെൻട്രൽ സോൺ ജൂണിയർ വേദവാക്യമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മാസ്റ്റർ തോമസ് കുര്യൻ. തിരുവല്ല കുറ്റപ്പുഴ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകാംഗം.



സൗത്ത് സോൺ ജൂണിയർ വേദവാക്യം സീനിയർ ഒന്നാം സ്ഥാനം നേടിയ ജോജി മറിയം ജോസഫ്. മാവേലിക്കര കല്ലിമേൽകല്ലുവളയം സെന്റ് തോമസ് ഇടവകയിൽ റ്റി. എം. ജോസഫിന്റെയും സാലി ജോസഫിന്റെയും മകൾ.



outside kerala Region ൽ 10-ാം ക്ലാസ്സിൽ രണ്ടാം റാങ്ക് നേടിയ സജിനി ജിജി. ബോംബെ ദാദർ സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. ജിജി കെ. തോമസിന്റെയും ഷേർളി ജിജിയുടെയും മകളാണ്.

## വിജയികൾ



**ഡൽഹി:** ദിൽഷാദ് ഗാർഡൻ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകാംഗം ബെസിലി മേരി ഏബ്രഹാം B.Sc. നഴ്സിംഗിൽ ഒന്നാം റാങ്ക് നേടി ഗുരുഗോവിന്ദ്സിംഗ് ഇന്ദ്രപ്രസ്ഥ യൂണിവേഴ്സിറ്റിയുടെ ഗോൾഡ് മെഡലിന് അർഹയായി. പുതുപ്പള്ളി വന്നല മുട്ടത്തുതറ ഏബ്രഹാം വർഗീസിന്റെയും ഏലിയാമ്മ ഏബ്രഹാമിന്റെയും മകൾ.

## ചാപ്പൽ കൂദാശ

പത്തനാപുരം മാർ ലാസറസ് ഓർത്തഡോക്സ് വലിയ പള്ളിയുടെ ചുമതലയിലുള്ള ശാലേം പുരം മാർ ഗ്രിഗോറിയോസ് ചാപ്പലിന്റെ കൂദാശാ കർമ്മം മെയ് 11, 12 തീയതികളിൽ നടക്കും. കൂദാശാ ചടങ്ങുകൾക്ക് മാത്യൂസ് മാർ തേവോദോസിയോസ്, ജോസഫ് മാർ ദിവന്നാസിയോസ്, ഡോ. സഖറിയാസ് മാർ അപ്രേം എന്നിവർ കാർമ്മികത്വം വഹിക്കും. കല്ലുംകടവിൽ പുതുതായി നിർമ്മിച്ച കുരിശടിയുടെ കൂദാശയും, സ്വീകരണ ഘോഷയാത്രയും നടക്കും.

## വിവാഹ – ചികിത്സാ സഹായം

**തിരുവനന്തപുരം:-** നന്ദൻകോട് പള്ളി വിവാഹധനസഹായമായി ഓരോ ലക്ഷം രൂപയും, ക്യാൻസർ ചികിത്സാ സഹായമായി 10,000 രൂപ വീതവും നൽകുന്നു. ട്രസ്റ്റി, നന്ദൻകോട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ-9995076534.

## വാർഷിക ക്യാംപ്

അടൂർ-കടമ്പനാട് മെത്രാസന ബാലസമാജത്തിന്റെ പ്രഥമ വാർഷിക ക്യാംപ് മെയ് 26,27,28 തീയതികളിൽ പത്തനാപുരം മൗണ്ട് താബോർ ദയറായിൽ നടക്കും. ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, ഫാ. പോൾ വർഗീസ്, ഫാ. തോമസ് പി. മുകളിൽ, ഫാ. ജോജി കെ. ജോയി, ഫാ. ജോൺ തോമസ്, ഡീ. വിനു വർഗീസ്, തുടങ്ങിയവർ നേതൃത്വം നൽകും. ബാലസമാജത്തിന്റെ പ്രവർത്തന ഉദ്ഘാടനവും ക്യാംപിനോടനുബന്ധിച്ചു നടത്തും. ബാലസമാജം മുൻ ഭാരവാഹികളെ ചടങ്ങിൽ ആദരിക്കും.



ബൊക്കാറോ സ്റ്റീൽ സിറ്റിയിലെ മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്ക്കൂൾ സിൽവർ ജൂബിലി ആഘോഷങ്ങൾ ഭദ്രാസനാധിപൻ അഭി. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യുന്നു. പട്ന ഹൈക്കോടതി ചീഫ് ജസ്റ്റിസ് ബഞ്ചമിൻ കോശി, ഭദ്രാസന വിദ്യാഭ്യാസ കാര്യദർശി ഫാ. ഷാജി മുകടിയിൽ, വെരി. റവ. മത്യാസ് റമ്പാൻ, പ്രിൻസിപ്പാൾ റെജി ഉമ്മൻ സമീപം.

## വൈദികസംഘം ത്രൈവാർഷിക സമ്മേളനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വൈദിക സംഘത്തിന്റെ ത്രൈവാർഷിക സമ്മേളനം 2011 ജൂൺ 7 ചൊവ്വ മുതൽ 9 വ്യാഴം വരെ പരുമല സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. "Discerning the Signs of times" എന്നതാണ് മുഖ്യചിന്താവിഷയം. പ. ബാവാ തിരുമേനിയും, വന്ദ്യ പിതാക്കന്മാരും കോൺഫറൻസിന് നേതൃത്വം നല്കുന്നു. കോൺഫറൻസിന്റെ വിജയത്തിനായി വിവിധ കമ്മറ്റികൾ പ്രവർത്തിച്ചു. വരുന്നു. കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ മുന്നോടിയായി ആണ് വൈദിക ത്രൈവാർഷിക സമ്മേളനം നടത്തപ്പെടുന്നതെന്ന് ജനറൽ സെക്രട്ടറി ഫാ. തോമസ് വർഗീസ് അമയിൽ അറിയിച്ചു.

# എസ്ഥേർ 2

ഷാജി മലയാലപ്പുഴ




തുടരും...